സ്ഥിരവാസികൾക്കുള്ള ആധാർ കൈപ്പുസ്തകം

ഉള്ളടക്കപ്പട്ടിക

1. ആമുഖം..........................................................................................3

1.1 ആധാർ അവലോകനം. ......................... .............................3

1.2 ആർക്കാണ് ആധാർ ലഭ്യമാകുക? ......................................4

1.2.1 ഭാരതത്തിലെ സ്ഥിരവാസികൾക്കായുള്ള ആധാർ..........4

1.2.2 പ്രവാസികൾക്കുള്ള ആധാർ................................................4

1.3 ആധാർ സവിശേഷതകൾ........................................................4

1.3.1 സർവോപരി, ആധാർ ഒരു തിരിച്ചറിയൽ ഉപാധി..............4

1.4 ആധാർ ഉപയോഗം...................................................................4

2. ആധാറിനായി എങ്ങനെ പേരു ചേർക്കാം? ...............................5

2.1 പേരുചേർക്കൽ പ്രക്രിയ.............................................................5

2.2 ആധാറിനായി പേരുചേർക്കുമ്പോൾ ഓർത്തിരിക്കേണ്ട
വസ്തുതകൾ...............................................................................7

2.3 ആധാർ പേരുചേർക്കൽ കേന്ദ്രം..............................................7

2.3.1 നിങ്ങളുടെ സമീപത്തെ ആധാർ കേന്ദ്രം കണ്ടെത്തുക....7

2.3.2 പേരുചേർക്കൽ കേന്ദ്രങ്ങളുടെ തരങ്ങൾ .............................8

2.4 ഓൺലൈനായുള്ള മുൻകൂർ തീയതി-സമയ നിർണയ
സേവനം ...........................................................................................8

2.4.1 ആധാർ സേവനങ്ങൾക്കുള്ള മുൻകൂർ തീയതി-സമയ
നിർണയം ..............................................................................................8

2.4.2 ഓൺലൈനായി മുൻകൂർ തീയതി-സമയ നിർണയം എങ്ങനെ മുൻകൂട്ടി ഉറപ്പാക്കാം? ....................................................................9

2.5 ആധാർ നിർമിതി നില.............................................................9

2.5.1 ആധാർ എൻറോൾമെൻറ് നില പരിശോധിക്കൽ

2.5.2 ഇഐഡി നഷ്ടപ്പെട്ടാൽ എന്തു ചെയ്യണം? ...........9

3. ആധാർ പരിഷ്ക്കരണം..........................................................9.

3.1 പരിഷ്ക്കരണത്തിന് ആവശ്യമായ രേഖകൾ....................10

3.2 ഓൺലൈനായി മേൽവിലാസം പരിഷ്ക്കരിക്കാനുള്ള

സൗകര്യം ..................................................................................10

3.2.1 ഡോക്യുമെന്റ് ഉപയോഗിച്ച് ഡെമോഗ്രാഫിക് വിശദാംശങ്ങൾ ഓൺലൈനിൽ അപ്ഡേറ്റുചെയ്യുന്നു..................................................................10

3.2.2 എസ് എസ് യു പി വഴി അപ്ഡേറ്റ് അഭ്യർത്ഥന നിരസിക്കുന്നത് ഒഴിവാക്കാൻ പോയിന്റുകൾ പരിശോധിക്കുക.......11

3.3 കുട്ടികൾക്കായുള്ള നിർബന്ധിത ബയോമെട്രിക്ക്

പരിഷ്ക്കരണം ..........................................................................11

3.4 ആധാർ മേൽവിലാസത്തിലെ 'കെയർ ഓഫ്' മണ്ഡലം

പരിഷ്ക്കരിക്കൽ........................................................................11

3.5 പരിഷ്ക്കാരത്തവണകളുടെ പരിധി.................................11

3.6 ആധാർ പരിഷ്ക്കരണത്തിനുള്ള അസാധാരണ

പ്രക്രിയ ..........................................................................................12

3.7 ആധാർ താൽക്കാലികമായി റദ്ദാക്കിയാലുള്ള

പരിഷ്ക്കരണം...........................................................................12

3.8 പരിഷ്ക്കരണനില പരിശോധന......................................12

3.9 ആധാർ പരിഷ്ക്കരണത്തിനു ഓർമിക്കേണ്ട വസ്തുതകൾ.....13

3.10 ആധാറിൽ നിന്ന് പുറത്തുകടക്കുക

4 ആധാറിൽ പേരുചേർക്കാൻ/ ആധാർ പരിഷ്ക്കരിക്കാൻ വേണ്ട സാധുവായ രേഖകളുടെ പട്ടിക ........................................................13

5 ആധാറിൽ പേരുചേർക്കാൻ/ ആധാർ പരിഷ്ക്കരിക്കാൻ വേണ്ട

ചാർജുകൾ/ഫീസ് ................................................................14

5.1 ആധാറിൽ പേരുചേർക്കാനുള്ള/ ആധാർ പരിഷ്ക്കരിക്കാനുള്ള

പത്രികയ്ക്ക് ചാർജില്ല ....................................................................14

5.2 ആധാർ കേന്ദ്രം അധികം പണമീടാക്കിയാൽ എങ്ങനെ

പരാതിപ്പെടണം?..............................................................................14

6 ആധാർ കയ്യിൽ കരുതുക...............................................................15

6.1 ആധാർ കത്ത്....................................................................15

6.2 ആധാർ ഡൗൺലോഡ് ചെയ്യുക............................................................15

6.3.1 ആധാർ ഡൗൺലോഡ് ചെയ്യാനുള്ള ഒറ്റത്തവണ പാസ്‌വേഡ്

..........................................................15

6.3.2 ഇ-ആധാറിലെ ഡിജിറ്റൽ ഒപ്പ്
അംഗീകരിക്കൽ.........................................................15.

6.3.3 ഡൗൺലോഡ് ചെയ്ത ആധാർ നിയമപരമായി സാധുതയുള്ളത്

..........................................................15

6.3.4 ഇ ആധാറിന്റെ സവിശേഷതകൾ

6.4 ആധാർ പിവിസി കാർഡ്

6.5 എംആധാർ മൊബൈൽ ആപ്പ്.........................................................15

6.4 ആധാർ പുനർ മുദ്രണം.........................................................16

7 ആധാർ പരിശോധന.........................................................16

7.1 ഓൺലൈനായുള്ള ആധാർ പരിശോധന.........................................................16

7.2 ആധാറിലെ ക്യുആർ കോഡ്
സുരക്ഷിതമാക്കുക.........................................................17

8 ഓൺലൈനായുള്ള ആധാർ
സേവനങ്ങൾ.........................................................17

8.1 ഓൺലൈനായുള്ള ആധാർ സേവനങ്ങൾ (രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ
വേണ്ടാത്തവ).........................................................17

8.2 ഓൺലൈനായുള്ള ആധാർ സേവനങ്ങൾ (രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ
വേണ്ടവ).........................................................17

8.3 നിരന്തരം ചോദിക്കുന്ന ചോദ്യങ്ങൾ.........................................................18

9 നിങ്ങളുടെ ആധാർ വിവരങ്ങളുടെ സ്വകാര്യതയും സുരക്ഷയും.......................................................... 18

9.1 സ്വകാര്യതയും വിവരങ്ങളും സംരക്ഷിക്കുന്ന യുഐഡിഎഐ........................................................18

9.2 കേന്ദ്ര തിരിച്ചറിയൽ വിവര സംഭരണി (സിഐഡിആർ)യിലെ വിവരസുരക്ഷ .........................................................19

9.3 നിങ്ങളുടെ ആധാർ വിവരങ്ങളെ എങ്ങനെ നിങ്ങൾക്ക് കൂടുതൽ സംരക്ഷിക്കാം?.........................................................19

10 പരാതി കൈകാര്യം ചെയ്യൽ.........................................................20

10.1 ആധാർ സമ്പർക്ക കേന്ദ്രം - ഹെൽപ്പ്ലൈൻ 1947..........................................................20

10.2 ഇമെയിലിലൂടെ സഹായം.........................................................20

10.3 ആധാർ വെബ്സൈറ്റ്.........................................................20

10.4 ആധാർ ചാറ്റ്ബോട്ട്.........................................................21

10.5 സാമൂഹിക മാദ്ധ്യമങ്ങൾ.........................................................21

10.5.1 ഔദ്യോഗിക സാമൂഹിക മാദ്ധ്യമ വിവരങ്ങൾ.........................................................21

10.5.2 വ്യാജവിവരങ്ങളെ/ യൂസർ അക്കൗണ്ടുകളെ സൂക്ഷിക്കുക.........................................................23

10.6 ആധാറി□□□□ പ്രാദേശിക കാര്യാലയങ്ങൾ.........................................................23

11 ആധാർ നിയമം 2016.......................................................... 24

12 പേരുചേർക്കലും പരിഷ്ക്കരണവും സംബന്ധിച്ച് 2016ലെ ആധാർ നിയമങ്ങളിലെ പ്രസക്ത വകുപ്പ്..........................................................25

12.1 അദ്ധ്യായം 2 - സ്ഥിരവാസികളുടെ പേരുചേർക്കൽ പ്രക്രിയ........................................................25

12.2 അദ്ധ്യായം 4 - സ്ഥിരവാസികളുടെ വിവര പരിഷ്ക്കരണം.......................................................... 26

12.3 അദ്ധ്യായം 6 - ആധാർ നമ്പർ, തിരിച്ചറിയൽ വിവരങ്ങൾ എന്നിവ ഉപേക്ഷിക്കൽ/നിർജീവമാക്കൽ ....................................................27

13 അനുബന്ധം......................................................... 29

13.1 അനുബന്ധം 1 - സാധുതയുള്ള ഉപോദ്ബലക രേഖകളുടെ പട്ടിക

........................................................29

13.2 അനുബന്ധം 2 - ആധാറിൽ പേരുചേർക്കാനുള്ള/പരിഷ്ക്കരിക്കാനുള്ള സാക്ഷ്യപത്ര മാതൃക......................................................29

13.3 അനുബന്ധം III - എങ്ങനെ പൂരിപ്പിക്കാം (ആധാർ എൻറോൾമെന്റിനുള്ള സർട്ടിഫിക്കറ്റ് / അപ്ഡേറ്റ്)

13.4 അനുബന്ധം 3 - പേരുചേർക്കൽ പത്രിക.......................................................29

13.5 ആധാർ ട്യൂട്ടോറിയൽ വിഡിയോകൾ......................................................29

13.6 ഓൺലൈനായുള്ള ആധാർ സേവനങ്ങൾ......................................................29

13.7 സാമൂഹിക മാദ്ധ്യമങ്ങളിലെ ആധാർ......................................................29

**ആമുഖം**

പ്രിയമുള്ള സ്ഥിരവാസി,

ആധാർ കുടുംബത്തിലേയ്ക്ക് സ്വാഗതം! ആധാർ സംബന്ധിച്ച വിവരങ്ങൾക്കുള്ള നിങ്ങളുടെ മാർഗദർശിയായി വർത്തിക്കുവാൻ ആണ് ആധാർ കൈപ്പുസ്തകം രൂപകൽപന ചെയ്തിരിക്കുന്നത്. ഈ രേഖ മുഴുവൻ വായിക്കുവാനും ആധാറി□□□□അർത്ഥവും ഉദ്ദേശ്യവും മനസ്സിലാക്കുവാനും ഞങ്ങൾ താങ്കളോട് അഭ്യർത്ഥിക്കുന്നു.

താങ്കളുടെ ആധാറിനെക്കുറിച്ച് മനസ്സിലാക്കുവാൻ ഈ കൈപ്പുസ്തകം സഹായിക്കും. ആധാർ എങ്ങനെ ലഭിക്കും എന്നു മുതൽ താങ്കളുടെ ആധാറിലെ എന്തെങ്കിലും വിശദാംശങ്ങൾ എങ്ങനെ പരിഷ്ക്കരിക്കണമെന്നതു വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഈ കൈപ്പുസ്കം ഉത്തരം നൽകുന്നു. ആധാർ പ്രക്രിയകൾ, ആധാറുമായി ബന്ധപ്പെട്ട സേവനങ്ങൾ എന്നിവയുടെ വിശദമായ വിവരണങ്ങളും നിങ്ങൾക്കു കാണാനാകും. കൂടാതെ, ഓരോ വിഭാഗത്തിലും നിങ്ങൾക്ക് ക്യുആർ കോഡും കാണാം. ബന്ധപ്പെട്ട വെബ് പേജ് സന്ദർശിക്കാനായി താങ്കളുടെ സ്മാർട്ട് ഫോണിലെ ഏത് ക്യുആർ കോഡ് സ്കാനർ ആപ്പ് ഉപയോഗിച്ചും ആവശ്യമായ ക്യുആർ കോഡ് സ്കാൻ ചെയ്യാം.

ആധാർ ലോകത്തിലേക്കുള്ള ഒരു എത്തിനോട്ടം, ബന്ധപ്പെട്ട പ്രക്രിയകൾ, താങ്കൾക്കു ലഭ്യമായ സേവനങ്ങൾ, താങ്കൾക്കു മാത്രമുള്ള സവിശേഷമായ 12 അക്ക നമ്പറി□□□□ ശക്തി എന്നവയോടൊപ്പം താങ്കളുടെ ആധാർ യാത്ര ആരംഭിക്കാം.

### 1.1 ആധാർ എന്നാലെന്ത്?

യുണീക്ക് ഐഡ□□□□ഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യുഐഡിഎഐ) നിർദേശിച്ചിട്ടുള്ള പരിശോധന പ്രക്രിയ (2-ാ ാം വകുപ്പിൽ വിവരിച്ചിട്ടുണ്ട്) നിറവേറ്റിയ ശേഷം ഭാരതത്തിലെ സ്ഥിരവാസികൾക്ക് അതോറിറ്റി നൽകുന്ന 12 അക്ക സവിശേഷ തിരിച്ചറിയൽ നമ്പറാണ് ആധാർ.

### 1.2 ആർക്കാണ് ആധാർ ലഭിക്കുക?

സ്ഥിരവാസിയോ പ്രവാസിയോ ആയ ഏതൊരു ഭാരതീയനും വയസ്സ്-ലിംഗ ഭേദമന്യെ ആധാർ നമ്പർ ലഭിക്കാനായി പേരു ചേർക്കാവുന്നതാണ്. ഡെമോഗ്രഫിക്കും ബയോമെട്രിക്കുമായ ഇരട്ടിപ്പ് ഇല്ലാതാക്കൽ പ്രക്രിയയിലൂടെയാണ് പ്രസ്തുത സവിശേഷത കൈവരിക്കുന്നത് എന്നതിനാൽ ഒരു വ്യക്തിക്ക് ഒരു ആധാർ നമ്പർ മാത്രമാണ് സൃഷ്ടിക്കപ്പെടുന്നത്.

സന്ദേശച്ചിമിഴ്: താങ്കൾക്ക് ഒരിക്കൽ നൽകിയ ആധാർ നമ്പർ എക്കാലവും താങ്കൾക്കുള്ളതായിരിക്കും.

#### 1.2.1 ഭാരതത്തിലെ സ്ഥിരവാസികൾക്കായുള്ള ആധാർ

താങ്കൾ ഭാരതത്തിലെ സ്ഥിരവാസിയാണെങ്കിൽ, ആധാറിനായി പേരു ചേർക്കാൻ താങ്കൾ അർഹനാണ്. ആധാറിനായി പേരു ചേർക്കാനുള്ള അപേക്ഷാത്തീയതിക്കു തൊട്ടുമുൻപുള്ള 12 മാസക്കാലയളവിൽ മൊത്തം 182 ദിവസമോ അതിലേറെയോ വരുന്ന കാലയളവോ കാലയളവുകളോ താങ്കൾ ഭാരതത്തിൽ താമസിച്ചിട്ടുണ്ട് എന്നാണ് നിർവചനപ്രകാരം ഇതിനർത്ഥം.

#### 1.22 പ്രവാസികൾക്കുള്ള ആധാർ

താങ്കൾ ഒരു പ്രവാസി ഭാരതീയനാണെങ്കിൽ, താങ്കൾക്ക് ഭാരതീയ പാസ് പോർട്ടുണ്ടെങ്കിൽ ആധാറിനായി പേരു ചേർക്കാവുന്നതാണ്. പ്രവാസി ഭാരതീയർക്ക് നിർബന്ധിത 182 ദിവസങ്ങൾ എന്നതു ബാധകമല്ല. ഒരു ആധാർ എൻറോൾമെൻറ് കേന്ദ്രം സന്ദർശിച്ച് പ്രവാസി ഭാരതീയനെന്ന നിലയിൽ താങ്കൾക്ക് പേരു ചേർക്കാവുന്നതാണ്. പ്രവാസി ഭാരതീയർക്ക് തിരിച്ചറിയൽ

രേഖയെന്ന നിലയിൽ (പിഐഐ) പാസ്പോർട്ട് നിർബന്ധമാണ്. യുഐഡിഎഐ) അംഗീകരിച്ചിട്ടുള്ള രേഖകളിൽ നിന്ന് അപേക്ഷകന് മറ്റേതെങ്കിലും ഭാരതീയ മേൽവിലാസ രേഖ (പിഒഎ) തിരഞ്ഞെടുക്കാവുന്നതാണ്. ഈ കൈപ്പുസ്തകത്തിലെ അനുബന്ധം 1ൽ വകുപ്പ് 13.1 പരിശോധിക്കുക.

**സന്ദേശച്ചിമിഴ്:** പ്രവാസി ഭാരതീയരുടെ ആധാറിനുള്ള പേരുചേർക്കലിന് തിരിച്ചറിയൽ രേഖയെന്ന നിലയിൽ ഭാരതീയ പാസ്പോർട്ട് നിർബന്ധിതമാണ്.

### 1.3 ആധാർ സവിശേഷതകൾ

#### 1.3.1 ആധാർ തിരിച്ചറിയാനുള്ള സൂചകം

ആധാർ എന്നത് ഒരു വ്യക്തിക്കു നൽകുന്ന 12 അക്ക സവിശേഷ നമ്പറാണ്. ഒരു സ്ഥിരവാസിയെ തിരിച്ചറിയുന്നതിനായി ഡെമോഗ്രഫിക്ക് വിവരങ്ങളും (പേര്, ജനനത്തീയതി, ലിംഗം, മേൽവിലാസം) ബയോമെട്രിക്ക് വിവരങ്ങളായ മുഖത്തിന്റെ ചിത്രം, വിരലടയാളങ്ങൾ, മിഴിപടലങ്ങൾ) എന്നിവയും ആധാർ ഉപയോഗിക്കുന്നു. ഈ ഇനം വിവരങ്ങൾ നിർബന്ധിതമാണ്. കൂടാതെ, താങ്കളുടെ മൊബൈൽ നമ്പറും ഇമെയിലും നൽകുവാനുള്ള സ്വാതന്ത്ര്യവുമുണ്ട്. ഈ വിശദാംശങ്ങൾ കൂടി നൽകണമെന്നാണ് ഞങ്ങൾ താങ്കളോടു ശുപാർശ ചെയ്യുന്നത്.

#### 1.3.2 ആധാർ എന്നത് ഒരു തിരിച്ചറിയൽ ഉപാധി മാത്രം

ആധാർ നമ്പർ ഒരു തിരിച്ചറിയൽ രേഖയാണ്. ആധാർ നമ്പർ ഉടമായ്ക്ക് പൗരത്വത്തിനോ സ്ഥിരവാസത്തിനോ ഉള്ള അവകാശം അതു നൽകുന്നില്ല. താങ്കളുടെ ആധാർ എന്നത് ഗ്രഹണശേഷിയില്ലാത്ത ക്രമരഹിത നമ്പറാണ്. ജാതി, മതം, വരുമാനം, ആരോഗ്യം ഭൂമിശാസ്ത്രം എന്നിവയുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ വിശദാംശങ്ങൾ തയാറാക്കാൻ അതിനെ ഉപയോഗിക്കാൻ കഴിയില്ല.

### 1.4 ആധാറിന്റെ ഉപയോഗം

ആധാർ സംവിധാനം സ്ഥിരവാസികൾക്കായി രാജ്യമെമ്പാടുമായി ഏക സ്രോതസ്സുള്ള ഓഫ്ലൈൻ/ഓൺലൈൻ തിരിച്ചറിയൽ നിർണയം ഒരുക്കിയിട്ടുണ്ട്. താങ്കൾ പേര് ചേർക്കുമ്പോൾ, ഇലക്ട്രോണിക്ക് മാർഗമോ ഓഫ്ലൈൻ പരിശോധനയോ മുഖേന തിരിച്ചറിയൽ വിവരങ്ങളെ പ്രമാണീകരിക്കാനും സ്ഥാപിക്കാനും താങ്കളുടെ ആധാർ നമ്പർ ഉപയോഗിക്കാനാവും. സേവനങ്ങൾ, ആനുകൂല്യങ്ങൾ, ധനസഹായങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുവാനും ആഗ്രഹിക്കുമ്പോഴൊക്കെ തിരിച്ചറിയൽ രേഖകൾ നൽകേണ്ടതിന്റെ ആവശ്യകത ആധാർ ഒഴിവാക്കുന്നു.

സന്ദേശച്ചിമിഴ്: എപ്പോഴും എവിടെയും ഓൺലൈനായി ആധാർ പ്രമാണീകരണത്തിലൂടെ നിർണയിക്കാവുന്നതും കൈവശം വയ്ക്കാവുന്നതുമായ ഒരു തിരിച്ചറിയൽ രേഖ ആധാർ ലഭ്യമാക്കുന്നു.

**2. ആധാറിനായി പേരു ചേർക്കുന്നതെങ്ങനെ?**

ആധാർ ലഭിക്കുന്നതിനായി തീർത്തും സൗജന്യമായ പേരുചേർക്കൽ പ്രക്രിയയ്ക്കിടെ ഡെമോഗ്രഫിക്ക്-ബയോമെട്രിക്ക് സംബന്ധമായ ചുരുങ്ങിയ വിവരങ്ങൾ നൽകി താങ്കൾക്ക് പേരു ചേർക്കാവുന്നതാണ്. ആധാറിനായി ഒരിക്കൽ മാത്രം പേരു ചേർത്താൽ മതിയാകും എന്നത് ശ്രദ്ധിക്കുക.

**2.1 പേരു ചേർക്കൽ പ്രക്രിയ**

താങ്കൾ സ്ഥിരവാസിയോ പ്രവാസി ഭാരതീയനോ ആയിക്കൊള്ളട്ടെ, താഴെ വിവരിച്ചിട്ടുള്ള പ്രക്രിയകൾ പാലിച്ചുകൊണ്ട് ആധാർ നമ്പർ ലഭിക്കാനായി താങ്കൾക്കു പേരുചേർക്കാവുന്നതാണ്:

- ഒരു ആധാർ എൻറോൾമെൻറ് കേന്ദ്രം സന്ദർശിക്കുക
- ആധാർ പേരുചേർക്കൽ പത്രിക പൂരിപ്പിക്കുക
- ഡെമോഗ്രഫിക്ക്-ബയോമെട്രിക്ക് വിവരങ്ങൾ നൽകുക
- ഓപ്പറേറ്റർക്ക് സ്കാൻ ചെയ്യുന്നതിനായി സാധുതയുള്ള തിരിച്ചറിയൽ തെളിവുരേഖ, മേൽവിലാസ തെളിവുരേഖ, ജനനത്തീയതി തെളിവുരേഖ എന്നിവ സമർപ്പിക്കുക
- താങ്കൾക്ക് അസ്സൽ രേഖകളും കൈപ്പറ്റു രസീതും വാങ്ങുക

കുടുംബനാഥനിൽ/നാഥയിൽ അധിഷ്ഠിതമായ പേരുചേർക്കലിനു കീഴെയാണ് സ്ഥിരവാസി പേരുചേർക്കുന്നതെങ്കിൽ

(വകുപ്പ് 2.1.1.2 പരിശോധിക്കുക). അയാൾ/അവർ ബന്ധുത്വ തെളിവുരേഖ മാത്രമേ നൽകേണ്ടതുള്ളൂ.

ആധാർ പേരുചേർക്കൽ പത്രിക ഡൗൺലോഡ് ചെയ്യാൻ സ്കാൻ ചെയ്യുക:

https://uidai.gov.in/images/aadhaar_enrolment_correction_form_version_2.1.pdf

സമീപമുള്ള ആധാർ പേരുചേർക്കൽ കേന്ദ്രത്തിന്റെ വിശദാംശങ്ങൾ ലഭിക്കാൻ സ്കാൻ ചെയ്യുക:

https://appointments.uidai.gov.in/easearch.aspx

സന്ദേശച്ചിമിഴ്: അസ്സൽ രേഖകളുമായി ആധാർ കേന്ദ്രത്തിലേക്കു പോകുക. ഇവ സ്കാൻ ചെയ്ത ശേഷം താങ്കൾക്കു മടക്കിത്തരുന്നതാണ്. ഫോട്ടോകോപ്പി ആവശ്യമില്ല.

തങ്ങളുടെ പേരിൽ ആവശ്യമായ രേഖകളില്ലാത്ത കുടുംബാംഗങ്ങൾ/ഭവനരഹിതർ/അനാഥർ തുടങ്ങിയ സ്ഥിരവാസികൾക്ക് അല്ലെങ്കിൽ, ആവശ്യമായ ബയോമെട്രിക്ക് വിശദാംശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തതും ബയോമെട്രിക്ക് വ്യത്യസ്തകൾ ഉള്ളതുമായ സ്ഥിരവാസികൾക്ക് മേൽപ്പറഞ്ഞ പ്രക്രിയയിൽ വ്യത്യസ്തകൾ ഉണ്ടായിരിക്കും. പേരുചേർക്കലിന്റെ ഓരോ അവസ്ഥയും താഴെ വിശദമാക്കിയിട്ടുണ്ട്:

**2.1.1.1 രേഖാധിഷ്ഠിത പേരുചേർക്കൽ**

പേരുചേർക്കൽ പത്രികയിലോ യുഐഡിഎഐ വെബ്സൈറ്റലോ (വകുപ്പ് 13.1, അനുബന്ധം 1 പരിശോധിക്കുക) ലഭ്യമായ അംഗീകൃത രേഖകളുടെ പട്ടിക പ്രകാരം സാധുതയുള്ള തിരിച്ചറിയൽ തെളിവും സാധുതയുള്ള മേൽവിലാസ തെളിവും ഹാജരാക്കി താങ്കൾക്ക് ആധാറിനായി പേരു ചേർക്കാവുന്നതാണ്.

- തിരിച്ചറിയൽ തെളിവ് നിർബന്ധിതം
- മേൽവിലാസ തെളിവ് നിർബന്ധിതം
- ജനനത്തീയതി തെളിവ് - യുഐഡിഎഐയുടെ പട്ടിക പ്രകാരമുള്ള ജനനത്തീയതിയുടെ സാധുതയുള്ള രേഖകളിലൊന്ന് താങ്കൾ സമർപ്പിക്കേണ്ടതാണ്. അതില്ലാത്തപക്ഷം, താങ്കൾക്ക് താങ്കളുടെ ജനനത്തീയതി പ്രഖ്യാപിക്കുകയോ ഏകദേശ വയസ്സ് നൽകുകയോ ചെയ്യേണ്ടതാണ്.

താങ്കളുടെ കൈവശം സാധുതയുള്ള രേഖയുണ്ടെങ്കിൽ, ആധാറിനായി പേരുചേർക്കാൻ അത് ഹാജരാക്കേണ്ടതാണ്. താങ്കളുടെ പേരിലുള്ള രേഖകളില്ലെങ്കിൽ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകിയ സാക്ഷ്യപത്രവും ഉപയോഗിക്കാനാവും (അനുബന്ധം 2 പരിശോധിക്കുക). ഈ സാക്ഷ്യപത്രത്തിനായി യുഐഡിഎഐ ഒരു അടിസ്ഥാന മാതൃക

നിശ്ചയിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് സ്വീകാര്യമായ ഉപോദ്ബലക രേഖകളുടെ പട്ടികയ്ക്ക് പരിശോധിക്കുക:

https://uidai.gov.in/images/commdoc/valid_documents_list.pdf

ഉപോദ്ബലക രേഖകളുടെ പട്ടികയ്ക്ക് പരിശോധിക്കുക:

https://appointments.uidai.gov.in/easearch.aspx

സന്ദേശച്ചിമിഴ്: ആധാറിൽ പേര് ചേർക്കാൻ ഹാജരാക്കുന്ന രേഖയിൽ താങ്കളുടെ പേരുണ്ടായിരിക്കണം.

#### 2.1.1.2 കുടുംബനാഥയിൽ/നാഥനിൽ അധിഷ്ഠിതമായ പേരു ചേർക്കൽ

വ്യക്തിഗത രേഖകൾ ലഭ്യമല്ലെങ്കിൽ, കുടുംബനാഥയിൽ/നാഥനിൽ അധിഷ്ഠിതമായ പേരു ചേർക്കലിന് ഇനിപ്പറയുന്ന വിശദാംശങ്ങൾ നൽകി പേരുചേർക്കാവുന്നതാണ്:

- കുടുംബനാഥയുടെ/നാഥ ന്റെ പേര്
- സ്ഥിരവാസിയുടെയും കുടുംബനാഥയുടെയും/നാഥന്റെയും ബന്ധുത്വ തെളിവ്
- കുടുംബനാഥയുടെ/നാഥ ന്റെ ആധാർ നമ്പർ
- പേരുചേർക്കൽ വേളയിലെ കുടുംബനാഥയുടെ/നാഥ ന്റെ ബയോമെട്രിക്ക് സ്ഥിരീകരണം

**സന്ദേശച്ചിമിഴ്:** കുടുംബനാഥയിൽ/നാഥനിൽ അധിഷ്ഠിതമായ പേരു ചേർക്കലിന്, പേരുപേർക്കുന്ന വേളയിൽ കുടുംബനാഥ/നാഥൻ ത□□□□ ബയോമെട്രിക്ക് സ്ഥിരീകരണം നൽകേണ്ടതുണ്ട്.

#### 2.1.1.3 അവതാരകാധിഷ്ഠിത പേരുചേർക്കൽ

മേൽപ്പറഞ്ഞ രേഖകളൊന്നും തന്നെ താങ്കളുടെ കൈവശമില്ലെങ്കിൽ, അവതാരകാധിഷ്ഠിത പേരു ചേർക്കലിനു കീഴിൽ താങ്കൾക്കു പേരു ചേർക്കാവുന്നതാണ്. രജിസ്ട്രാർ നിയമിച്ചതും അധികാരപ്പെടുത്തിയതുമായ ഉദ്യോഗസ്ഥരാണ് 'അവതാരകർ'. അവർ താഴെപ്പറയുന്നവരായിരിക്കും:

- രജിസ്ട്രാറുടെ സ്വന്തം ജീവനക്കാർ
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

· തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങൾ

· പോസ്റ്റ്മാൻ

· അദ്ധ്യാപകരെപ്പോലെ സ്വാധീനിക്കുന്ന വ്യക്തികൾ

· ആരോഗ്യ പ്രവർത്തകർ

· ഡോക്റ്റർമാർ

· അങ്കണവാടി/ ആശ പ്രവർത്തകർ

· പ്രാദേശിക സർക്കാതേര സംഘടനകളുടെ പ്രതിനിധികൾ

അവതാരകാധിഷ്ഠിത പേരു ചേർക്കൽ വേളയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഇവയാണ്:

· അവതാരകന്റെ പേര്

· അവതാരകന്റെ ആധാർ നമ്പർ

· അവതാരകന്റെ ബയോമെട്രിക്ക് വിവരങ്ങളുടെ നടപടിക്രമങ്ങളിലൊന്ന്

**2.1.1.4 കുട്ടികളുടെ പേരുചേർക്കൽ**

നിങ്ങളുടെ കുട്ടിക്ക് ഒരു അദ്വിതീയ വ്യക്തിത്വം സമ്മാനിക്കുക

ശിശുക്കളെപ്പോലും ആധാറിനായി ചേർക്കാം

നവജാത ശിശുക്കൾ ഉൾപ്പെടെയുള്ള കുട്ടികൾക്ക് ആധാറിനായി പേരുചേർക്കാവുന്നതാണ്. പേരു ചേർക്കുന്ന കുട്ടിയുടെ വയസ്സിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന രണ്ടുരീതികളാണ് കുട്ടികളുടെ പേരുചേർക്കലിനായി പിന്തുടരുന്നത്:

**അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികൾക്ക്**

ഒരു കുട്ടി (നവജാത ശിശു മുതൽ അഞ്ചുവയസ്സുവരെയുള്ളവർ)യുടെ പേരുചേർക്കാൻ കുട്ടിയുടെ മാതാപിതാക്കളിൽ ഒരാളുടെയോ രക്ഷാകർത്താവിന്റെയോ ആധാർ പ്രമാണീകരണം ആവശ്യമാണ്. പേരുചേർക്കൽ വേളയിൽ അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ ബയോമെട്രിക്ക് വിവരങ്ങൾ രേഖപ്പെടുത്തില്ല. കുട്ടിയുടെ പേര്, ജനനത്തീയതി, ലിംഗം, ഫോട്ടോ എന്നിവയാണ് രേഖപ്പെടുത്തുന്നതാണ്. ഈ കുട്ടികളുടെ ആധാർ അവരുടെ മാതാപിതാക്കളിൽ ഒരാളുടെ/രക്ഷാകർത്താവിന്റെ ആധാറുമായി ബന്ധിപ്പിച്ചിരിക്കുന്നു. മാതാപിതാക്കളിൽ ഒരാൾ/രക്ഷാകർത്താവ് കുട്ടിയെയും

കൊണ്ട് ഇനിപ്പറയുന്ന രേഖകളുമായി സമീപത്തെ ആധാർ എൻറോൾമെൻറ് കേന്ദ്രത്തിലേക്ക് പോകേണ്ടതാണ്:

· കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്: ജനന രജിസ്ട്രാർ, മുനിസിപ്പൽ കോർപ്പറേഷൻ അല്ലെങ്കിൽ, താലൂക്ക്, തഹസിൽ പോലെ മറ്റേതെങ്കിലും പ്രാദേശിക സർക്കാർ സ്ഥാപനങ്ങൾ നൽകിയ കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് അല്ലെങ്കിൽ

· ഡിസ്ചാർജ് കാർഡ്/സ്ലിപ്പ്: ശിശു ജനനത്തിന് സർക്കാർ ആശുപത്രി നൽകുന്ന ഡിസ്ചാർജ് കാർഡ്/സ്ലിപ്പ്.

താങ്കളുടെ ആധാറിലെ ഇപ്പോഴത്തെ മേൽവിലാസം പുതുക്കാനും പുതിയ മേൽവിലാസം കുട്ടിയുടെ ആധാറിൽ ഉൾപ്പെടുത്താനും ആധാറിനായി കുട്ടിയുടെ പേര് ചേർക്കും മുമ്പ് താങ്കളുടെ വിശദാംശങ്ങൾ പരിഷ്ക്കരിക്കാൻ ഓർമിക്കുക. ആധാർ പുതുക്കിയാൽ, താങ്കൾക്കു കുട്ടിയെ ആധാറിൽ പേരുചേർക്കാൻ കൊണ്ടുപോകാം. ഇതിനായി താങ്കളുടെ പുതുക്കിയ ആധാർ ഉപയോഗിക്കാം.

**5-18 വയസ്സുകൾക്കു മദ്ധ്യേ പ്രാ.യമുള്ള കുട്ടികൾക്കായി:** കുട്ടിയുടെ പേര് ചേർക്കാൻ ഇനിപ്പറയുന്ന രേഖകളുമായി മാതാവിന്/പിതാവിന്/രക്ഷാകർത്താവിന് കുട്ടിയുമായി സമീപത്തെ ആധാർ കേന്ദ്രത്തിലേക്ക് പോകാവുന്നതാണ്:

· **കുട്ടിയുടെ സ്വന്തം രേഖകളുമായാണു പേരുചേർക്കുന്നതെങ്കിൽ** - കുട്ടിയുടെ സ്കൂൾ തിരിച്ചറിയൽ കാർഡ് (സ്കൂൾ ഐഡി) –(അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിയത്) അല്ലെങ്കിൽ, യുഐഡിഎഐക്കു സ്വീകാര്യമായ മറ്റേതെങ്കിലും രേഖ.

· **കുടുംബനാഥയിൽ/നാഥനിൽ അധിഷ്ഠിതമായ പേരുചേർക്കലിനു കീഴിൽ പേരു ചേർക്കുന്നുവെങ്കിൽ** – കുട്ടിക്കു സാധുതയുള്ള ഒരു സ്കൂൾ ഐഡിയോ പട്ടിയിൽ പറഞ്ഞിട്ടുള്ള രേഖയോ ഇല്ലെങ്കിൽ മാതാവിന്/പിതാവിന്/രക്ഷാകർത്താവിന് കുടുംബനാഥയിൽ/നാഥനിൽ അധിഷ്ഠിതമായ പേരുചേർക്കലിനു കീഴിൽ കുട്ടിയുടെ പേരുചേർക്കാവുന്നതാണ്. ഇതിനു ബന്ധുത്വ തെളിവുരേഖ ആവശ്യമാണ് (2.1.1.2 പരിശോധിക്കുക).

കുറിപ്പ്: പ്രായപൂർത്തിയാകാത്ത കുട്ടിയുടെ പേരു ആധാറിൽ ചേർക്കുന്നതിന് കുട്ടിക്കു വേണ്ടി മാതാവ്/പിതാവ്/രക്ഷാകർത്താവ് സമ്മതം നൽകണം.

**സന്ദേശച്ചിമിഴ്:** ആധാറിൽ ചേർക്കുന്നതിനു കുട്ടിയുടെ സ്കൂൾ ഐഡി ഉപയോഗിക്കാം.

### 2.1.1.4 ബയോമെട്രിക്ക് വ്യത്യസ്തയുള്ള സ്ഥിരവാസികളുടെ പേരുചേർക്കൽ

വിരൽ നഷ്ടപ്പെടുക, കണ്ണുനഷ്ടപ്പെടുക പോലെ ബയോമെട്രിക്ക് വ്യത്യസ്തയുള്ള സ്ഥിരവാസികളുടെ കാര്യത്തിൽ ഇനിപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ട്:

- പൂർണമായ ഡെമോഗ്രഫിക്ക് വിവരങ്ങൾ
- രണ്ടു മിഴിപടലങ്ങൾ രേഖപ്പെടുത്താൻ സാദ്ധ്യമല്ലെങ്കിൽ ഒരു മിഴിപടലം രേഖപ്പെടുത്തുക
- വിരൽ/വിരലുകൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അവശേഷിക്കുന്ന വിരലുകളുടെ അടയാളങ്ങൾ
- വ്യത്യസ്തത സൂചിപ്പിക്കുന്ന ഫോട്ടോ

### 2.2 ആധാറിനായി പേരു ചേർക്കുമ്പോൾ ഓർമിക്കേണ്ട കാര്യങ്ങൾ

- ഓരോ സ്ഥിരവാസിക്കും രണ്ടു ഭാഷകളിലായാണ് ആധാർ വിവരങ്ങൾ സൂക്ഷിച്ചിരിക്കുന്നത് - ഇംഗ്ളീഷിലും (സ്ഥിരം) പ്രാദേശിക ഭാഷയിലും (പേരുചേർക്കൽ സമയത്ത് സ്ഥിരവാസി തിരഞ്ഞെടുത്തത്). ഹിന്ദി, തെലുങ്ക്, തമിഴ്, കന്നട, മലയാളം, പഞ്ചാബി, മറാത്തി, ഗുജറാത്തി, ബംഗ്ള, ഒഡിയ, അസമീസ്, ഇംഗ്ളീഷ് എന്നീ ഭാഷകളിൽ നിന്ന് സ്ഥിരവാസിക്ക് ആവശ്യമായത് തിരഞ്ഞടുക്കാം.
- പേരുചേർക്കലിനുള്ള പത്രികയിൽ താങ്കൾ നൽകിയ വിശദാംശങ്ങൾ താങ്കളുടെ മുന്നിലുള്ള സ്ക്രീനിൽ ദൃശ്യമാണ്. ഓപ്പറേറ്റർ അവ സമർപ്പിക്കുന്നതിനു മുമ്പ് ഇംഗ്ളീഷിലും പ്രാദേശിക ഭാഷയിലുമായി അയാൾ രേഖപ്പെടുത്തിയ എല്ലാ വിശദാംശങ്ങളും താങ്കൾ പരിശോധിക്കേണ്ടത് പ്രധാനമാണ്. കൈപ്പറ്റുരസീത് ഒപ്പിടുന്നതിനു മുമ്പ് അതിലുള്ള വിശദാംശങ്ങൾ താങ്കൾക്ക് വീണ്ടും പരിശോധിക്കാവുന്നതാണ്.
- അതോറിറ്റി നിർദേശിക്കാത്ത പക്ഷം, ഒന്നിലേറെത്തവണ പേരുചേർക്കുന്നത് നിരസിക്കപ്പെടുമെന്നതിനാൽ സ്ഥിരവാസി ഒരിക്കൽ മാത്രം പേരുചേർത്താൽ മതിയാകും.
- ആധാർ നിർമിതിക്കുള്ള കാത്തിരിപ്പുകാലം സ്ഥിരവാസിയുടെ വിശദാംശ പാക്കറ്റു ലഭിച്ച് 90 ദിവസങ്ങൾ വരെയായി വ്യത്യാസപ്പെടാവുന്നതാണ്.

**സന്ദേശച്ചിമിഴ്:** ഓപ്പറേറ്റർ സമർപ്പിക്കുന്നതിനു മുമ്പ്, ആധാറിൽ പേര് ചേർക്കാനായി നൽകിയ ഇംഗ്ളീഷിലും പ്രാദേശിക ഭാഷയിലുമുള്ള താങ്കളുടെ വിശദാംശങ്ങൾ ശ്രദ്ധാപൂർവം പരിശോധിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തിക്കണം.

### 2.3 ആധാർ പേരുചേർക്കൽ കേന്ദ്രം

ആധാർ സേവനങ്ങൾ നൽകുന്നതിനായി രാജ്യത്തുടനീളം യുഐഡിഎഐ, ആധാർ പേരുചേർക്കൽ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ബാങ്കുകൾ, തപാൽ ഓഫീസുകൾ, ബിഎസ്എൻഎൽ കേന്ദ്രങ്ങൾ, ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ, നിയുക്ത സംസ്ഥാന സർക്കാർ ഓഫീസുകൾ, ഇതിനായി പ്രത്യേകമായിട്ടുള്ള എൻറോൾമെൻറ് കേന്ദ്രം എന്നിവടങ്ങളിൽ ഇത് ലഭ്യമാണ്. ഏത് ആധാർ പേരുചേർക്കൽ കേന്ദ്രം സന്ദർശിച്ചും താങ്കൾക്ക് ആധാറിനായി പേരുചേർക്കാവുന്നതാണ്. ഡെമോഗ്രഫിക്ക് വിശദാംശങ്ങളോ (പേര്, മേൽവിലാസം, ജനനത്തീയതി, ലിംഗം, മൊബൈൽ നമ്പർ, ഇമെയിൽ) ബയോമെട്രിക്ക് വിശദാംശങ്ങളോ (ഫോട്ടോ, വിരലടയാളങ്ങൾ, മിഴിപടലങ്ങൾ) പരിഷ്ക്കരിക്കുവാൻ താങ്കളുടെ ആധാറും സാധുതയുള്ള ഉപോദ്ബലക രേഖകളുമായി ഒരു കേന്ദ്രം സന്ദർശിക്കുക.

#### 2.3.1 താങ്കളുടെ സമീപത്തെ ആധാർ കേന്ദ്രം കണ്ടെത്തുക

താഴെപ്പറയുന്ന മാർഗങ്ങളിലൂടെ സമീപത്തെ ഏത് ആധാർ കേന്ദ്രത്തിന്റെ വിശദാംശങ്ങളും താങ്കൾക്കു ലഭിക്കുന്നതാണ്:

- 1947ൽ വിളിക്കുക
- https://appointments.uidai.gov.in/easearch.aspx എന്ന വെബ്സൈറ്റിൽ നിന്ന്
- എംആധാർ ആപ്പിൽ നിന്ന്
- ആധാർ കേന്ദ്രം എങ്ങനെ കണ്ടെത്താമെന്നതു സംബന്ധിച്ച ട്യൂട്ടോറിയൽ കാണാൻ സ്കാൻ ചെയ്യുക:
- http://youtu.be/Iw2qihwxUEO

#### 2.3.2 പേരുചേർക്കൽ കേന്ദ്രങ്ങളുടെ തരങ്ങൾ

നൽകുന്ന സേവനത്തിന്റെ രീതിയുടെ അടിസ്ഥാനത്തിൽ ആധാർ പേരുചേർക്കൽ കേന്ദ്രങ്ങളെ രണ്ടുവിഭാഗമായി തരംതിരിച്ചിരിക്കുന്നു. അവ താഴെപ്പറയുന്നു:

**2.3.2.1 രജിസ്ട്രാറിന്റെ ചുമതലയിലുള്ള** എൻറോൾമെൻറ്  കേന്ദ്രം
രാജ്യമെമ്പാടുമുള്ള ബാങ്കുകൾ, തപാൽ ഓഫീസുകൾ, ബിഎസ്എൻഎൽ കേന്ദ്രങ്ങൾ, ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ,  സംസ്ഥാന സർക്കാർ ഓഫീസുകൾ എന്നിവടങ്ങളിൽ ലഭ്യമായ  ആധാർ കേന്ദ്രങ്ങളാണിവ. ബന്ധപ്പെട്ട എൻറോൾമെന്റ് രജിസ്ട്രാർമാർക്കാണ് ഇവയുടെ നടത്തിപ്പു ചുമതല.

**2.3.2.2 യുഐഡിഎഐ ചുമതലയിലുള്ള ആധാർ സേവാകേന്ദ്രം**

യുഐഡിഎഐ ചുമതലയിലുള്ള സമർപ്പിത ആധാർ കേന്ദ്രങ്ങളായ ആധാർ സേവാ കേന്ദ്രങ്ങൾ അത്യാധുനിക അന്തരീക്ഷത്തിൽ സ്ഥിരവാസികൾക്ക് ആധാർ സേവനങ്ങൾ നൽകുന്നു.

ആധാർ സേവാ കേന്ദ്രത്തെക്കുറിച്ചുള്ള വിശദാംശങ്ങൾക്ക് സ്കാൻ ചെയ്യുക:

https://uidai.gov.in/ecosystem/enrolment-ecosystem/aadhaar-seva-kendra.html

**സന്ദേശച്ചിമിഴ്:** ആധാർ കേന്ദ്രങ്ങൾ പൊതു അവധികൾ ഒഴികെ ആഴ്ചയിൽ 7 ദിവസവും രാവിലെ 9.30 മുതൽ വൈകീട്ട് 5.30 വരെ പ്രവർത്തിക്കുന്നതാണ്. ഓരോ ആധാർ സേവാ കേന്ദ്രവും പ്രതിദിനം 250 മുതൽ 1000 സേവന അപേക്ഷകൾ വരെ കൈകാര്യം ചെയ്യാൻ ശേഷിയുള്ളവയാണ്.

**2.4 ഓൺലൈനായുള്ള തീയതി-സമയ മുൻകൂർ നിശ്ചയം**

ആധാറിനായി പേരുചേർക്കാനോ പരിഷ്ക്കരണത്തിനോ തീയതിയും സമയവും മുൻകൂറായി നിശ്ചയിക്കാനുള്ള ഓൺലൈൻ സൗകര്യവും യുഐഡിഎഐ നൽകുന്നു. താങ്കൾക്കോ കുടുംബാംഗത്തിനോ സുഹൃത്തിനോ തീയതി-സമയം മുൻകൂർ നിശ്ചയിക്കാനായി ഓൺലൈനായുള്ള മുൻകൂർ തീയതി-സമയ നിശ്ചയ സേവനം താങ്കൾക്ക് ഉപയോഗിക്കാവുന്നതാണ്.

**2.4.1 ആധാർ സേവനങ്ങൾക്കായുള്ള മുൻകൂർ തീയതി-സമയ നിശ്ചയം**

താഴെപ്പറയുന്ന ആധാർ സേവനങ്ങൾക്കായി ഒരു എൻറോൾമെൻറ് കേന്ദ്രത്തിലോ പട്ടികയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആധാർ കേന്ദ്രത്തിലോ മുൻകൂർ തീയതി-സമയം ഉറപ്പാക്കാനുള്ള സൗകര്യം ലഭ്യമാണ്:

- പുതിയ ആധാറിനായുള്ള പേരുചേർക്കൽ
- പേരുപരിഷ്ക്കരണം
- മേൽവിലാസ പരിഷ്ക്കരണം
- ജനനത്തീയതി പരിഷ്ക്കരണം
- ലിംഗ പരിഷ്ക്കരണം

· ബയോമെട്രിക്ക് (ഫോട്ടോ, വിരലടയാളങ്ങൾ, മിഴിപടലങ്ങൾ)പരിഷ്ക്കരണം

· മൊബൈൽ പരിഷ്ക്കരണം

· ഇമെയിൽ ഐഡി പരിഷ്ക്കരണം

ആധാറിൽ പേരുചേർക്കൽ/പരിഷ്ക്കരിക്കൽ പത്രിക ഓൺലൈനായി താങ്കൾ പൂരിപ്പിച്ച് സന്ദർശിക്കേണ്ട കേന്ദ്രവും സമയവും ഉറപ്പാക്കുകയും തിരഞ്ഞെടുത്ത ആധാർ കേന്ദ്രം സന്ദർശിക്കുകയും ചെയ്യുക. തീയതി-സമയം മുൻകൂർ നിശ്ചയിച്ച് ഉറപ്പാക്കിയതിന്റെ ഐഡിയും ക്യുആർ കോഡും അടങ്ങിയ കൈപ്പറ്റു രസീത് തന്നെയാണ് പേരുചേർക്കാനുള്ള/പരിഷ്ക്കരിക്കാനുള്ള താങ്കളുടെ പത്രികയും. കേന്ദ്രത്തിലേക്ക് പോകുമ്പോൾ സമയ ലാഭത്തിനായി അച്ചടിച്ച പകർപ്പ് താങ്കൾക്ക് കൈവശം വയ്ക്കാവുന്നതാണ്. ആധാർ സേവാ കേന്ദ്രങ്ങളിൽ പകർപ്പെടുക്കാനുള്ള സൗകര്യവുമുണ്ട്.

താങ്കളുടെ മുൻകൂർ സമയ നിശ്ചയത്തിനായി താഴെപ്പറയുന്ന വെബ്സൈറ്റ് സ്കാൻ ചെയ്യുക:

https://appointments.uidai.gov.in/bookappointment.aspx

**സന്ദേശച്ചിമിഴ്:** താങ്കൾക്കോ കുടുംബാംഗത്തിനോ സുഹൃത്തിനോ ഓൺലൈനിൽ സൗജന്യമായി തീയതി-സമയ നിശ്ചയം മുൻകൂർ നടത്തി സമയം ലാഭിക്കൂ.

**2.4.2 ഓൺലൈനായി എങ്ങനെ തീയതിയും സമയവും മുൻകൂർ ഉറപ്പാക്കാം?**

യുഐഡിഎഐ വെബ്സൈറ്റിൽ നിന്നോ എംആധാർ മൊബൈൽ ആപ്പിൽ നിന്നോ താങ്കൾക്ക് തീയതി-സമയ നിശ്ചയം മുൻകൂർ നടത്താവുന്നതാണ്. ആധാർ പരിഷ്ക്കരണത്തിനായാണ് താങ്കൾ മുൻകൂറായി തീയതിയും സമയവും ഉറപ്പാക്കുന്നതെങ്കിൽ ആധാർ നമ്പറും മൊബൈൽ നമ്പറും രേഖപ്പെടുത്തേണ്ടതുണ്ട്. ആധാറിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിനു മാത്രമായി ഈ സൗകര്യം പരിമിതപ്പെടുത്തിയിട്ടില്ല.

ഓൺലൈനായി മുൻകൂറായുള്ള തീയതി-സമയ നിശ്ചയത്തിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയുംപ്രകാരമാണ്:

https://appointments.uidai.gov.in/bookappointment.aspx എന്ന പേജ് സന്ദർശിക്കുക

കേന്ദ്രത്തിന്റെ പേര് തിരഞ്ഞെടുക്കുകയും 'മുൻകൂറായുള്ള തീയതി-സമയ നിശ്ചയത്തിലേക്കു കടക്കുക' എന്നതു ക്ളിക്ക് ചെയ്യുക

താങ്കൾക്ക് ഉപയോഗിക്കേണ്ട സേവനം തിരഞ്ഞെടുക്കുക - പുതിയ ആധാർ/ആധാർ പരിഷ്ക്കരണം

മൊബൈൽ നമ്പർ പൂരിപ്പിച്ച് കാപ്ച രേഖപ്പെടുത്തി സമർപ്പിക്കുക

താങ്കൾ രേഖപ്പെടുത്തിയ മൊബൈൽ നമ്പറിൽ ലഭിച്ച ഒറ്റത്തവണ പാസ്‌വേഡ് രേഖപ്പെടുത്തുക

താങ്കളുടെ മൊബൈലിന്റെ വിജയകരമായ പ്രമാണീകരണത്തിനു ശേഷം, ആവശ്യപ്പെടുന്ന വിശദാംശങ്ങൾ പൂരിപ്പിക്കുന്നതിനായി ഒരു പത്രിക പ്രദർശിപ്പിക്കുന്നതാണ്. ആവശ്യപ്പെടുന്ന വിശദാംശങ്ങൾ പൂരിപ്പിച്ച് പത്രിക സമർപ്പിക്കുക.

'തീയതി-സമയ മുൻകൂർ നിശ്ചയ നിർവഹണ ടാബ്' ('മാനേജ് അപ്പോയിന്റ് മെന്റ് ടാബ്') സന്ദർശിച്ച് തീയതി-സമയ മുൻകൂർ നിശ്ചയ വിശദാംശങ്ങൾ താങ്കൾക്കു തന്നെ കൈകാര്യം ചെയ്യാവുന്നതാണ്.

ട്യൂട്ടോറിയൽ കാണാനായി സ്കാൻ ചെയ്യുക: https://youtu.be/8ZurY3nrv7U

**2.5 ആധാർ നിർമിതി നില**

പേരുചേർക്കൽ സമയത്ത് താങ്കൾക്ക് ഒരു മൊബൈൽ നമ്പർ/ഇമെയിൽ ഐഡി ഉണ്ടെങ്കിൽ, താങ്കളുടെ ആധ്ർ നിർമിതി സംബന്ധിച്ച ഇറിയിപ്പുകൾ എസ്എംഎസ്/ഇമെയിൽ ആയി താങ്കൾക്കു ലഭിക്കുന്നതാണ്. താങ്കളുടെ ആധാർ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് യുഐഡിഎഐ വെബ്സൈറ്റിൽ നിന്നോ ഞങ്ങളുടെ ഹെൽപ്പ്ലൈൻ നമ്പറായ 1947ൽ വിളിച്ചോ സ്ഥിരീകരിക്കാവുന്നതാണ്. ആധാർ നിർമിതി നില അറിയാൻ താങ്കളുടെ എൻറോൾമെന്റ് ഐഡി (ഇഐഡി) ആവശ്യമാണ്. എൻറോൾമെന്റ് അംഗീകാര സ്ലിപ്പിന്റെ മുകളിൽ ഇടത് വശത്ത് 14 അക്ക എൻറോൾ മെന്റ് നമ്പറും 14 അക്ക ടൈം സ്റ്റാമ്പും തീയതിയും സമയവും (dd / mm / yyyy hh: mm: ss) അടങ്ങിയിരിക്കുന്നു. ഈ 28 അക്കങ്ങൾ ഒന്നിക്കുമ്പോഴാണ് എൻറോൾമെന്റ് ഐഡി ഉണ്ടാകുന്നത്. എൻറോൾമെന്റ് ഐഡിയെ സംബന്ധിച്ച ട്യൂട്ടോറിയൽ കാണാനായി സ്കാൻ ചെയ്യുക:

https://youtu.be/H9DmEW9zBx8

**2.5.1 എൻറോൾമെ□□□□ ഐഡി നഷ്ടപ്പെട്ടാൽ എന്തു ചെയ്യണം?**

പേരു ചേർത്ത ശേഷം താങ്കൾക്ക് ലഭിച്ച കൈപ്പറ്റ് രസീതിൽ എൻറോൾമെന്റ് ഐഡി സൂചിപ്പിച്ചിട്ടുണ്ട്. ഈ രസീത് ശ്രദ്ധാപൂർവ്വം സൂക്ഷിക്കേണ്ടതാണ്. താങ്കളുടെ രേഖകൾക്കായി പ്രസ്തുത രസീതിന്റെ വ്യക്തമായ ഒരു ചിത്രം എടുത്തുവെയ്ക്കാൻ താങ്കളോട് നിർദ്ദേശിക്കുന്നു. രസീത് കൈമോശം വന്നു

പോയാലും താഴെ പറയുന്ന രണ്ട് മാർഗ്ഗങ്ങളിലൂടെ താങ്കളുടെ എൻറോൾമെന്റ് ഐഡി വീണ്ടെടുക്കാനാകും:

· uidai.gov.inൽ നിന്ന് ഓൺലൈനായിട്ട് (ഇതിന് രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ നിർബന്ധിതം)

· ആധാർ ഹെൽപ്പ് ലൈൻ നമ്പറായ 1947ലേക്ക് വിളിക്കുക.

നഷ്ടപ്പെട്ട ഇ.ഐ.ഡി /യു.ഐ.ഡി (ആധാർ നനമ്പർ) എങ്ങനെ വീണ്ടെടുക്കാമെന്നതു സംബന്ധിച്ച ട്യൂട്ടോറിയൽ കാണാൻ സ്കാൻ ചെയ്യുക.:

https://youtu.be/wn6ec6OGbhA

താങ്കളുടെ ഇ.ഐ.ഡി /യു.ഐ.ഡി വീണ്ടെടുക്കാൻ സ്കാൻ ചെയ്യുക.
https://resident.uidai.gov.in/lost-uideid

## 3. ആധാർ പരിഷ്ക്കരണം

രാജ്യമെമ്പാടുമുള്ള ഏതു ആധാർ കേന്ദ്രങ്ങളിലൂടെയും താങ്കളുടെ ആധാറിലെ ഏതു ഡെമോഗ്രഫിക്ക് വിശദാംശങ്ങളും (പേര്, മേൽവിലാസം, ജനനത്തീയതി, ലിംഗം, മൊബൈൽ നമ്പർ അല്ലെങ്കിൽ ഇമെയിൽ ഐഡി) ബയോമെട്രിക്ക് വിശദാംശങ്ങളും (ഫോട്ടോ, വിരലടയാളങ്ങൾ, മിഴിപടല സ്കാൻ) താങ്കൾക്കു പരിഷ്ക്കരിക്കാവുന്നതാണ്.

ആധാർ കേന്ദ്രത്തിൽ നിന്ന് ഒരേ സമയം ഒന്നിലേറെ വിവരങ്ങൾ താങ്കൾക്കു പുതുക്കിക്കിട്ടുന്നതാണ്. ഒരു വിവരം (മേൽവിലാസം പോലെയുള്ളത്) പുതുക്കുന്നതിനുള്ള ഫീസും ഒന്നലേറെ വിവരങ്ങൾ (മേൽവിലാസം, മൊബൈൽ ഫോൺ നമ്പർ, ഇമെയിൽ വിലാസം പോലെയുള്ളവ) പുതുക്കുന്നതിനുള്ള ഫീസും ഒന്നുതന്നെയാണ്. അതുകൊണ്ട്, പരിഷ്ക്കരിക്കേണ്ടതായ എല്ലാ വിവരങ്ങളും ഒരുമിച്ചു പരിഷ്ക്കരിക്കുന്നത് താങ്കൾക്ക് സൗകര്യപ്രദവും ലാഭകരവും ആണ്. ആയതിനാൽ, ഒരു പരിഷ്ക്കരണത്തിനായി ആധാർ കേന്ദ്രം സന്ദർശിക്കും മുമ്പ്, മറ്റേതെങ്കിലും പരിഷ്ക്കരണം ആവശ്യമായിട്ടുണ്ടോ എന്നറിയാൻ താങ്കളുടെ ആധാറിലെ വിശദാംശങ്ങൾ പരിശോധിക്കേണ്ടതാണ്.

**സന്ദേശച്ചിമിഴ്:** താങ്കളുടെ ആധാർ പരിഷ്ക്കരിക്കുമ്പോൾ, താങ്കളുടെ ആധാർ വിശദാംശങ്ങൾ ആവശ്യമായിട്ടുള്ള പ്പെടുന്നുവെങ്കിലും ആധാർ നമ്പർ മാറ്റമില്ലാതെ തുടരും.

### 3.1 പരിഷ്ക്കരണത്തിന് ആവശ്യമായ രേഖകൾ:

താങ്കളുടെ ആധാറിലെ ഇനിപ്പറയുന്ന വിശദാംശങ്ങൾ പരിഷ് ക്കരിക്കുന്നതിനായി സാധുതയുള്ള ഒരു ഉപോദ്ബലക രേഖ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുണ്ട്:

- പേര്
- മേൽവിലാസം
- ജനനത്തീയതി

അപേക്ഷക□□□□ പേരിലുള്ളതായിരിക്കണം രേഖ. സ്വീകാര്യമായ രേഖകളുടെ പട്ടിക ആധാർ വെബ്സൈറ്റിലും എംആധാർ ആപ്പിലും ലഭ്യമാണ് (13.1-ാം വകുപ്പ്, അനുബന്ധം-1 നോക്കുക).

താഴെപ്പറയുന്ന വിശദാംശങ്ങൾ പരിഷ്ക്കരിക്കാൻ രേഖകൾ ആവശ്യമില്ല:

- ലിംഗം
- മൊബൈൽ നമ്പർ
- ഇമെയിൽ ഐഡി
- ഫോട്ടോ
- വിരലടയാളങ്ങൾ
- മിഴിപടല സ്കാനുകൾ
- പ്രാദേശിക ഭാഷ

പിതാവി□□□□ / മാതാവി□□□□ / ഭർത്താവി□□□□ ആധാറിലെ പേര മേൽവിലാസ മണ്ഡലത്തി□□□□ ഭാഗമാണ്. എപ്പോൾ വേണമെങ്കിലും ആധാർ ഉടമയ്ക്ക് ഇതു പരിഷ്ക്കരിക്കാം. വിശദാംശങ്ങൾക്കായി 3.4 വകുപ്പ് പരിശോധിക്കുക.

**3.2 ഓൺലൈനായുള്ള മേൽവിലാസ പരിഷ്ക്കരണ സൗകര്യം**

സെൽഫ് സർവീസ് ആൻഡ് അപ്പ്ഡേറ്റ് (സ്വയം സേവന പരിഷ്ക്കരണ) പോർട്ടലിലൂടെ ഓൺലൈനായി മേൽവിലാസം പരിഷ്ക്കരിക്കാനുള്ള അപേക്ഷ താങ്കൾക്കു സമർപ്പിക്കാനുള്ള സൗകര്യം യുഐഡിഎഐ നൽകുന്നുണ്ട്. https://ssup.uidai.gov.in/ssup/. എസ്എസ്യുപിയിലേക്കു ലോഗിൻ ചെയ്യാനായി ഒടിപി ലഭിക്കുന്നതിന് താങ്കൾക്ക് രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ ഉണ്ടായിരിക്കണം. രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ ഇല്ലെങ്കിൽ പരിഷ്ക്കരണ അപേക്ഷ നൽകാൻ താങ്കളുടെ ആധാറും ഉപോദ്ബലക രേഖയുമായി ഏതെങ്കിലും ആധാർ കേന്ദ്രം സന്ദർശിക്കാവുന്നതാണ്.

**3.2.1 രേഖകൾ ഉപയോഗിച്ച് മേൽവിലാസം ഓൺലൈനിൽ അപ്ഡേറ്റുചെയ്യുന്നു**

താങ്കളുടെ ആധാറിലെ ഡെമോഗ്രാഫിക് (പേര് (മൈനർ അപ്ഡേറ്റ്), വിലാസം, ജനനത്തീയതി ,ലിംഗഭേദം, പ്രാദേശിക ഭാഷ) അപ്ഡേറ്റ് ചെയ്യുന്നതിന് താങ്കളുടെ പേരിലുള്ള സാധുതയുള്ള രേഖ സഹിതം അപേക്ഷ നൽകാവുന്നതാണ് . (13.1 വകുപ്പിൽ അനുബന്ധം-IIലെ പട്ടികനോക്കുക). ഓൺലൈനായി മേൽവിലാസം പരിഷ്ക്കരിക്കാനുള്ള പ്രക്രിയ താഴെപ്പറയുംവിധമാണ്:

1. എസ്എസ്യുപി സന്ദർശിക്കുക - https://ssup.uidai.gov.in/ssup/

2. താങ്കളുടെ ആധാർ നമ്പറുമായി ലോഗിൻ ചെയ്യുക

3. താങ്കളുടെ മൊബൈൽ ഫോണിൽ ലഭിച്ച ഒറ്റത്തവണ പാസ്‌വേഡ് രേഖപ്പെടുത്തുക

4. പുതിയ മേൽവിലാസം രേഖപ്പെടുത്തുക

5. താങ്കളുടെ ആധാറിൽ പ്രാദേശിക ഭാഷയിലേക്ക് പരിഭാഷപ്പെടുത്താൻ യുഐഡിഎഐയെ അനുവദിക്കുകയോ സ്വയം പരിഭാഷപ്പെടുത്തപ്പെട്ട വാക്കുകളിൽ നിന്ന് താങ്കൾ സ്വയം സ്പെല്ലിങ്ങുകൾ തിരുത്തുകയോ ചെയ്യുക

6. എല്ലാ വിശദാംശങ്ങളും സ്പെല്ലിങ്ങുകളും തൃപ്തികരമെങ്കിൽ സമർപ്പിക്കുക

7. പ്രമാണത്തിന് ഒന്നിലധികം പേജുകളുണ്ടെങ്കിൽ, പ്രസക്തമായ എല്ലാ പേജുകളും സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുന്നതിന് മുമ്പ് ഒരൊറ്റ പിഡിഎഫ് ഫയലായി സേവ് ചെയ്യുക.

8. അപ്‌ലോഡിനായി യഥാർത്ഥ രേഖ സ്കാൻ ചെയ്യാൻ നിർദ്ദേശിക്കുന്നു. യഥാർത്ഥ രേഖ ലഭ്യമല്ലെങ്കിൽ, നോട്ടറി പബ്ലിക് അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ / സർട്ടിഫൈ ചെയ്ത രേഖയുടെ ഒരു പകർപ്പ് നിവാസികൾക്ക് അപ്‌ലോഡ് ചെയ്യാൻ കഴിയും.

9. വിശദാംശങ്ങളും അക്ഷരവിന്യാസങ്ങളും പിന്തുണാ രേഖകളും വീണ്ടും പരിശോധിക്കുക,തിരുത്തലുകൾ ഉണ്ടെങ്കിൽ എഡിറ്റ് ഓപ്ഷൻ ഉപയോഗിക്കുക

10. മെയ്ക് പേയ്മെന്റ് ബട്ടണിൽ ക്ലിക്കുചെയ്ത് ദയവായി പേയ്മെന്റ് പ്രോസസ്സ് ചെയ്യുക

11. ഒരു അഭ്യർത്ഥനയ്ക്ക് എസ്എസ്യുപിയുടെ ഫീസ് 50 രൂപയാണ്, കൂടാതെ ഒരു ഫീൽഡിലേക്ക് മാത്രമുള്ള അഭ്യർത്ഥന ഒരു അഭ്യർത്ഥനയായി കണക്കാക്കി 50 രൂപ ഈടാക്കും .

12. ബിപിഒ പ്രോസസ്സിംഗിന് മുമ്പായി നിവസിയ്ക്ക് അപ്ഡേറ്റ് അഭ്യർത്ഥന റദ്ദാക്കാനും കഴിയും.(റദ്ദാക്കിയാൽ അല്ലെങ്കിൽ പണമടിക്കുന്നത് പരാജയപ്പെട്ടാൽ തുക താമസക്കാരന് തിരികെ നൽകും).

13. നിങ്ങൾക്ക് മുമ്പത്തെ അഭ്യർത്ഥന പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ (പേയ്മെന്റ് പരാജയം കാരണം), എസ്എസ് യു പി പോർട്ടലിലേക്ക് ലോഗിൻ ചെയ്ത ശേഷം നിങ്ങൾക്ക് ആ അഭ്യർത്ഥന റദ്ദാക്കാൻ കഴിയും.

### 3.2.2 എസ് എസ് യു പി വഴി അപ്ഡേറ്റ് അഭ്യർത്ഥന നിരസിക്കുന്നത് ഒഴിവാക്കാൻ പോയിന്റുകൾ പരിശോധിക്കുക

- സാധുവായ ഡാറ്റ ഓൺലൈൻ എസ് എസ് യു പി ഫോമിൽ നൽകുക; അപ്ഡേറ്റ് അഭ്യർത്ഥനയിൽ അപ്‌ലോഡുചെയ്ത രേഖകളുമായി നൽകിയ ഡാറ്റ പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുക.
- അപ്‌ലോഡ് ചെയ്ത രേഖയിൽ അപ്ഡേറ്റ് അഭ്യർത്ഥന നടത്തിയ നിവാസിയുടെ പേര് ഉണ്ടെന്ന് ഉറപ്പാക്കുക.
- ശരിയായ രേഖയുടെ പേര് തിരഞ്ഞെടുക്കുക; അത് അപ്‌ലോഡുചെയ്ത് രേഖയുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നു.
- സാധുവായ തെളിവ് രേഖകൾ അപ്‌ലോഡുചെയ്യുമ്പോൾ യഥാർത്ഥ രേഖകളുടെ ഉയർന്ന മിഴിവുള്ള ചിത്രങ്ങൾ ഉപയോഗിക്കുക.
- രേഖയിൽ സൂചിപ്പിച്ച പ്രായവും ഫോട്ടോയും ആധാറുമായി പൊരുത്തപ്പെടണം.
- നിവാസിയുടെ ഫോട്ടോയും ലിംഗഭേദവും സമന്വയത്തിലായിരിക്കണം (പൊരുത്തം).
- അപൂർണ്ണമായ വിശദാംശങ്ങളോടെ അഭ്യർത്ഥന സമർപ്പിക്കരുത്.

### 3.3 കുട്ടികൾക്കുള്ള നിർബന്ധിത ബയോമെട്രിക്ക് പരിഷ്ക്കരണം

കുട്ടികൾക്ക് 5 വയസ്സ് പൂർത്തിയായാൽ അവരുടെ ആധാറിൽ അവരുടെ ബയോമെട്രിക്ക് വിശദാംശങ്ങൾ പരിഷ്ക്കരിക്കേണ്ടത് ആവശ്യമാണ്. ഇത് 15 വയസ്സിലും ആവർത്തിക്കണം. കുട്ടിയുടെ വിരലടയാളങ്ങൾ, മിഴിപടല സ്കാനുകൾ, ഫോട്ടോ എന്നിവ രേഖപ്പെടുത്തി അവരുടെ ആധാർ വിവരങ്ങൾ പരിഷ്ക്കരിക്കുന്നു. ആവശ്യമായ വേളകളിൽ തന്റെ ആധാർ ഒരു തിരിച്ചറിയൽ ഉപാധിയായി ഉപയോഗിക്കാൻ ഇതു കുട്ടിയെ സഹായിക്കുന്നു. കുട്ടിക്കു നൽകിയ ആധാർ നമ്പർ മാറ്റമില്ലാതെ തുടരും. കുട്ടികൾക്കുള്ള ഈ നിർബന്ധിത ബയോമെട്രിക്ക് പരിഷ്ക്കരണം സൗജന്യമാണ്.

### 3.4 ആധാർ മേൽവിലാസത്തിലെ 'കെയർ ഓഫ്' മണ്ഡല പരിഷ്ക്കരണം

ആധാറിലെ 'കെയർ ഓഫ്' വിശദാംശങ്ങൾ മേൽവിലാസ മണ്ഡലത്തിന്റെ ഭാഗമാണ്. 'വൈഫ് ഓഫ്', 'സൺ ഓഫ്', അല്ലെങ്കിൽ 'കെയർ ഓഫ്'

എന്നിങ്ങനെയാണ് ഇവയെ മുമ്പ് പറഞ്ഞിരുന്നത്. ഇവയെ ഇപ്പോൾ മൊത്തത്തിൽ 'കെയർ ഓഫ്' ആക്കിയിട്ടുണ്ട്.

താങ്കളുടെ ആധാർ പരിഷ്‌ക്കരിക്കുമ്പോഴോ പുതിയ ആധാർ ഡൗൺലോഡ് ചെയ്യുമ്പോഴോ ബന്ധുത്വ വിശദാംശങ്ങളെ 'കെയർ ഓഫ്' ആയാണ് അതിൽ കാണിക്കുക.

ഇതു പരിഷ്‌ക്കരിക്കാൻ താങ്കൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു മേൽവിലാസ പരിഷ്‌ക്കരണ അപേക്ഷ നൽകാവുന്നതാണ് (ആധാർ കേന്ദ്രത്തിലൂടെയോ എസ്എസ്‌യുപി വഴി ഓൺലൈനായോ - 3.2.1 വകുപ്പ് നോക്കുക.) രേഖ താങ്കളുടെ പേരിലുള്ളതായിരിക്കണം. താങ്കൾ പരിഷ്‌ക്കരിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയുടെ പേര് 'കെയ്ർ ഓഫ്' മണ്ഡലത്തിൽ ഉണ്ടായിരിക്കേണ്ട ആവശ്യമില്ല, ഇതൊരു നിർബന്ധിത മണ്ഡലമല്ല. താങ്കളുടെ മേൽവിലാസത്തിലെ 'കെയർ ഓഫ്' മണ്ഡലം ശൂന്യമാക്കിയിടാനുള്ള അവകാശം താങ്കൾക്കുണ്ട്.

**<u>സന്ദേശച്ചിമിഴ്:</u>** 'കെയർ ഓഫ്' മണ്ഡലം നിർബന്ധിത മണ്ഡലമല്ല. താങ്കളുടെ മേൽവിലാസത്തിലെ 'കെയർ ഓഫ്' മണ്ഡലം ശൂന്യമാക്കിയിടാനുള്ള അവകാശം താങ്കൾക്കുണ്ട്.

**3.5 പരിഷ്‌ക്കരണത്തവണകളുടെ പരിധികൾ**

യുഐഡിഎഐയുടെ നയപ്രകാരം സ്ഥിരവാസിയുടെ ആധാറിലെ ഡെമോഗ്രഫിക്ക് വിവരങ്ങളുടെ പരിഷ്‌ക്കരണത്തിന് താഴെപ്പറയുന്ന പരിധികൾ നിശ്ചയിച്ചിട്ടുണ്ട്:

- പേര് - രണ്ടുതവണ പരിഷ്‌ക്കരിക്കാം
- ലിംഗം - ഒരുതവണ
- ജനനത്തീയതി - ഒരുതവണ

അനുവദനീയമായ പരിധിക്കുള്ളിൽ നടത്തുന്ന മേൽപ്പറഞ്ഞ പരിഷ്‌ക്കരണങ്ങൾക്കുള്ള പ്രക്രിയ മുകളിലെ 3.1 വകുപ്പിൽ വിവരിച്ചിട്ടുള്ളതു പോലെയുള്ളതു തന്നെയായിരിക്കും. താങ്കളുടെ ആധാറിലെ മറ്റുള്ള വിവരങ്ങൾ ആവശ്യമുള്ളപ്പോൾ പരിഷക്കരിക്കാം.മേൽവിലാസം, ഇമെയിൽ ഐഡി, മൊബൈൽ നമ്പർ തുടങ്ങിയ മറ്റുള്ള ഡെമോഗ്രഫിക്ക് വിവരങ്ങളുടെയും ഫോട്ടോ, വിരലടയാളങ്ങൾ, മിഴിപടല സ്കാനുകൾ എന്നീ ബയോമെട്രിക്കുകളുടെയും കാര്യത്തിൽ പരിഷ്‌ക്കരണത്തവണകൾക്കു പരിധിയില്ല.

**3.6 ആധാർ പരിഷ്‌ക്കരണത്തിനുള്ള വ്യത്യസ്തതാ പ്രക്രിയ**

·   ഏതെങ്കിലും കാരണത്താൽ, മേൽപ്പറഞ്ഞ 3 മണ്ഡലങ്ങൾ (പേര്, ലിംഗം, ജനനത്തീയതി) താങ്കളുടെ ആധാറിൽ വീണ്ടും പരിഷ്ക്കരിക്കേണ്ടതുണ്ടെങ്കിൽ താങ്കൾ:

1. ഏതെങ്കിലും ആധാർ എൻറോൾമെൻറ് കേന്ദ്രം സന്ദർശിക്കുക (പേരിന്റെയും ജനനത്തീയതിയുടെയും പരിഷ്ക്കരണത്തിനായി സാധുതയുള്ള ഉപോദ്ബലക രേഖകൾ സഹിതം)

2. പരിഷ്ക്കരണ അപേക്ഷ നൽകുക

3. 1947ൽ വിളിച്ചോ ഇമെയിൽ വിലാസമായ help@uidai.gov.in മുഖേനയോ ആധാർ സഹായ കേന്ദ്രത്തിലേക്ക് ഏറ്റവും പുതിയ പരിഷ്ക്കരണ അപേക്ഷാ നമ്പർ അയയ്ക്കുകയും 'അസാധാരണത്വ പരിഷ്ക്കരണ'ത്തിന് അപേക്ഷിക്കുകയും ചെയ്യുക

പിന്നീട്, അർഹമായ ശ്രദ്ധ പതിയാനായി, താങ്കളുടെ മേഖല കൈകാര്യം ചെയ്യുന്ന യുഐഡിഎഐയുടെ മേഖലാ കാര്യാലയത്തെ ഈ വിഷയം ഏൽപ്പിക്കുന്നു. പരിശോധനയ്ക്കുശേഷം താങ്കളുടെ പരിഷക്കരണ അപേക്ഷയിൽ നടപടി സ്വീകരിക്കുകയും അനന്തരഫലം താങ്കളെ അറിയിക്കുകയും ചെയ്യുന്നു.

**3.7 ആധാർ താൽക്കാലികമായി റദ്ദാക്കുമ്പോഴുള്ള പരിഷ്ക്കരണം**

താങ്കളുടെ ആധാർ വിവരങ്ങൾ കാലാകാലങ്ങളിലുള്ള ഗുണപരിശോധനകൾക്കു വിധേയമാണ്. യുഐഡിഎഐ നടത്തുന്ന ഇത്തരം പരിശോധനകൾക്കിടെ, സ്ഥിരവാസിയുടെ ഉപോദ്ബലക രേഖകളിലോ രേഖപ്പെടുത്തിയ ബയോമെട്രിക്ക് വിവരങ്ങളിലോ പൊരുത്തക്കേട് കണ്ടെത്തിയാൽ അയാളുടെ ആധാർ താൽക്കാലികമായി റദ്ദുചെയ്യുകയും ഇക്കാര്യം ആധാർ ഉടമയെ മുറപ്രകാരം അറിയിക്കുകയും ചെയ്യുന്നതാണ്. താങ്കളുടെ ആധാർ റദ്ദുചെയ്യപ്പെട്ടാൽ ആധാർ ഒറ്റത്തവണ പാസ് വേഡ്/ബയോമെട്രിക്ക് പ്രമാണീകരണം അടിസ്ഥാനമാക്കിയുള്ള ഏതെങ്കിലും സേവനം ഉപയോഗപ്പെടുത്താൻ കഴിയാതെ വരും. അത്തരമൊരു സ്ഥിതിയിൽ, താങ്കൾ ഇനിപ്പറയുന്ന നടപടികൾ പാലിക്കുക:

1. യുഐഡിഐഐയുടെ ഇമെയിൽ / എസ്എംഎസ് / കത്ത് റഫർ ചെയ്യുക അല്ലെങ്കിൽ തുടർന്നുള്ള നടപടികളെക്കുറിച്ച് അറിയാൻ 1947 ൽ വിളിക്കുക.

2. ബയോമെട്രിക്സുമായി ബന്ധപ്പെട്ട കാരണത്താലാണ് റദ്ദാക്കലെങ്കിൽ ഏതെങ്കിലും ആധാർ എൻറോൾമെൻറ് കേന്ദ്രം സന്ദർശിച്ച് താങ്കളുടെ ബയോമെട്രിക്സ് പരിഷ്ക്കരിക്കുക.

3. രേഖകളുമായി ബന്ധപ്പെട്ട കാരണത്താലാണ് റദ്ദാക്കലെങ്കിൽ അർഹമായ ശ്രദ്ധയോടെ പരിഷ്ക്കരിക്കാൻ, ബന്ധപ്പെട്ട ആധാർ മേഖലാ കാര്യാലയവുമായി ബന്ധപ്പെടുകയോ അവിടം സന്ദർശിക്കുയോ ചെയ്യുക.

**3.8 പരിഷ്ക്കരണനില പരിശോധന**

താഴെപ്പറയുന്ന മാർഗങ്ങളിലൂടെ ആധാർ പരിഷ്ക്കരണ അപേക്ഷാ പത്രികയുടെ നില പരിശോധിക്കുന്നതിന് പരിഷ്ക്കരണ കൈപ്പറ്റു രസീതിൽ പറഞ്ഞിട്ടുള്ള 14 അക്ക പരിഷ്ക്കരണ അപേക്ഷാ നമ്പറും തീയതി - സമയ മുദ്രയും താങ്കൾക്ക് ഉപയോഗിക്കാവുന്നതാണ്:

· ആധാർ ഹെൽപ്പ് ലൈൻ നമ്പർ - 1947

· Help@uidai.gov.in ലേക്ക് ഇമെയിൽ അയയ്ക്കുന്നു

Uidai.gov.in സന്ദർശിക്കുന്നു

എംആധാർ ആപ്പ്

· ഓൺലൈനായി എസ്എസ്‌യുപി മുഖേന മേൽവിലാസ പരിഷ്ക്കരണ അപേക്ഷ വിജയകരമായി സമർപ്പിച്ചാൽ 00xx/xxxxx മാതൃകയിലുള്ള ഒരു പരിഷ്ക്കരണ അപേക്ഷാ നമ്പർ താങ്കൾക്ക് ലഭിക്കുന്നതാണ്. ഇത് സ്ക്രീനിൽ പ്രദർശിപ്പിക്കുന്നതോടൊപ്പം, താങ്കളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് എസ്എംഎസ് ആയി അയയ്ക്കുകയും ചെയ്യും. താങ്കളുടെ ഈ പരിഷ്ക്കരണ അപേക്ഷാ നമ്പറും താങ്കളുടെ ആധാർ നമ്പറും ഉപയോഗിച്ച് താങ്കളുടെ ആധാർ പരിഷ്ക്കരണ നില അന്വേഷിക്കുവാൻ സ്കാൻ ചെയ്യുക:

http://ssup.uidai.gov.in/checkSSUPStatus/checkupdatestatus

താങ്കളുടെ പരിഷ്ക്കരണ അപേക്ഷയുടെ നില പരിശോധിക്കാൻ സ്കാൻ ചെയ്യുക:

https://resident.uidai.gov.in/check-aadhaar

താങ്കളുടെ ഓൺലൈനായുള്ള മേൽവിലാസ പരിഷ്ക്കരണ അപേക്ഷയുടെ നില പരിശോധിക്കാൻ സ്കാൻ ചെയ്യുക:

http://ssup.uidai.gov.in/checkSSUPStatus/checkupdatestatus

**3.9 ആധാർ എൻറോൾമെന്റ് സെന്ററിൽ ആധാർ അപ്ഡേറ്റിനായി ഓർമ്മിക്കേണ്ട പോയിന്റുകൾ**

1. ഏതൊരു ആധാർ ഉടമയ്ക്കും ആധാർ, അപ്ഡേറ്റിനായി അഭ്യർത്ഥിക്കാം

2. ആധാർ പരിഷ്ക്കരണ അപേക്ഷയ്ക്ക് ആധാർ ഉടമയുടെ പ്രമാണീകരണം ആവശ്യമാണ്. ആധാർ കേന്ദ്രത്തിൽ വച്ച് ഒന്നുകിൽ ബയോമെട്രിക്ക് പ്രമാണീകരണമായോ ഓൺലൈനായുള്ള മേൽവിലാസ പരിഷക്കരണത്തിന് ഒറ്റത്തവണ പാസ്‌വേഡ് പ്രമാണീകരണമായോ ആണ് ഈ പ്രമാണീകരണം നടത്തുന്നത്. 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ കാര്യത്തിൽ, പേരുചേർക്കുന്ന സമയത്ത് തന്റെ ആധാർ, കുട്ടിയുടെ ആധാറുമായി ബന്ധിപ്പിച്ച് മാതാവ്/പിതാവ്/രക്ഷാകർത്താവ് ആണ് ഈ പ്രമാണീകരണം നടത്തുന്നത്.

3 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ആധാർ അപ്ഡേറ്റുചെയ്യുന്ന കാര്യത്തിൽ രക്ഷകർത്താവിന്റെ / രക്ഷിതാവിന്റെ സമ്മതം ശേഖരിക്കും

4. താങ്കളുടെ പരിഷ്ക്കരണ സ്ലിപ്പ് നഷ്ടപ്പെട്ടുവെങ്കിലോ പരിഷ്ക്കരണ അപേക്ഷാ നമ്പർ ഇല്ലെങ്കിലോ എൻറോൾമെന്റ് ഐഡി വീണ്ടെടുക്കാനായി 2.5.1 വകുപ്പിൽ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുക.

5. താങ്കളുടെ പരിഷ്ക്കരണ അപേക്ഷ നിരസിക്കപ്പെടുകയാണെങ്കിൽ, താങ്കൾക്ക് 1947ൽ വിളിച്ച് നിരസന കാരണം തേടാവുന്നതും മറ്റൊരു പരിഷ് ക്കരണ അപേക്ഷ നൽകുന്നതിനു മുമ്പായി തിരുത്തൽ നടപടി കൈക്കൊള്ളാവുന്നതുമാണ്.

6. താങ്കളുടെ ആധാർ 'അസാധു' എന്നു കാണിക്കുന്നുവെങ്കിൽ, കൂടുതൽ മാർഗനിർദേശങ്ങൾക്കായി 1947ൽ വിളിക്കുക.

7. താങ്കളുടെ ആധാർ കത്തിൽ ജനനവർഷം മാത്രമേ അച്ചടിച്ചിട്ടുള്ളൂവെങ്കിൽ അതു പരിഷ്ക്കരിക്കേണ്ടതില്ല. താങ്കളുടെ പൂർണമായ ജനനത്തീയതി കാണിക്കുന്ന ആധാർ കിട്ടാനായി uidai.gov.inൽ നിന്ന് ഏറ്റവും പുതിയ ആധാർ ഡൗൺലോഡ് ചെയ്യുകയോ ആധാർ വീണ്ടും അച്ചടിക്കാൻ ആവശ്യപ്പെടുകയോ ചെയ്യുക.

## 3.10 ആധാർ അപ്ഡേറ്റിനായി ഓർമ്മിക്കേണ്ട പോയിന്റുകൾ

ഒരു ആധാർ നമ്പർ ഉടമയായ ഒരു നിവാസിക്ക് പതിനെട്ട് വയസ്സ് തികയുമ്പോൾ,

യുഐഡിഐഐയുടെ പ്രാദേശിക ഓഫീസിലേക്ക് അവന്റെ / അവളുടെ ആധാർ നമ്പർ റദ്ദാക്കുന്നതിന് ഒരു അപേക്ഷ നൽകുക പതിനെട്ട് വയസ്സ് തികഞ്ഞ തീയതി മുതൽ ആറുമാസത്തിനുള്ളിൽ നിവാസി ഒരു നിശ്ചിത തീയതിയിലും സമയത്തിലും പ്രാദേശിക ഓഫീസ് സന്ദർശിക്കേണ്ടതുണ്ട് .ആധാർ പ്രാമാണീകരണം അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെ അവന്റെ /

അവളുടെ ഐഡന്റിറ്റി സ്ഥാപിക്കുക, അങ്ങനെ റീജിയണൽ ഓഫീസിന് ആധാർ നമ്പർ റദ്ദാക്കുന്ന പ്രക്രിയ മൂന്ന് മാസത്തിനുള്ളിൽ റദ്ദാക്കുന്നത് ആരംഭിക്കാൻ കഴിയും.

**4 .ആധാറിൽ പേരുചേർക്കാനായി പരിഷ്ക്കരണത്തിനായി ആവശ്യമായ സാധുതയുള്ള രേഖകളുടെ പട്ടിക**

പരിശോധനയ്ക്കായി സാധുതയുള്ള ഉപോദ്ബലക രേഖ നൽകി താങ്കൾക്ക് ആധാറിൽ പേര് ചേർക്കാനോ താങ്കളുടെ ആധാറിലെ ഡെമോഗ്രഫിക്ക് വിശദാംശങ്ങൾ പരിഷ്ക്കരിക്കാനോ കഴിയും. തിരിച്ചറിയൽ തെളിവ്, മേൽവിലാസ തെളിവ്, ജനനത്തീയതി തെളിവ്, ബന്ധുത്വ തെളിവ് എന്നിങ്ങനെയുള്ള തെളിവുപട്ടിക ഞങ്ങളുടെ വെബ്സൈറ്റായ uidai.gov.inലും എംആധാർ ആപ്പിലും അനുബന്ധം I (വകുപ്പ് 13.1)ലും ലഭ്യമാണ്.

താഴെപ്പറയുന്നവയ്ക്ക് സാധുതയുള്ള ഉപോദ്ബലക രേഖ നിർബന്ധിതമാണ്:

- ആധാറിൽ പേരുചേർക്കൽ
- പേരുപരിഷ്ക്കരണം
- മേൽവിലാസ പരിഷ്ക്കരണം
- ജനനത്തീയതി പരിഷ്ക്കരണം

താങ്കളുടെ ആധാറിലെ ഡമോഗ്രഫിക്കോ ബയോമെട്രിക്കോ ആയ മറ്റേതെങ്കിലും വിശദാംശങ്ങൾ പരിഷ്ക്കരിക്കാനായി താങ്കളുടെ ആധാർ സഹിതം ഒരു ആധാർ കേന്ദ്രം നേരിട്ടു സന്ദർശിക്കുക. പ്രവാസി ഭാരതീയരുടെ പേരുചേർക്കലിന് ഇന്ത്യൻ പാസ്പോർട്ട് ഒരു നിർബന്ധിത തിരിച്ചറിയൽ തെളിവാണ്. പ്രവാസി ഭാരതീയന് മേൽവിലാസെത്തളിവായി മറ്റുള്ള രേഖ തിരഞ്ഞെടുക്കാം (സാധുതയുള്ള രേഖകളുടെ പട്ടിക പ്രകാരം).

സ്വീകാര്യമായ രേഖകളുടെ പട്ടിക പരിശോധിക്കാൻ സ്കാൻ ചെയ്യുക:

https://uidai.gov.in/images/commdoc/valid_documents_list.pdf

**4.1.1.1 തിരിച്ചറിയൽ തെളിവ്**

സാധുതയുള്ള്ള രേഖകളുടെ പട്ടിക പ്രകാരം, ആധാറിൽ പേര് ചേർക്കാനോ പരിഷ്ക്കരിക്കാനോ ഫോട്ടോ സഹിതമുള്ള, ഏറ്റവും കുറഞ്ഞത് ഒരു രേഖയെങ്കിലും താങ്കൾ ഹാജരാക്കേണ്ടതുണ്ട്.

**4.1.1.2 മേൽവിലാസ തെളിവ്**

ആധാർ എൻറോൾമെൻറ് കേന്ദ്രത്തിൽ വച്ചോ എസ്എസ്‌യുപി വഴി ഓൺലൈനായോ നടത്തുന്ന മേൽവിലാസ പരിഷ്‌ക്കരണത്തിന് താങ്കളുടെ പേരിലുള്ള ഒരു മേൽവിലാസ രേഖ നൽകേണ്ടതുണ്ട്. മേൽവിലാസ സാധുതാ കത്ത് സേവനവും താങ്കൾക്ക് ഉപയോഗപ്പെടുത്താം (വകുപ്പ് 3.2.2 പരിശോധിക്കുക)

**4.1.1.3 ജനനത്തീയതി**

താങ്കളുടെ ആധാറിലെ ജനനത്തീയതി പരിഷ്‌ക്കരിക്കാനായി യുഐഡിഎഐ അംഗീകരിച്ച സാധുതയുള്ള രേഖളുടെ പട്ടികപ്രകാരം താങ്കളുടെ പേരിലുള്ള ജനനത്തീയതി രേഖ നൽകേണ്ടതുണ്ട്.

**4.1.1.4 ബന്ധുത്വ തെളിവ്**

'കുടുംബനാഥയിൽ'/' കുടുംബനാഥനിൽ' അധിഷ്ഠിതമായ പേരുചേർക്കലിനോ കുട്ടിയുടെ പേരുചേർക്കലിനോ യുഐഡിഎഐ അംഗീകരിച്ച സാധുതയുള്ള രേഖകളുടെ പട്ടികപ്രകാരം ബന്ധുത്വ  തെളിവ് രേഖ നൽകേണ്ടതാണ്.

**4.1.1.5 ആധാറിൽ പേരുചേർക്കലിനുള്ള/പരിഷ്‌ക്കരണത്തിനുള്ള സാക്ഷ്യപത്രം**

ഉപോദ്ബലക രേഖകളുടെ പട്ടിക പ്രകാരം, ആധാറിൽ പേരുചേർക്കുന്ന/പരിഷ്‌ക്കരിക്കുന്ന യോഗ്യനായ ഒരു അധികാരി നൽകിയ സാക്ഷ്യപത്രം, തിരിച്ചറിയൽ തെളിവ്/മേൽവിലാസ തെളിവ് /ജനനത്തീയതി തെളിവ്/ബന്ധുത്വ തെളിവ് ആയി താങ്കൾക്ക് ഉപയോഗിക്കാനാവും (വകുപ്പ് 13.2 അനുബന്ധം II നോക്കുക). തിരിച്ചറിയൽ തെളിവിന്/മേൽവിലാസ തെളിവിന്/ജനനത്തീയതി തെളിവിന് ആയി അംഗീകരിച്ച രേഖകളുടെ പട്ടികയിൽ മറ്റേതെങ്കിലും രേഖയില്ലെങ്കിൽ മാത്രമേ ഇത്തരം സാക്ഷ്യപത്രം താങ്കൾ ഉപയോഗിക്കാൻ പാടുള്ളൂ.

ആധാറിൽ പേരുചേർക്കുന്നതിനു/പരിഷ്‌ക്കരിക്കുന്നതിനു വേണ്ടിയുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാന മാതൃക കാണാൻ സ്കാൻ ചെയ്യുക:

https://uidai.gov.in/images/commdoc/valid_documents_list.pdf

**5. ആധാറിൽ പേരുചേർക്കുന്നതിനുള്ള/പരിഷ്‌ക്കരിക്കുന്നതിനുള്ള ചാർജുകൾ/ഫീസ്**

ആധാറുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾക്കായി സ്ഥിരവാസികളിൽ നിന്ന് എല്ലാ രജിസ്ട്രാർമാരും ഈടാക്കേണ്ട പരമാവധി തുക യുഐഡിഎഐ വ്യക്തമാക്കിയിട്ടുണ്ട്. ഒറ്റത്തവണ ഒന്നിലേറെ മണ്ഡലങ്ങൾ പരിഷ് ക്കരിക്കുന്നത് ഒറ്റ പരിഷ്‌ക്കരണമായാണ് കണക്കാക്കുക. സമയവും പണവും

ലാഭിക്കാനായി ഏതെങ്കിലും ആധാർ കേന്ദ്ര സന്ദർശത്തിനിടെ താങ്കളുടെ ആധാർ വിശദാംശങ്ങൾ പരിശോധിക്കാനും പരിഷ്ക്കരണം ആവശ്യമുള്ള എല്ലാ മണ്ഡലങ്ങളും പരിഷ്ക്കരിക്കാനും ശുപാർശ ചെയ്യുന്നു.

**5.1 ആധാറിൽ പേരുചേർക്കലിനുള്ള/പരിഷ്ക്കരണത്തിനുള്ള പത്രിക സൗജന്യം**

ബാങ്കുകൾ, തപാൽ ഓഫീസുകൾ, ബിഎസ്എൻഎൽ കേന്ദ്രങ്ങൾ, ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ അല്ലെങ്കിൽ സംസ്ഥാന സർക്കാർ ഓഫീസുകൾ, പൊതുസേവന കേന്ദ്രങ്ങൾ എന്നിവയോ യുഐഡിഎഐ നടത്തുന്ന ആധാർ സേവന കേന്ദ്രമോ സന്ദർശിക്കുമ്പോൾ ആധാറിൽ പേരുചേർക്കാനുള്ള/പരിഷ്ക്കരിക്കാനുള്ള പത്രികയ്ക്ക് പണം നൽകേണ്ടതില്ല എന്ന് ഓർമിക്കുക. മേൽപ്പറഞ്ഞ പോലെയുള്ള ആധാർ പരിഷ്ക്കരണത്തിനോ അച്ചടിക്കോ ആണ് പണമീടാക്കുന്നത്. കൂടിക്കാഴ്ചയ്ക്കുള്ള താങ്കളുടെ സമയം മുൻകൂറായി ഓൺലൈനിൽ ഉറപ്പാക്കുമ്പോൾ ബാധകമായ പണം ഓൺലൈനായി നൽകേണ്ടതാണ്. നിവാസിയ്ക്ക് ചുവടെയുള്ള https: // www.uidai.gov.in/images/commdoc/valid_documents_list.pdf ലിങ്കിൽ നിന്ന് ആധാർ എൻറോൾമെന്റ് / അപ്ഡേറ്റ് ഡൗൺലോഡ് ചെയ്യുവാനും അച്ചടിക്കുവാനും കഴിയും.തെറ്റുകൾ ഒഴിവാക്കാൻ താമസക്കാരന് പൂരിപ്പിച്ച ഫോം ഏത് കേന്ദ്രത്തിലേക്കും കൊണ്ടുവരാം

**5.2 കേന്ദ്രം അധികമായി പണം ഈടാക്കുന്നുവെങ്കിൽ എങ്ങനെ പരാതിപ്പെടണം?**

മുകളിൽ പറഞ്ഞിട്ടുള്ള സേവന ചാർജിൽ കൂടുതൽ കേന്ദ്രം താങ്കളിൽ നിന്ന് ഈടാക്കുന്നുവെങ്കിൽ താഴെപ്പറയുന്ന മാർഗങ്ങളിൽ താങ്കൾക്ക് പരാതി നൽകാം:

· 1947ൽ വിളിച്ച് പരാതി രജിസ്റ്റർ ചെയ്യാം

· കേന്ദ്രത്തിന്റെ വിശദാംശങ്ങൾക്കൊപ്പം, താങ്കളുടെ യുആർഎന്നും (പരിഷ്ക്കരണ അപേക്ഷാ നമ്പർ) ബന്ധപ്പെടേണ്ട വിശദാംശങ്ങളും സഹിതം help@uidai.gov.inലേക്ക് ഇമെയിൽ ചെയ്യുക

· https://resident.uidai.gov.in/file-complaintൽ നിന്ന് ഓൺലൈനായി പരാതി നൽകുക

. ബന്ധപ്പെട്ട രജിസ്ട്രാറിനോട് നിവാസിയ്ക്ക് പരാതിപ്പെടാം, രജിസ്ട്രാറുടെ വിശദാംശങ്ങൾ നിങ്ങളുടെ കേന്ദ്രത്തിൽ ലഭ്യമാണ്.

**6. ആധാർ ലഭിക്കുക**

**6.1 ആധാർ നിർമിതി**

മേൽവിവരിച്ച പോലെ, യുഐഡിഎഐ നിർദേശിച്ച നടപടിക്രമങ്ങൾ പാലിച്ച് താങ്കൾ ആധാറിനായി പേരുചേർത്ത ശേഷം താങ്കളുടെ വിവരങ്ങൾ നിരവധി ഗുണമേന്മാ പരിശോധനയ്ക്കു വിധേയമാക്കപ്പെടുന്നു. നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാക്കുമ്പോൾ താങ്കളുടെ ആധാർ സൃഷ്ടിക്കപ്പെടുന്നു. അതുപോലെത്തന്നെ, തുടർന്നുള്ള ഓരോ ആധാർ പരിഷ്ക്കരണ അപേക്ഷയ്ക്കും സമാനമായ ഗുണമേന്മാ പരിശോധന നടത്തുന്നു. താങ്കളുടെ ആധാർ സൃഷ്ടിക്കപ്പെട്ടാൽ/ പരിഷ്ക്കരിക്കപ്പെട്ടാൽ താങ്കളുടെ രജിസ്റ്റർ ചെയ്യപ്പെട്ട മൊബൈൽ നമ്പറിൽ എസ്എംഎസ് ലഭിക്കുന്നതാണ്.

**6.2 ആധാർ കത്ത്**

ആധാർ സൃഷ്ടിക്കപ്പെട്ടാലോ താങ്കൾ സമർപ്പിച്ച പരിഷ്ക്കരണ അപേക്ഷാ സമർപ്പണം പൂർത്തിയായാലോ, ആധാർ കത്ത് അച്ചടിച്ച് ഇന്ത്യാ പോസ്റ്റിന്റെ സ്ഥിരം തപാൽ സേവനം മുഖേന താങ്കളുടെ രജിസ്റ്റർ ചെയ്ത മേൽവിലാസത്തിൽ അയയ്ക്കുന്നു. ആധാർ കത്ത് അയച്ചാൽ താങ്കളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ എസ്എംഎസ് ലഭിക്കുന്നതാണ്. ആധാർ കത്ത് അയച്ച തീയതി ലഭിക്കുവാനും ആധാർ കത്ത് ലഭിക്കുന്നതിന് പ്രാദേശിക തപാൽ ഓഫീസുമായുള്ള ഏകോപനത്തിനും താങ്കൾക്ക് 1947ലേക്ക് വിളിക്കുകയുമാവാം.

**<u>സന്ദേശച്ചിമിഴ്:</u>** അയച്ച് 15 ദിവസങ്ങൾക്കകം താങ്കൾക്ക് ആധാർ കത്ത് ലഭിക്കുന്നില്ലെങ്കിൽ തപാൽ വിതരണത്തിലെ കാലതാമസത്തിനുള്ള കാരണം പരിശോധിക്കാൻ പ്രാദേശിക തപാൽ ഓഫീസുമായി താങ്കൾക്കു ബന്ധപ്പെടാവുന്നതാണ്.

**6.3 ആധാർ ഡൗൺലോഡ് ചെയ്യൽ**

https://eaadhaar.uidai.gov.in/#/എന്ന യുഐഡിഎഐ വെബ്സൈറ്റിൽ നിന്നോ എംആധാർ ആപ്പിൽ നിന്നോ താങ്കളുടെ ആധാർ ലഭിക്കും. ഇനിപ്പറയുന്ന മാർഗങ്ങളിലും താങ്കളുടെ ആധാർ ഡൗൺലോഡ് ചെയ്യാം:

· എൻറോൾമെന്റ് ഐഡി ഉപയോഗിച്ച്: താങ്കളുടെ ആധാർ ഡൗൺലോഡ് ചെയ്യാൻ 28 അക്ക എൻറോൾമെന്റ് നമ്പറിനൊപ്പം മുഴുവൻ പേരും പിൻകോഡും (പേരുചേർക്കൽ വേളയിൽ നൽകിയതുപോലെ) ഉപയോഗിക്കുക.

· യുഐഡി (ആധാർ നമ്പർ) ഉപയോഗിച്ച്: താങ്കളുടെ ആധാർ ഡൗൺലോഡ് ചെയ്യാൻ 12 അക്ക ആധാർ നമ്പറിനൊപ്പം മുഴുവൻ പേരും പിൻകോഡും (പേരുചേർക്കൽ വേളയിൽ നൽകിയതുപോലെ) ഉപയോഗിക്കുക.

**6.3.1 ആധാറും പാസ്‌വേഡും ഡൗൺലോഡ് ചെയ്യാൻ ഒറ്റത്തവണ പാസ്‌വേഡ്**

ആധാറിൽ താങ്കളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് ആധാർ ഡൗൺലോഡ് ചെയ്യാനുള്ള ഒറ്റത്തവണ പാസ്‌വേഡ് ലഭിക്കും. ഈ പാസ് വേഡിനു പകരം ഇ-ആധാർ ഡൗൺലോഡ് ചെയ്യാൻ താങ്കൾക്ക് സമയാധിഷ്ഠിത ഒറ്റത്തവണ പാസ്‌വേഡും (T-OTP) ഉപയോഗിക്കാനാവും. എംആധാർ ആപ്പ് ഉപയോഗിച്ച് സമയാധിഷ്ഠിത ഒറ്റത്തവണ പാസ്‌വേഡ് നിർമിക്കാം. <എംആധാർ ആപ്പിൽ നിന്ന് സമയാധിഷ്ഠിത ഒറ്റത്തവണ പാസ്‌വേഡിന്റെ സ് ക്രീൻ ഷോട്ട് ചേർക്കുക> താങ്കളുടെ ആധാറിന്റെ പാസ്‌വേഡിനാൽ സംരക്ഷിക്കപ്പെട്ടിട്ടുള്ള ഇലക്ട്രോണിക്ക് പകർപ്പാണ് ഇ-ആധാർ എന്നുകൂടി അറിയപ്പെടുന്നു ഡൗൺലോഡ് ചെയ്യപ്പെട്ട ആധാർ. .പിഡിഎഫ് (.pdf) രേഖയായാണ് അതിനെ ഡൗൺലോഡ് ചെയ്യുന്നത്. താങ്കളുടെ ഇ-ആധാർ.പിഡിഎഫ് (**eaadhaar.pdf**) ഫയലിന്റെ പാസ്‌വേഡ് എന്നത് പേരിന്റെ ക്യാപ്പിറ്റലിൽ ഉള്ള ആദ്യ 4 അക്ഷരങ്ങളും ജനന വർഷവുമാണ്. ഇ-ആധാറിനെക്കുറിച്ചു കൂടുതൽ വായിക്കാൻ സ്‌കാൻ ചെയ്യുക:
https://uidai.gov.in/contact-support/have-any-question/283-faqs/aadhaar-online-services/e-aadhaar.html.

**6.3.2 ഇ-ആധാറിലെ ഡിജിറ്റൽ ഒപ്പിന് അംഗീകാരം**

യുഐഡിഎഐ ആണ് താങ്കളുടെ ഇ-ആധാറിൽ ഡിജിറ്റലായി ഒപ്പിട്ടിരിക്കുന്നത്. താങ്കളുടെ ഇ-ആധാറിലെ ഡിജിറ്റൽ ഒപ്പ് ഒരു ചോദ്യ ചിഹ്നം കാണിക്കുന്നുവെങ്കിൽ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കും മുമ്പ് ഡൗൺലോഡ് ചെയ്ത ആധാറിലെ ഡിജിറ്റൽ ഒപ്പിന് താങ്കൾ അംഗീകാരം നൽകേണ്ടതായുണ്ട്. ഇ-ആധാറിലെ ഡിജിറ്റൽ ഒപ്പിന് എങ്ങനെ അംഗീകാരം നൽകാം എന്നതു സംബന്ധിച്ച ട്യൂട്ടോറിയൽ കാണാൻ സ്‌കാൻ ചെയ്യുക:
https://youtu.be/qkltutvyunu

**6.3.3 ഡൗൺലോഡ് ചെയ്ത ആധാർ നിയമപരമായി സാധുതയുള്ളത്**

ഡൗൺലോഡ് ചെയ്ത ആധാർ നിയമപരമായി സാധുതയുള്ള രേഖയായതിനാൽ ആധാർ കത്ത് ഉപയോഗിക്കുന്നതു പോലെത്തന്നെ ഉപയോഗിക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്ത ആധാറിൽ ഉള്ള ക്യുആർ കോഡ് സ്‌കാൻ ചെയ്ത് ഇത് സ്ഥിരീകരിക്കാവുന്നതാണ്. ഇ-ആധാർ സാധുതയെക്കുറിച്ചുള്ള സർക്കുലർ കാണാൻ സ്‌കാൻ ചെയ്യുക:

ഇ ആധാറിന്റെ സവിശേഷതകൾ

https://uidai.gov.in/images/uidai_om_on_e_aadhaar_validity.pdf

## എം ആധാർ  മൊബൈൽ അപ്ലിക്കേഷൻ

**6.4**  എംആധാറിന്റെ ഔദ്യോഗിക മൊബൈൽ ആപ്പായ എംആധാർ മുഖേനയും ആധാർ താങ്കളുടെ സ്മാർട്ട് ഫോണിൽ കൊണ്ടുനടക്കാവുന്നതാണ്. ഓൺലൈനായുള്ള 35-ലേറെ ആധാർ സേവനങ്ങൾ ആധാർ ഉടമയ്ക്ക് ഈ ആപ്പ് നൽകുന്നു. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ആപ്പിൾ ആപ്പ് സ്റ്റോറിൽ നിന്നും എംആധാർ ഡൗൺലോഡ് ചെയ്യാം. ആൻഡ്രോയ്ഡ് എംആധാർ ആപ്പ് ഡൗൺലോഡ് ചെയ്യാൻ സ്കാൻ ചെയ്യുക:

https://play.google.com/store/apps/details?id=in.gov.uidai.maadhaarplus&hl=en_in

iOs ആപ്പ് ഡൗൺലോഡ് ചെയ്യാൻ സ്കാൻ ചെയ്യുക:

https://apps.apple.com/in/app/maadhaar/id1435469474

**ആധാർ പിവിസി കാർഡ്**

**6.5** യുഐഡിഐഐ അവതരിപ്പിച്ച ആധാറിന്റെ ഏറ്റവും പുതിയ രൂപമാണ് ആധാർ പിവിസി കാർഡ്.

കൈയിൽ കരുതാൻ  എളുപ്പവും മോടിയുള്ളതും കൂടാതെ, ഒന്നിലധികം സുരക്ഷാ സവിശേഷതകളും  ഫോട്ടോയും ഡെമോഗ്രാഫിക് വിശദാംശങ്ങളും ഉൾക്കൊള്ളുന്ന  സുരക്ഷിത പിവിസി  ക്യുആർ കോഡ് അടിസ്ഥാനമാക്കിയുള്ള ആധാർ കാർഡ് ഡിജിറ്റലായി ഒപ്പിട്ടതുമാണ്. Uidai.gov.in അല്ലെങ്കിൽ resident.uidai.gov.in വഴി ഓൺലൈനായി നാമമാത്ര നിരക്കായ 50 രൂപ മുടക്കി ഓർഡർ ചെയ്യുവാൻ കഴിയും.

ആധാർ പിവിസി കാർഡിൽ ഇനിപ്പറയുന്നതുപോലുള്ള സുരക്ഷാ സവിശേഷതകൾ അടങ്ങിയിരിക്കുന്നു:

സുരക്ഷിത QR കോഡ്

•

ഹോളോഗ്രാം

·

മൈക്രോ ടെക്സ്റ്റ്

·

പ്രേത ചിത്രം

·

നൽകിയ തീയതിയും അച്ചടിച്ച തീയതിയും

·

ഗില്ലോച്ചെ പാറ്റേൺ

·

എംബോസ്ഡ് ആധാർ ലോഗോ

ആധാർ പിവിസി കാർഡ് നിവാസിയുടെ വിലാസത്തിലേക്ക് സ്പീഡ് പോസ്റ്റ് വഴി കൈമാറുന്നു.

നിവാസി മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്തിട്ടില്ലായെങ്കിൽ മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യാത്ത / ഇതര മൊബൈൽ ഉപയോഗിച്ച് ഓർഡർ ചെയ്യാനും കഴിയും

നമ്പർ. ആധാർ പിവിസി കാർഡ് ഓർഡർ ചെയ്യുന്നതിന് നിങ്ങൾക്ക് ഈ ഐഡന്റിഫയറുകൾ ഉപയോഗിക്കാം:

ആധാർ നമ്പർ (12 അക്കം)

·

വെർച്വൽ ഐഡി (16 അക്ക വിഐഡി ഒരു ടോക്കൺ ഐഡന്റിഫയറാണ്, അത് ആധാർ നമ്പറിന് പകരം ഉപയോഗിക്കാൻ കഴിയും)

·

EID (28 അക്ക എൻറോൾമെന്റ് ഐഡി)

ക്രെഡിറ്റ് / ഡെബിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ് അല്ലെങ്കിൽ യുപിഐ ഉപയോഗിച്ച് നിങ്ങളുടെ ആധാർ പിവിസി കാർഡിനായി ഓൺലൈനായി പണമടയ്ക്കാം

. SRN (അഭ്യർത്ഥന നമ്പർ) സേവനത്തിനായി നിങ്ങളുടെ രജിസ്റ്റർ ചെയ്ത / നൽകിയ മൊബൈൽ നമ്പറിലേക്ക് SMS അറിയിപ്പുകൾ അയയ്ക്കുന്നു , അഭ്യർത്ഥനയുടെ നില, AWB (എയർവേ ബിൽ നമ്പർ) എന്നിവ സ്പീഡ് പോസ്റ്റ് ട്രാക്കുചെയ്യുന്നതിന്.

## 7. ആധാർ പരിശോധന

### 7.1 ഏത് ആധാറും ഓൺലൈനായി പരിശോധിക്കുക

uidai.gov.inൽ നിന്ന് ഓൺലൈനായി ഏത് ആധാർ നമ്പറും പരിശോധിക്കാൻ കഴിയും. താങ്കൾക്കു നൽകിയ ഏതു നമ്പറിന്റെയും വിശ്വസനീയത

പരിശോധിക്കാനായി ഈ സേവനം താങ്കൾക്ക് ഉപയോഗിക്കാം. ആധാർ നമ്പർ രേഖപ്പെടുത്തുമ്പോൾ ആധാർ ഉടമയുടെ താഴെപ്പറയുന്ന വിശദാംശങ്ങൾ താങ്കൾക്കു ലഭിക്കുന്നു:

- ആധാർ നമ്പർ നിലവിലുണ്ടോ എന്ന്
- പ്രായശ്രേണി
- ലിംഗം
- താമസിക്കുന്ന ജില്ല
- മൊബൈൽ നമ്പർ (അവസാന നാലക്കമൊഴികെ ബാക്കി മറച്ചിരിക്കുന്നു)

<ഫലത്തിന്റെ സ്ക്രീൻഷോട്ട് ചേർക്കുക>

കൂടുതൽ അറിയാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക: പ്രസക്ത വിഡിയോയിലേക്കുള്ള ലിങ്ക് ചേർക്കുക.

കൂടാതെ, താഴെപ്പറയുന്ന സേവനങ്ങൾ ഉപയോഗിച്ച് ഒരു വ്യക്തി സമർപ്പിച്ച ആധാർ ഒരു സേവനദാതാവിനു പരിശോധിക്കാനും കഴിയും:

1. ഓൺലൈനായി: https://resident.uidai.gov.in/verify
2. എംആധാർ ആപ്പിൽ നിന്ന്
3. സമർപ്പിച്ച ആധാറിലെ ക്യൂആർ കോഡ്, ആധാർ ക്യൂആർ കോഡ് സ്കാനർ ആപ്പോ എംആധാർ ആപ്പോ ഉപയോഗിച്ച് സ്കാൻ ചെയ്യുക.

**7.2 ആധാറിലെ ക്യൂആർ കോഡ് സുരക്ഷിതമാക്കുക**

ആധാർ ഉടമയുടെ ഫോട്ടോയും ഡെമോഗ്രഫിക്ക് വിവരങ്ങളും ഉൾപ്പെടുന്ന ഡിജിറ്റലായി ഒപ്പുവച്ച സുരക്ഷിത ക്യൂആർ കോഡ് അടങ്ങുന്നതാണ് ആധാർ കത്തും ഇആധാറും ആധാർ പി വി സി കാർഡും. ആധാർ ഉടമയുടെ വ്യക്തിവിവരങ്ങൾ പരിശോധിക്കാൻ ഈ ക്യൂആർ കോഡ് ഉപയോഗിക്കാനാവും. സമർപ്പിച്ച ആധാറിലെ സുരക്ഷിത ക്യൂആർ കോഡ് സ്കാൻ ചെയ്യാനായി ആധാർ ക്യൂആർ കോഡ് സ്കാനർ ആപ്പാണ് (എംആധാറിലും ലഭ്യമാണ്) സേവനദാതാവ് ഉപയോഗിക്കേണ്ടത്. സുരക്ഷിത ക്യൂആർ കോഡ് സംബന്ധിച്ച ട്യൂട്ടോറിയൽ കാണാൻ സ്കാൻ ചെയ്യുക: https://youtu.be/kmgupc63dfs

സുരക്ഷിത ക്യൂആർ കോഡിനെക്കുറിച്ച് കൂടുതൽ വായിക്കാൻ സ്കാൻ ചെയ്യുക: https://www.uidai.gov.in/contact-support/have-any-question/306-faqs/aadhaar-online-services/secure-qr-code-reader-beta.html

**8. ഓൺലൈനായുള്ള ആധാർ സേവനങ്ങൾ**

ആധാർ വെബ്സൈറ്റായ uidai.gov.in ലും എംആധാർ ആപ്പിലും ആധാറുമായി ബന്ധപ്പെട്ട നിരവധി ഓൺലൈൻ സേവനങ്ങൾ യുഐഡിഎഐ നൽകുന്നുണ്ട്. താങ്കളുടെ ആധാർ വിവരങ്ങളുടെ മെച്ചപ്പെട്ട വീക്ഷണത്തിനും നിയന്ത്രണത്തിനും ഈ സേവനങ്ങൾ താങ്കൾക്ക് ഉപയോഗിക്കാനാവും.

**8.1 ഓൺലൈനായുള്ള ആധാർ സേവനങ്ങൾ (രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ വേണ്ടാത്തവ)**

· **പേരുചേർക്കൽ കേന്ദ്രം കണ്ടെത്തുക**: വിവിധ തിരയൽ മാനദണ്ഡങ്ങൾ ഉപയോഗിക്കുന്നതിലൂടെ സമീപത്തെ എല്ലാ ആധാർ കേന്ദ്രങ്ങളുടെയും വിശദാംശങ്ങൾ താങ്കൾക്കു ലഭിക്കുന്നതാണ്.

· **കൂടിക്കാഴ്ചയ്ക്കുള്ള സമയം മുൻകൂർ ഉറപ്പാക്കൽ**: താങ്കൾക്കോ കുടുംബാംഗത്തിനോ സുഹൃത്തിനോ ഏതെങ്കിലും സൗകര്യപ്രദമായ ആധാർ എൻറോൾമെൻറ് കേന്ദ്രത്തിൽ വച്ച് ആധാറിനായി പേരുചേർക്കാനോ പരിഷ്ക്കരണത്തിനോ ആയി ഒരു കൂടിക്കാഴ്ചയ്ക്കുള്ള സമയം മുൻകൂട്ടി ഉറപ്പാക്കാവുന്നതാണ്.

· **ആധാർ നില പരിശോധിക്കുക**: താങ്കളുടെ ആധാറിൽ പേരുചേർക്കലിന്റെ/പരിഷ്ക്കരണത്തിന്റെ നില പരിശോധിക്കുവാൻ പൂർണമായ പേരും പിൻകോഡ് വിശദാംശങ്ങളും സഹിതം 14 അക്ക എൻറോൾമെന്റ് ഐഡിയും (ഇഐഡി)/പരിഷ്ക്കരണ അപേക്ഷാ നമ്പറും 14 അക്ക സമയ മുദ്രയും രേഖപ്പെടുത്തുക.

· **പിവിസി കാർഡ് ഓർഡർ ചെയ്യുക**: ആധാർ പിവിസി കാർഡ് നിങ്ങൾക്കോ അല്ലെങ്കിൽ കുടുംബാംഗങ്ങൾക്ക് വേണ്ടിയോ ഓർഡർ ചെയ്യാം. ഇതൊരു പണമടച്ചുള്ള സേവനമാണ്. കൂടുതൽ വിശദാംശങ്ങൾ സെക്ഷൻ 6.5 ലഭ്യമാണ്

· **പിവിസി കാർഡ് നില പരിശോധിക്കുക:** SRN (സേവന അഭ്യർത്ഥന നമ്പർ) അല്ലെങ്കിൽ ആധാർ നമ്പർ നൽകി നിങ്ങളുടെ ആധാർ പിവിസി കാർഡ് അഭ്യർത്ഥനയുടെ നില പരിശോധിക്കാൻ കഴിയും.

ആധാർ പരിശോധിക്കുക: അവതരിപ്പിച്ച ഏതെങ്കിലും ആധാർ പരിശോധിക്കാൻ ഈ സേവനം ആർക്കും ഉപയോഗിക്കാം.

ഓൺലൈനായുള്ള ചില ആധാർ സേവനങ്ങൾക്ക് ഒറ്റത്തവണ പാസ്‌വേഡ് അധിഷ്ഠിത പ്രമാണീകരണം ആവശ്യമാണെന്നതിനാൽ ഇത്തരം സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ നിർബന്ധിതമാണ്. ഒറ്റത്തവണ പാസ്‌വേഡിനു പകരമായി ഇആധാർ ഡൗൺലോഡ് ചെയ്യാൻ സമയാധിഷ്ഠിത ഒറ്റത്തവണ പാസ്‌വേഡും (ടി-ഒടിപി) താങ്കൾക്ക് ഉപയോഗിക്കാവുന്നതാണ്. എംആധാർ ആപ്പ് ഉപയോഗിച്ച് സമയാധിഷ്ഠിത ഒറ്റത്തവണ പാസ്‌വേഡ് നിർമിക്കാവുന്നതാണ്.

· **ആധാർ ഡൗൺലോഡ് ചെയ്യൽ**: എപ്പോൾ വേണമെങ്കിലും താങ്കൾക്ക് ആധാർ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ഇത് സൗജന്യ സേവനമാണെന്നതു കൂടാതെ, നിർബന്ധിത ഒറ്റത്തവണ പാസ്‌വേഡ് പ്രമാണീകരണം ആവശ്യവുമാണ്.

**സന്ദേശച്ചിമിഴ്**: ഒരു വർഷം പരമാവധി 20 പ്രാവശ്യം മാത്രമേ താങ്കൾക്ക് താങ്കളുടെ ആധാർ ഡൗൺലോഡ് ചെയ്യാൻ കഴിയുകയുള്ളൂ.

· നഷ്ടപ്പെട്ട/മറന്ന ആധാർ നമ്പർ (യുഐഡി)/എൻറോൾമെന്റ് ഐഡി (ഇഐഡി) വീണ്ടെടുക്കൽ: ഈ സേവനം ഉപയോഗിച്ച് താങ്കളുടെ നഷ്ടപ്പെട്ട എൻറോൾമെന്റ് ഐഡിയോ ആധാർ നമ്പറോ വീണ്ടെടുക്കാവുന്നതാണ്. ഈ സേവനത്തിന് നിർബന്ധിത ഒറ്റത്തവണ പാസ്‌വേഡ് പ്രമാണീകരണം ആവശ്യമാണ്.

· **ഓൺലൈനായുള്ള മേൽവിലാസ പരിഷ്ക്കരണം**: താങ്കൾക്ക് ആധാറിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ ഉണ്ടെങ്കിൽ ആധാറിന്റെ സ്വയംസേവന പരിഷ്ക്കരണ പോർട്ടൽ ഉപയോഗിച്ച് ഓൺലൈനായി മേൽവിലാസ പരിഷ് ക്കരണ അപേക്ഷ നൽകാൻ കഴിയും. ഈ സേവനത്തിന് നിർബന്ധിത ഒറ്റത്തവണ പാസ്‌വേഡ് പ്രമാണീകരണം ആവശ്യമാണ്.

ഡെമോഗ്രാഫിക് വിശദാംശങ്ങൾ ഓൺലൈനിൽ അപ്ഡേറ്റ് ചെയ്യുന്നതിന്സ്കാൻ

· **അംഗീകാര കത്തിനുള്ള അപേക്ഷ**: താങ്കളുടെ ആധാറിലെ മേൽവിലാസം, പരിശോധകന്റെ മേൽവിലാസമാക്കി പരിഷ്ക്കരിക്കാനുള്ള സ്വാതന്ത്ര്യം ഈ സേവനം നൽകുന്നുണ്ട്( മറ്റൊരു ആധാർ ഉടമ തന്റെ മേൽവിലാസം അപേക്ഷകന് നൽകാൻ ആഗ്രഹിക്കുന്നു) ഈ സേവനത്തിന്റെ കൂടുതൽ വിവരങ്ങൾക്കായി വകുപ്പ് 3.2 നോക്കുക.

· **ആധാറിനെ ബാങ്കുമായി ബന്ധിപ്പിക്കുന്നതിന്റെ നില**: ഈ സേവനം ഉപയോഗിച്ച് താങ്കളുടെ ആധാറിനെ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതു

സംബന്ധിച്ച നില എൻപിസിഐ മാപ്പറിൽ പരിശോധിക്കാനാവും. ഈ സേവനത്തിന് നിർബന്ധിത ഒറ്റത്തവണ പാസ്‌വേഡ് പ്രമാണീകരണം ആവശ്യമാണ്.

ആധാർ ബാങ്ക് ലിങ്കിംഗ് നില

സ്കാൻ

**ആധാർ അപ്ഡേറ്റ് ചരിത്രം:** നിങ്ങളുടെ ആധാറിലെ എല്ലാ അപ്ഡേറ്റുകളുടെയും കാലക്രമ ചരിത്രം നേടുന്നതിന് നിങ്ങൾക്ക് ഈ സേവനം ഉപയോഗിക്കാം. ഈ സേവനത്തിനായുള്ള ഒടിപി നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയയ്ക്കും.

ആധാർ അപ്ഡേറ്റ് ചരിത്രം പരിശോധിക്കുവാൻ

സ്കാൻ

**ഇമെയിൽ / മൊബൈൽ നമ്പർ പരിശോധിക്കുക:** നിങ്ങളുടെ ആധാറിലെ ഇമെയിൽ അല്ലെങ്കിൽ മൊബൈൽ നമ്പർ പരിശോധിക്കാൻ നിങ്ങൾക്ക് ഈ സേവനം ഉപയോഗിക്കാം. ഈ സേവനത്തിനായുള്ള ഒടിപി നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയയ്ക്കും

നിങ്ങളുടെ ആധാറിലെ ഇമെയിൽ / മൊബൈൽ നമ്പർ സ്ഥിരീകരിക്കുന്നതിന്

സ്കാൻ ചെയ്യുക

**യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ**

**ഇന്ത്യാ ഗവൺമെന്റ്**

ആധാർ പ്രാമാണീകരണ ചരിത്രം: ഈ സേവനം ഉപയോഗിച്ച്, കഴിഞ്ഞ 6 മാസത്തിനുള്ളിൽ നിങ്ങൾ നടത്തിയ പ്രാമാണീകരണത്തിന്റെ വിശദാംശങ്ങൾ നിങ്ങൾക്ക് ലഭിക്കും. ഈ സേവനത്തിനായുള്ള ഒടിപി നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയയ്ക്കും.

ഓഫ്‌ലൈൻ eKYC സേവനം: ഈ സേവനം ഉപയോഗിച്ച്, KYC ആവശ്യങ്ങൾക്കായി നിങ്ങൾ ഉപയോഗിച്ചേക്കാവുന്ന ഡിജിറ്റലായി ഒപ്പിട്ട ആധാർ വിശദാംശങ്ങൾ നിങ്ങൾക്ക് സൃഷ്ടിക്കാൻ കഴിയും.

**8.3 സ്ഥിരം ചോദിക്കുന്ന ചോദ്യങ്ങൾ**

ആധാർ പ്രക്രിയ, സേവനങ്ങൾ, ഉൽപന്നങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കാൻ സ്ഥിരവാസിയെ സഹായകമായ സ്ഥിരം ചോദിക്കുന്ന ചോദ്യങ്ങളുടെ വിപുലമായ വിഭാഗം വെബ്സൈറ്റിലും എംആധാറിലുമായി യുഐഡിഎഐക്കുണ്ട്.

· പതിവുചോദ്യങ്ങൾ വായിക്കാൻ

സ്കാൻ

- താമസക്കാർക്കുള്ള ആധാർ ഹാൻഡ്ബുക്ക് 2020-Ver.1.1

## 9. താങ്കളുടെ ആധാർ വിവരങ്ങളുടെ സ്വകാര്യതയും സുരക്ഷിതത്വവും

താങ്കളുടെ വിവരങ്ങളുടെ സുരക്ഷിതത്വമെന്നത് ആധാർ പദ്ധതിയുടെ രൂപകൽപനയിൽത്തന്നെ അന്തർലീനമാണ്. വ്യക്തിയെക്കുറിച്ച് ഒന്നും വെളിപ്പെടുത്താത്ത ഒരു ക്രമരഹിത നമ്പർ ഉള്ളതു മുതൽ താഴെപ്പറയുന്ന മറ്റു സവിശേഷതകൾക്കു വരെ സ്ഥിരവാസിയുടെ താൽപര്യത്തിന് യുഐഡിഎഐ മുന്തിയ പ്രാധാന്യം നൽകുന്നു.

### 9.1 സ്വകാര്യതയും വിവരവും സംരക്ഷിക്കുന്ന യുഐഡിഎഐ

· പരിമിത വിവരങ്ങളുടെ സമാഹരണം: ആധാർ നമ്പർ നൽകുക, ആധാർ ഉടമയുടെ തിരിച്ചറിയൽ വിവരങ്ങൾ സ്ഥിരീകരിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ മാത്രമാണ് യുഐഡിഎഐ പരിമിതമായ വിവരങ്ങൾ ശേഖരിക്കുന്നത്. തിരിച്ചറിയൽ വിവരങ്ങളായ പേര്, ജനനത്തീയതി, ലിംഗം, മേൽവിലാസം, ഫോട്ടോ എന്നിവയും 10 വിരലുകളുടെ അടയാളങ്ങൾ മിഴിപടലങ്ങളുടെ സ്കാൻ എന്നിവ ഉൾപ്പെട്ട ബയോമെട്രിക്ക് വിവരങ്ങളും സ്ഥിരീകരിക്കാനാണ് അടിസ്ഥാന വിവരങ്ങൾ മാത്രം രേഖപ്പെടുത്തുന്നത്. കുട്ടികൾക്ക് മാതാവിന്റെ/പിതാവിന്റെ/രക്ഷാകർത്താവിന്റെ പേര് അത്യന്താപേക്ഷിതമാണ്. മൊബൈൽ നമ്പറും ഇമെയിൽ ഐഡിയും ഐച്ഛികമാണ്.

· **വ്യക്തിഗത വിവരങ്ങളുടെ സമാഹരണം, അതിന്റെ അടിസ്ഥാനത്തിലുള്ള പിന്തുടരൽ എന്നിവ ഇല്ല:** മതം, ജാതി, സമുദായം, വർഗം, വംശീയത, വരുമാനം, ആരോഗ്യനില എന്നിങ്ങനെയുള്ള സംവേദനക്ഷമമായ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുന്നതിൽ നിന്ന് യുഐഡിഎഐയുടെ നയം അതിനെ വിലക്കുന്നു. തിരിച്ചറിയാനും തിരിച്ചറിയൽ വിവരങ്ങൾ സ്വീകരിക്കാനും മാത്രമുള്ള പരിമിത വിവരങ്ങളാണ് ശേഖരിക്കുന്നത് എന്നതിനാൽ ആധാർ നമ്പർ സംവിധാനം മുഖേനയുള്ള വ്യക്തിഗത വിവരശേഖരണം സാദ്ധ്യമല്ല.

· വിവരങ്ങൾ രഹസ്യഭാഷയിലാക്കാൻ സംവിധാനമുള്ള സാക്ഷ്യപ്പെടുത്തിയ യന്ത്രങ്ങൾ: സാക്ഷ്യപ്പെടുത്തിയ ഉപകരണങ്ങൾ മാത്രം ഉപയോഗിച്ച് യുഐഡിഎഐ നൽകിയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് ആധാറിൽ പേരുചേർക്കൽ/ആധാർ പരിഷ്ക്കരണം നടക്കുന്നത്. യാത്രാവേളയിൽ ചോരാതിരിക്കാനായി വിവരങ്ങൾ ശേഖരിച്ചയുടൻ അതിനെ രഹസ്യഭാഷയിലാക്കുകയാണു ചെയ്യുന്നത്.

· **വിവരങ്ങൾ വെളിപ്പെടുത്തൽ** - 'അതെ', അല്ലെങ്കിൽ 'അല്ല' എന്ന പ്രതികരണം: ആധാർ വിവരശേഖരണത്തിലെ വ്യക്തിഗത വിവരങ്ങൾ യുഐഡിഎഐ വെളിപ്പെടുത്താറില്ല. സ്ഥിരീകരണ ആവശ്യത്തിനായി താങ്കളുടെ ആധാർ ഉപയോഗിക്കുന്നുവെങ്കിൽ, ചോദ്യത്തിനു പ്രതികരണമായി 'അതെ' അല്ലെങ്കിൽ 'അല്ല' എന്നതു മാത്രമായിരിക്കും യുഐഡിഎഐയിൽ നിന്നുള്ള പ്രതികരണം.

· **കേന്ദ്രീകരണവും മറ്റു വിവരശേഖരവുമായി യുഐഡിഎഐ വിവരങ്ങളെ ബന്ധിപ്പിക്കലും**: ആധാർ വിവരശേഖരത്തെ മറ്റു വിവരശേഖരങ്ങളുമായോ മറ്റു വിവരശേഖരങ്ങളിലെ വിവരങ്ങളുമായോ ബന്ധിപ്പിച്ചിട്ടില്ല. ആധാർ ഉടമ ഒരു സേവനം കൈപ്പറ്റുമ്പോൾ ആ വ്യക്തിയുടെ സമ്മതത്തോടെ അയാളുടെ തിരിച്ചറിയൽ വിവരങ്ങൾ സ്ഥിരീകരിക്കുക എന്നതു മാത്രമാണ് ഇതിന്റെ ഉദ്ദേശ്യം.

**9.2 കേന്ദ്ര തിരിച്ചറിയൽ വിവര സംഭരണിയിലെ വിവര സുരക്ഷ**

എല്ലാ ആധാർ ഉടമകളുടെയും വിവരങ്ങൾ യുഐഡിഎഐയുടെ കേന്ദ്ര തിരിച്ചറിയൽ വിവര സംഭരണിയിൽ സുരക്ഷിതമാണ്. ആവശ്യമായ സുരക്ഷാ അനുമതിയുള്ള, തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ നേരിട്ടും ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ സഹായത്തോടെയും സംരക്ഷിക്കുന്ന ഒന്നാണ് കേന്ദ്ര തിരിച്ചറിയൽ വിവര സംഭരണി. ഉയർന്ന സുരക്ഷയുള്ള ഒരു വിവര അറയിൽ, ലഭ്യമായ മികച്ച രഹസ്യഭാഷാ സാങ്കേതികവിദ്യയോടെ വിവരങ്ങൾ സുരക്ഷിതമാക്കിയിരിക്കുന്നു. വിവര ഉപയോഗത്തിന്റെ എല്ലാ വിശദാംശങ്ങളും യഥോചിതം രേഖപ്പെടുത്തുന്നു.

യുഐഡിഎഐക്ക് കർശന സുരക്ഷാ-സംഭരണ നിബന്ധനകൾ പ്രാബല്യത്തിലുണ്ട്. സുരക്ഷാ ലംഘനത്തിനുള്ള ശിക്ഷകൾ കഠിനമാണ്. തിരിച്ചറിയൽ വിവരങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള ശിക്ഷയും ഇതിലുൾപ്പെടുന്നു. കടന്നുകയറ്റമോ കേന്ദ്ര തിരിച്ചറിയൽ വിവര സംഭരണി.യിലെ വിവരങ്ങൾക്കു കേടുവരുത്തലോ ഉൾപ്പെടെ സംഭരണിയിലെക്കുള്ള ഏത് അനധികൃത പ്രവേശനത്തിനും 2016ലെ ആധാർ നിയമപ്രകാരം കടുത്ത ശിക്ഷാപ്രത്യാഘാതങ്ങളും ഉണ്ട്.

**9.3 താങ്കളുടെ ആധാർ വിവരങ്ങളെ എങ്ങനെ താങ്കൾ കൂടുതലായി സംരക്ഷിക്കും?**

ഈ സുരക്ഷാ രീതികൾ കൂടാതെ, താങ്കളുടെ ആധാർ വിശദാംശങ്ങൾ സ്വകാര്യമാക്കി വയ്ക്കാൻ സഹായിക്കുന്ന ഏതാനും ഓൺലൈൻ സേവനങ്ങളും യുഐഡിഎഐ നൽകുന്നുണ്ടെന്നതു കൂടാതെ, താങ്കളുടെ വിവരങ്ങൾക്കു മറ്റൊരു സുരക്ഷാ കവചം തീർക്കുകയും ചെയ്യുന്നു. അവയെ താഴെപ്പറയുന്നു:

§ **ആധാർ പരിഷ്ക്കരണ ചരിത്രം**: താങ്കളുടെ ആധാറിൽ നടത്തിയിട്ടുള്ള എല്ലാ പരിഷ്ക്കരണങ്ങളുടെയും കാലക്രമം അനുസരിച്ചുള്ള ചരിത്രം കിട്ടുവാൻ ഈ സേവനം താങ്കൾക്ക് ഉപയോഗിക്കാവുന്നതാണ്. ഈ സേവനത്തിനുള്ള ഒറ്റത്തവണ പാസ്‌വേഡ് താങ്കളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയയ്ക്കുന്നതാണ്. ട്യൂട്ടോറിയൽ കാണാൻ സ്കാൻ ചെയ്യുക: https://youtu.be/glp33gyqwjo

§ **ആധാർ പരിശോധന**: തന്നിട്ടുള്ള ഏത് ആധാറും ആർക്കും പരിശോധിക്കാൻ ഈ സേവനം ഉപയോഗിക്കാവുന്നതാണ്. ട്യൂട്ടോറിയൽ കാണാൻ സ്കാൻ ചെയ്യുക:

§ https://youtu.be/2fouvHuq3dc

§ **ഇമെയിൽ/മൊബൈൽ നമ്പർ പരിശോധന**: ആധാറിലെ താങ്കളുടെ ഇമെയിൽ/മൊബൈൽ നമ്പർ പരിശോധിക്കാൻ ഈ സേവനം ഉപയോഗിക്കാം. ആധാറിലെ താങ്കളുടെ ഇമെയിൽ/മൊബൈൽ നമ്പർ പരിശോധിക്കാൻ സ്കാൻ ചെയ്യുക: https://resident.uidai.gov.in/verify-email-mobile

§ **സാങ്കൽപിക ഐഡി (വിഐഡി)നിർമാണം**: ആധാർ അധിഷ്ഠിത പ്രമാണീകരണ സേവനം ഉപയോഗിക്കുമ്പോൾ താങ്കളുടെ ആധാർ നമ്പർ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ താങ്കളുടെ ആധാറിന്റെ 16 അക്ക സൂചകമായ സാങ്കൽപിക ഐഡി (വിഐഡി) ഉപയോഗിക്കാവുന്നതാണ്. uidai.gov.in, എംആധാർ ആപ്പ് എന്നിവയിൽ നിന്നോ ആധാർ എസ്എംഎസ് സേവനം വഴിയോ താങ്കളുടെ സാങ്കൽപിക ഐഡി നിർമിക്കാവുന്നതാണ്. സാങ്കൽപിക ഐഡിയെക്കുറിച്ച് കൂടുതൽ അറിയാൻ സ്കാൻ ചെയ്യുക: https://uidai.gov.in/contact-support/have-any-question/284-faqs/aadhaar-online-services/virtual-id-vid.html

ആധാർ എസ്എംഎസ് സേവനത്തെക്കുറിച്ച് കൂടുതൽ അറിയാൻ സ്കാൻ ചെയ്യുക: https://uidai.gov.in/contact-support/have-any-question/1014-faqs/aadhaar-online-services/aadhaar-sms-service.html

§ **ആധാർ പ്രമാണീകരണ ചരിത്രം:** കഴിഞ്ഞ 6 മാസങ്ങളിൽ താങ്കൾ നടത്തിയ പ്രമാണീകരണങ്ങളുടെ വിശദാംശങ്ങൾ ഈ സേവനത്തിന്റെ ഉപയോഗത്തിലൂടെ താങ്കൾക്കു ലഭിക്കുന്നു. ഈ സേവനത്തിനുള്ള ഒറ്റത്തവണ പാസ്‌വേഡ് താങ്കളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയച്ചു തരുന്നതാണ്. ആധാർ പ്രമാണീകരണ ചരിത്രത്തെക്കുറിച്ച് കൂടുതൽ അറിയാൻ സ്കാൻ ചെയ്യുക:

https://uidai.gov.in/contact-support/have-any-question/305-faqs/aadhaar-online-services/aadhaar-authentication-history.html

§ **ബയോമെട്രിക്ക് പൂട്ടൽ/തുറക്കൽ:** ആധാറിലെ താങ്കളുടെ ബയോമെട്രിക്കുകൾ പൂട്ടാനും താൽക്കാലികമായി തുറക്കാനും ഈ സേവനം താങ്കൾക്കു സഹായകമാകുന്നു. ഈ സേവനത്തിനുള്ള ഒറ്റത്തവണ പാസ്‌വേഡ് താങ്കളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയച്ചു തരുന്നതാണ്. ബയോമെട്രിക്ക് പൂട്ടൽ/തുറക്കൽ സേവനത്തെക്കുറ്ച്ച് കൂടുതൽ അറിയാൻ സ് കാൻ ചെയ്യുക: https://uidai.gov.in/contact-support/have-any-question/925-faqs/aadhaar-online-services/biometric-lock-unlock.html

§ **ആധാർ പൂട്ടൽ/തുറക്കൽ**: താങ്കളുടെ ആധാർ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ താങ്കൾക്ക് അതു പൂട്ടിവയ്ക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുന്നതുവഴി, ആധാർ, ബയോമെട്രിക്ക്, ഡെമോഗ്രഫിക്ക്, ഒറ്റത്തവണ പാസ് വേഡിൽ അധിഷ്ഠിതമായ പ്രമാണീകരണം എന്നിവയ്ക്കുള്ള സാങ്കൽപിക ഐഡിയും എഎൻസിഎസ് സൂചകങ്ങളും ഉപയോഗിച്ചുള്ള ഒരു പ്രമാണീകരണവും നടത്താൻ താങ്കൾക്കു സാധിക്കുകയില്ല. സാങ്കൽപിക ഐഡി ഉപയോഗിച്ചു മാത്രമേ ആധാർ തുറക്കാൻ സാധിക്കുകയുള്ളൂ.ഈ സേവനത്തിനുള്ള ഒറ്റത്തവണ പാസ്‌വേഡ് താങ്കളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയച്ചു തരുന്നതാണ്. ആധാർ പൂട്ടൽ/തുറക്കൽ സേവനത്തെക്കുറിച്ച് കൂടുതൽ അറിയാൻ സ്കാൻ ചെയ്യുക: https://uidai.gov.in/contact-support/have-any-question/1012-faqs/aadhaar-online-services/aadhaar-lock-unlock.html

§ **ഓഫ്‌ലൈൻ ഇകെവൈസി സേവനം:** കെവൈസി ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന, ഡിജിറ്റലായി ഒപ്പുവച്ച താങ്കളുടെ ആധാർ വിശദാംശങ്ങൾ ഈ സേവനം ഉപയോഗിച്ച് താങ്കൾക്കു നിർമിക്കാവുന്നതാണ്. ആധാർ കടലാസ് രഹിത ഓഫ്‌ലൈൻ ഇകെവൈസിയെക്കുറിച്ച് കൂടുതൽ അറിയാൻ സ്കാൻ ചെയ്യുക: https://uidai.gov.in/contact-support/have-any-

question/307-faqs/aadhaar-online-services/aadhaar-paperless-offline-ekyc.html

**10. പരാതി പരിഹാരം**

താങ്കളുടെ ആശങ്കകൾ പ്രകടിപ്പിക്കാനോ അതുമായി ബന്ധപ്പെട്ട പ്രതികരണം പങ്കുവയ്ക്കുവാനോ ആയി വിവിധ സമ്പർക്ക വേദികൾ യുഐഡിഎഐ സൃഷ്ടിച്ചിട്ടുണ്ട്. ഇത്തരം വേദികളെല്ലാം തന്നെ അനായാസം എത്തിച്ചേരാവുന്നതും സഹായത്തിനായി താങ്കൾക്കു യുഐഡിഎഐയുടെ സഹായ കേന്ദ്രങ്ങളെ സമീപിക്കാവുന്നതുമാണ്. താങ്കൾക്കു യുഐഡിഎഐയുമായി ബന്ധപ്പെടാവുന്ന വേദികൾ ഇവയാണ്:

**10.1 ആധാർ സമ്പർക്ക കേന്ദ്രം - ഹെൽപ്പ്ലൈൻ 1947**

താങ്കൾക്ക് ലാൻഡ്ലൈൻ, മൊബൈൽ ഫോൺ എന്നിവയിൽ നിന്ന് ഓട്ടമേറ്റഡ് ഐവിആർഎസ് മുഖേന സഹായം തേടുകയോ ആധാർ കെയർ എക്സിക്യൂട്ടീവുകളുമായി സംസാരിക്കുകയോ ചെയ്യാം. ഹിന്ദി, തെലുങ്ക്, തമിഴ്, കന്നട, മലയാളം, പഞ്ചാബി, മറാത്തി, ഗുജറാത്തി, ബംഗ്ള, ഒഡിയ, അസമീസ്, ഇംഗ്ലീഷ് എന്നിങ്ങനെ 12 ഭാഷകളിൽ ആധാർ സമ്പർക്ക കേന്ദ്രം സഹായം നൽകുന്നുണ്ട്.

സമീപത്തെ ആധാർ കേന്ദ്രത്തിന്റെ വിശദാംശങ്ങൾ ലഭിക്കുക, ആധാർ സേവന അപേക്ഷകളുടെ നില പരിശോധിക്കുക, പരിഷ്ക്കരണം നിരസിച്ചെങ്കിൽ ശരിയായ നടപടിക്കുള്ള സഹായം ലഭിക്കുക, നഷ്ടപ്പെട്ട എൻറോൾമെന്റ് ഐഡി ലഭിക്കുക എന്നിവയ്ക്കും ആധാർ സമ്പർക്ക കേന്ദ്രത്തിൽ നിന്നു ഫോണിലൂടെ ലഭിക്കുന്ന ഏത് ആധാർ സേവനത്തെക്കുറിച്ചും പരാതി നൽകാനും വിവരം ലഭിക്കാനും ഈ കേന്ദ്രം സഹായകമാണ്.

**10.2 ഇമെയിൽ മുഖേന സഹായം**

താങ്കളുടെ ചോദ്യങ്ങൾ, അഭിപ്രായങ്ങൾ, നിർദേശങ്ങൾ, പരാതികൾ എന്നിവ ആധാറിലേക്ക് help@uidai.gov.in എന്ന ഇമെയിൽ വിലാസം മുഖേന ഇമെയിൽ ചെയ്യാം. സമ്പർക്ക കേന്ദ്രത്തിലെ പ്രഫഷനലുകളുടെ ഒരു സംഘമാണ് ഇതു കൈകാര്യം ചെയ്യുന്നത്. താങ്കളുടെ വിഷയത്തിന്റെ ഐഡി സൃഷ്ടിക്കാൻ ടിക്കറ്റിങ്ങ് സംവിധാനം സഹായകമാകുന്നു. ഇമെയിലിന്റെ മറുപടിയായി പ്രസ്തുത ഐഡി താങ്കൾക്കു കൈമാറുന്നു. താങ്കളുടെ വിഷയത്തിന്റെ സ്ഥിതി അറിയാൻ ഈ ഐഡി നൽകിയാൽ മതി.

**10.3 ആധാർ വെബ്സൈറ്റ്**

ആധാറുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങൾ, ആധാർ ഓൺലൈൻ സേവനങ്ങൾ, എല്ലാ യുഐഡിഎഐ രേഖകളുടെയും മറ്റ് ഉപയോഗപ്രദമായ

വിഭവങ്ങളുടെയും സംഭരണി എന്നിങ്ങനെയുള്ളവ സ്ഥിതി ചെയ്യുന്ന സ്ഥലമാണ് ആധാർ വെബ്സൈറ്റ്. ഭാരതത്തിലെവിടെ നിന്നും മൊബൈൽ ഫോൺ, ഡെസ്ക്ക്ടോപ്പ്, ലാപ്പ്ടോപ്പ് എന്നിവയിൽ നിന്ന് യുഐഡിഎഐ വെബ്സൈറ്റ് ആയ www.uidai.gov.in ൽ പ്രവേശിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ടുള്ള വിവരത്തെ താഴെപ്പറയുന്ന തലക്കെട്ടുകളായി തരംതിരിച്ചിരിക്കുന്നു:

- **എന്റെ ആധാർ വിഭാഗം**: പേരുചേർക്കൽ/പരിഷ്ക്കരണ നടപടികൾ, ആധാർ കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലം, കൂടിക്കാഴ്ചാ സമയം മുൻകൂട്ടി ഉറപ്പാക്കൽ, ഇആധാർ ഡൗൺലോഡ് ചെയ്യൽ, പേരുചേർക്കലിനു/പരിഷ്ക്കരണത്തിനു ശേഷം ആധാർ നില പരിശോധിക്കൽ, നഷ്ടപ്പെട്ട എൻറോൾമെന്റ് ഐഡി/ആധാർ നമ്പർ വീണ്ടെടുക്കൽ, ആധാർ പി വി സി കാർഡ് ആവശ്യപ്പെടൽ.

- **യുഐഡിഎഐ വിഭാഗത്തെ സംബന്ധിച്ച്**: ദർശനം, ദൗത്യം, സംഘടനാപരമായ ഘടന, നിയമപരമായ ചട്ടക്കൂട്, അതോറിറ്റിയുടെ സംവിധാനം, നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ, യുഐഡിഎഐയിലെ തൊഴിലവസരങ്ങൾ എന്നിങ്ങനെ ആധാറിനെക്കുറിച്ചുള്ള സമഗ്ര വിവരങ്ങളും https://uidai.gov.in/about.uidai.html ലൂടെ ഈ വിഭാഗം നൽകുന്നു.

- **പരിസ്ഥിതി വിഭാഗം**: പ്രമാണീകരണ ഉപകരണങ്ങൾ, ബയോമെട്രിക്ക് ഉപകരണങ്ങൾ, ക്യൂആർ കോഡ് റീഡർ, കടലാസ് രഹിത ഇകെവൈസി എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ഈ വിഭാഗം മുഖേന https://uidai.gov.in/ecosystem.html ൽ ലഭിക്കുന്നതാണ്.

- **സമ്പർക്ക-പിന്തുണാ വിഭാഗം**: യുഐഡിഎഐ ഡയറക്റ്ററി, ബന്ധപ്പെട്ട മേഖലാ കാര്യാലയങ്ങൾ, യുഐഡിഎഐ വെബ്സൈറ്റിൽ പരിപാലിക്കുന്ന പരിഹാര സംവിധാനത്തിന്റെ പരാതി വിഭാഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ https://uidai.gov.in/contact-support.html മുഖേന ലഭ്യമാണ്.

വെബ്സൈറ്റിൽ ലഭ്യമായ വിവിധ സേവനങ്ങളെ താങ്കൾക്ക് ഉപയോഗപ്പെടുത്താം. യുഐഡിഎഐ സംഘത്തിന്റെ സമ്പർക്ക വിശദാംശങ്ങളും താങ്കൾക്കു ലഭിക്കുന്നതാണ്. എല്ലാ ആധാർ നടപടിക്രമങ്ങളും സേവനങ്ങളും ആയി ബന്ധപ്പെട്ട ചോദ്യങ്ങൾക്കു വിശദമായ മറുപടികൾ നൽകുന്ന സ്ഥിരം ചോദിക്കുന്ന ചോദ്യങ്ങൾ എന്ന സമർപ്പിത വിഭാഗവും ഈ വെബ്സൈറ്റിനുണ്ട്.

**സന്ദേശച്ചിമിഴ്**: ഏതു പരാതിയും താങ്കൾക്ക് ഓൺലൈനായി നൽകാം.: https://resident.uidai.gov.in/file-complaint

പരാതിയുടെ നില അറിയാൻ: https://resident.uidai.gov.in/check-complaintstatus

**10.5 ആധാർ ചാറ്റ്ബോട്ട്**

താങ്കൾക്കൊരു പുതിയ സമ്പർക്കവേദിയായി ആധാർ വെബ്സൈറ്റിൽ ചാറ്റ്ബോട്ട് സേവനം യുഐഡിഎഐ ആരംഭിച്ചിട്ടുണ്ട്. ആധാറുമായി ബന്ധപ്പെട്ട താങ്കളുടെ സംശയങ്ങൾ ചാറ്റ് മുഖേന ചോദിക്കാവുന്നതാണ്. താങ്കൾ uidai.gov.in സന്ദർശിച്ച് പേജിന്റെ വലതുവശത്ത് താഴത്തെ മൂലയിലുള്ള ഐക്കണായ 'ആസ്ക്ക് ആധാർ' (ആധാറിനോടു ചോദിക്കുക) ക്ലിക്ക് ചെയ്യുക. താങ്കളുടെ ചോദ്യങ്ങൾക്ക് ചാറ്റ്ബോട്ട് ഉടനടി കൃത്യമായ ഉത്തരം നൽകുന്നതാണ്. ചാറ്റ്ബോട്ടിൽ താങ്കളുടെ പ്രതികരണം രേഖപ്പെടുത്താവുന്നതാണ്. ഈ സേവനം മെച്ചപ്പെടുത്താനുള്ള താങ്കളുടെ നിർദേശങ്ങൾ ഉൾപ്പെടുത്തുന്നതിൽ ഞങ്ങൾക്കു സന്തോഷമാണുള്ളത്.

**10.5 സാമൂഹിക മാദ്ധ്യമങ്ങൾ**

ഇന്നത്തെ ലോകത്ത് ഏറ്റവും മുൻഗണന നൽകുന്നതും അനായാസം ലഭ്യവുമായ ആശയവിനിമയ രീതിയായി ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ് സാമൂഹിക മാദ്ധ്യമങ്ങൾ. സാമൂഹിക മാദ്ധ്യമങ്ങളുടെ സ്വാധീനവും ഉപയോഗവും ആധാർ മനസ്സിലാക്കുകയും ആധാർ ഉടമകളിലേക്ക് എത്തിച്ചേരാൻ ബഹുവേദികൾ ലഭ്യമാക്കുകയും ചെയ്യുന്നു.

**10.5.1 ഔദ്യോഗിക സാമൂഹിക മാദ്ധ്യമങ്ങൾ**

താഴെപ്പറയുന്ന സാമൂഹിക മാദ്ധ്യമ വേദികളിലൂടെ താങ്കൾക്ക് യുഐഡിഎഐ പ്രവർത്തകരിലേക്ക് എത്തിച്ചേരാവുന്നതാണ്:

**10.5.1.1 റ്റ്വിറ്റർ**

യുഐഡിഎഐക്ക് താഴെപ്പറയുന്ന ഔദ്യോഗിക റ്റ്വിറ്റർ ഹാൻഡിലുകൾ ഉണ്ട്:

ദേശീയതലം:

§ @ Aadhaar_Care (https://twitter.com/Aadhaar_care) - ഔദ്യോഗിക ആധാർ ഉപഭോക്തൃ പരിചരണ ഹാൻഡിൽ

§ യുഐഡിഎഐ (https://twitter.com/uidai) - ആധാറുമായി ബന്ധപ്പെട്ട പൂർണ വിവരങ്ങൾ/അറിയിപ്പുകൾ എന്നിവ താങ്കൾക്കു ലഭിക്കുന്ന ഹാൻഡിൽ

§ ceo_uidai (https://twitter.com/ceo_uidai) - യുഐഡിഎഐയിലെ സിഇഒയുടെ ഔദ്യോഗിക വിശദാംശങ്ങൾ

പ്രാദേശികതലം:

§ @യുഐഡിഎഐ ചണ്ഡീഗർ (https://twitter.com/UIDAIchandigarh) - ചണ്ഡീഗറിലെ ആധാർ പ്രാദേശിക കാര്യാലയത്തിന്റെ ഔദ്യോഗിക റ്റ്വിറ്റർ അക്കൗണ്ട്. ചണ്ഡീഗർ, ജമ്മു-കശ്മീർ, ലഡാക്ക്, ഹര്യാന, ഹിമാചൽ പ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കായി സ്ഥിരവാസികൾക്ക് ഈ അക്കൗണ്ടിൽ ബന്ധപ്പെടാവുന്നതാണ്.

§ @യുഐഡിഎഐ ഡൽഹി (https://twitter.com/UIDAIDelhi) - ഡെൽഹിയിലെ യുഐഡിഎഐ പ്രാദേശിക കാര്യാലയത്തിന്റെ ഔദ്യോഗിക റ്റ്വിറ്റർ അക്കൗണ്ട്. ന്യൂഡെൽഹി, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ് മേഖലകളുമായി ബന്ധപ്പെട്ട ഏതു ചോദ്യങ്ങൾക്കും സ്ഥിരവാസികൾ ഈ അക്കൗണ്ടിൽ ബന്ധപ്പെടേണ്ടതാണ്.

§ @യുഐഡിഎഐ മുംബൈ (https://twitter.com/UIDAIMumbai) - മുംബൈയിലെ യുഐഡിഎഐ പ്രാദേശിക കാര്യാലയത്തിന്റെ ഔദ്യോഗിക റ്റ്വിറ്റർ അക്കൗണ്ട്. മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ, ഡാമൻ-ഡിയു, ദാദ്ര-നഗർഹവേലി മേഖലകളെ സംബന്ധിച്ച ചോദ്യങ്ങൾക്ക് സ്ഥിരവാസികൾക്ക് ഈ അക്കൗണ്ടുമായി ബന്ധപ്പെടാവുന്നതാണ്.

§ @യുഐഡിഎഐ ബങ്കളൂരു (https://twitter.com/UIDAIBengaluru) - ബങ്കളൂരുവിലെ യുഐഡിഎഐ പ്രാദേശിക കാര്യാലയത്തിന്റെ ഔദ്യോഗിക റ്റ്വിറ്റർ അക്കൗണ്ട്. കർണാടകം, കേരളം, തമിഴ്നാട്, പുതുച്ചേരി, ലക്ഷദ്വീപ് എന്നീ പ്രദേശങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് സ്ഥിരവാസികൾക്ക് ഈ അക്കൗണ്ടിൽ ബന്ധപ്പെടാം.

§ @യുഐഡിഎഐ ഹൈദരാബാദ് (https://twitter.com/UIDAIHyderabad) - ഹൈദരാബാദിലെ യുഐഡിഎ പ്രാദേശിക കാര്യാലയത്തിന്റെ ഔദ്യോഗിക റ്റ്വിറ്റർ അക്കൗണ്ട്. ആന്ധ്ര പ്രദേശ്, തെലങ്കാന, ഒഡീഷ, ഛത്തീസ്ഗർ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കായി സ്ഥിരവാസികൾക്ക് ഈ അക്കൗണ്ടിൽ ബന്ധപ്പെടാവുന്നതാണ്.

§ @യുഐഡിഎഐ റാഞ്ചി (https://twitter.com/UIDAIRanchi) - റാഞ്ചിയിലെ യുഐഡിഎ പ്രാദേശിക കാര്യാലയത്തിന്റെ ഔദ്യോഗിക റ്റ്വിറ്റർ അക്കൗണ്ട്. ജാർഖണ്ഡ്, ബിഹാർ, പശ്ചിമ ബംഗാൾ എന്നീ മേഖലകളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കായി സ്ഥിരവാസികൾക്ക് ഈ അക്കൗണ്ടിൽ ബന്ധപ്പെടാം..

§ @യുഐഡിഎ ഐലക്നോ (https://twitter.com/UIDAILucknow) - ലക്നോയിലെ യുഐഡിഎ പ്രാദേശിക കാര്യാലയത്തിന്റെ ഔദ്യോഗിക റ്റ്വിറ്റർ അക്കൗണ്ട്. ഉത്തർ പ്രദേശ് മേഖലയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കായി സ്ഥിരവാസികൾ ഈ അക്കൗണ്ടിൽ ബന്ധപ്പെടണം.

§ @യുഐഡിഎഐ ഗോഹട്ടി (https://twitter.com/UIDAIGuwahati) - ഗോഹട്ടിയിലെ യുഐഡിഎ പ്രാദേശിക കാര്യാലയത്തിന്റെ ഔദ്യോഗിക ടിറ്റർ അക്കൗണ്ട്. അസം, മേഘാലയ, നാഗലാൻഡ്, മണിപ്പൂർ, മിസറം, അരുണാചൽ പ്രദേശ്, ത്രിപുര, സിക്കിം ഉടങ്ങിയവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കായി സ്ഥിരവാസികൾക്ക് ഈ അക്കൗണ്ടിൽ ബന്ധപ്പെടാവുന്നതാണ്.

നേരിട്ടുള്ള റ്റ്വീറ്റുകൾ, നേരിട്ടുള്ള സന്ദേശങ്ങൾ എന്നിവ മുഖേനയും താങ്കൾക്ക് യുഐഡിഎഐയുമായി ബന്ധപ്പെടാം. ഞങ്ങളുടെ സാമൂഹിക മാദ്ധ്യമ പരാതി നിർവഹണ സംഘവുമായി താങ്കൾക്കു ബന്ധപ്പെടാനാവും.

**10.5.1.2 ഫെയ്സ്ബുക്ക്**: യുഐഡിഎഐക്ക് ഫെയ്സ്ബുക്കിൽ ഒരു ഔദ്യോഗിക പേജ് മാത്രമേ ഉള്ളൂ - www.facebook.com/aadhaarofficial.

ഫെയ്സ്ബുക്കിൽ @aadhaarofficial എന്നു തിരഞ്ഞ് 'ലൈക്ക്' ചെയ്യുകയോ പുതിയ വിവരങ്ങൾക്കായി '**Follow us**'ക്ലിക്ക് ചെയ്യുകയോ ആവാം. പ്രത്യേക ചോദ്യങ്ങളുണ്ടെങ്കിൽ താങ്കൾ ഞങ്ങൾക്ക് ഒരു സ്വകാര്യ സന്ദേശം അയയ്ക്കുകയോ ഞങ്ങളുടെ ഏതെങ്കിലും ഫെയ്സ്ബുക്ക് പോസ്റ്റുകളിൽ അഭിപ്രായം രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

**10.5.1.3 യുട്യൂബ്:**

https://www.youtu.be.com/user/aadhaaruid മുഖേന യൂറ്റിയൂബിൽ ഔദ്യോഗിക ആധാർ ചാനൽ എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാണ്. താങ്കൾക്ക് യുട്യൂബിൽ ആധാർ യുഐഡി തിരയാവുന്നതും ഞങ്ങളുടെ ഔദ്യോഗിക ചാനലിന്റെ വരിക്കാരാകാവുന്നതുമാണ്. ഞങ്ങളുടെ ഓൺലൈൻ സേവനങ്ങളുടെ എല്ലാ ട്യൂട്ടോറിയൽ വിഡിയോകൾ, ആധാറുമായി ബന്ധപ്പെട്ട വിജ്ഞാന സംബന്ധമായ വിഡിയോകൾ, ഞങ്ങളുടെ എല്ലാ റ്റിവി പരസ്യങ്ങൾ, പ്രത്യേക സന്ദേശങ്ങൾ, വാർത്താ റിപ്പോർട്ടുകൾ, മത്സര വിഡിയോകൾ തുടങ്ങിയവയുടെ സമർപ്പിത ഉള്ളടക്ക പട്ടിക ഈ ചാനലിനുണ്ട്. വിജ്ഞാനപ്രദമാണെന്നതിനു പുറമേ, രാജ്യമെമ്പാടുമുള്ള ആധാർ ഉടമകൾ നിർമിച്ച ആശ്ചര്യകരമായ വിഡിയോ ഉള്ളടക്കങ്ങൾ കാണാനും ഈ ചാനൽ അവസരമൊരുക്കുന്നു. ഞങ്ങളുടെ വിഡിയോ സംബന്ധമായി താങ്കൾക്ക് അഭിപ്രായം രേഖപ്പെടുത്തുകയോ പ്രതികരണം പങ്കുവയ്ക്കുകയോ ചെയ്യാവുന്നതാണ്.

**10.5.1.4 ഇൻസ്റ്റഗ്രാം:**

ആധാറിന്റെ ഔദ്യോഗിക ഉപഭോക്തൃ സേവന അക്കൗണ്ട് യുഐഡിഎഐ അടുത്തിടെ ഇൻസ്റ്റഗ്രാമിൽ ആരംഭിക്കുകയുണ്ടായി. @aadhaar_official

(https://instagram.com/aadhaar_official)മുഖേന ഞങ്ങളെ പിന്തുടരാവുന്നതാണ്. എന്തെങ്കിലും പ്രത്യേക ചോദ്യങ്ങളുണ്ടെങ്കിൽ താങ്കൾക്ക് നേരിട്ടുള്ള ഒരു സന്ദേശം ഞങ്ങൾക്ക് അയയ്ക്കാവുന്നതും ഞങ്ങളുടെ സംഘാംഗങ്ങൾ പ്രതികരിക്കുന്നതുമാണ്.

**10.5.1.5 ലിങ്ക്ഡ്ഇൻ**: https://www.linkedin.com/company/unique-identification-authority-of-india-uidai എന്നത് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഔദ്യോഗിക പേജാണ്. ആധാറുമായി ബന്ധപ്പെട്ട വിവരങ്ങളും വാർത്തകളും ഞങ്ങൾ ഈ ഔദ്യോഗിക പേജിലാണ് പങ്കുവയ്ക്കുന്നത്.

**10.5.2 വ്യാജ പ്രൊഫൈലുകളെ/യൂസർ അക്കൗണ്ടുകളെ സൂക്ഷിക്കുക**

യുഐഡിഎഐയുടെ എല്ലാ ഔദ്യോഗിക സാമൂഹിക മാദ്ധ്യമ പ്രൊഫൈലുകളും പരിശോധിച്ചിട്ടുള്ളതാണ്. ആയതിനാൽ, ഔദ്യോഗിക പ്രൊഫൈലുകളെ മാത്രമേ താങ്കൾ പിന്തുടരാവൂ/ബന്ധപ്പെടാവൂ എന്ന് ശുപാർശ ചെയ്യുന്നു. വ്യാജ പ്രൊഫൈൽ പൊസ്റ്റുകളിൽ വരുന്ന ഒന്നും വിശ്വസിക്കാതിരിക്കുക. ആധാറെന്നോ യുഐഡിഎഐ എന്നോ ഭാവിക്കുന്ന എതെങ്കിലും സാമൂഹിക മാദ്ധ്യമവുമായി സംഭാഷണത്തിൽ ഏർപ്പെടുകയോ താങ്കളുടെ വിവരങ്ങൾ പങ്കുവയ്ക്കുകയോ ചെയ്യരുത്. ഒരു വ്യക്തി തന്റെ സാമൂഹിക മാദ്ധ്യമ പ്രൊഫൈലിൽ ആധാറിന്റെ ഔദ്യോഗിക പ്രൊഫൈൽ തന്റെ ജോലിസ്ഥലമായി ചേർത്താൽ, ആ വ്യക്തി യുഐഡിഎഐയിലെ ഒരു ജീവനക്കാരൻ/ജീവനക്കാരി ആണെന്ന് അർത്ഥമില്ല. ആരെങ്കിലും അപ്രകാരം അവകാശപ്പെട്ടാൽ, uidai.gov.inലെ സമ്പർക്ക ഡയറക്റ്ററി പരിശോധിച്ച് ജോലിസ്ഥലം സംബന്ധിച്ച ആ വ്യക്തിയുടെ അവകാശവാദം സ്ഥിരീകരിക്കുക.

**10.6 ആധാറി□□□□ മേഖലാ കാര്യാലയങ്ങൾ**

തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനം, പദ്ധതികളുടെ നിർവഹണം, പ്രശ്നപരിഹാരം എന്നിവ സുഗമമാക്കുന്നതിനായി യുഐഡിഎഐ 8 മേഖലാ കാര്യാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങൾ, കൈകാര്യം ചെയ്യുന്ന പ്രവർത്തനങ്ങൾ, നിർദിഷ്ട പ്രദേശവുമായി ബന്ധപ്പെട്ട ആവലാതികൾ എന്നിവയ്ക്ക് അനുസൃതമായി ഓരോ മേഖലാ കാര്യാലയത്തിനും ഒരു നിർദിഷ്ട അധികാര പരിധിയുണ്ട്. https://uidai.gov.in/contact-support/contact-directory/regional-offices.html ൽ ബന്ധപ്പെട്ട മേഖലാ കാര്യാലയത്തിന്റെ സമ്പർക്ക വിശദാംശങ്ങൾ ലഭ്യമാണ്.

എട്ടുമേഖലാ കാര്യാലയങ്ങൾ താഴെപ്പറയുന്നു:

§ ന്യൂഡെൽഹി - ന്യൂഡെൽഹി, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ് മേഖലകൾ ഉൾക്കൊള്ളുന്നു

വിലാസം: ഗ്രൗണ്ട് ഫ്ലോർ, പ്രഗതി മൈതാൻ മെട്രോ സ്റ്റേഷൻ, പ്രഗതി മൈതാനം, ന്യൂ ദില്ലി -110001

§ ബങ്കളൂരു, കർണാടകം - കർണാടകം, കേരളം, തമിഴ്നാട്, പുതുച്ചേരി, ലക്ഷദ്വീപ് മേഖലകൾ ഉൾക്കൊള്ളുന്നു

വിലാസം: ഖനിജ ഭവൻ, നമ്പർ 49, മൂന്നാം നില, സൗത്ത് വിംഗ്, റേസ് കോഴ്സ് റോഡ്, ബെംഗളൂരു- 560001

§ ചണ്ഡീഗർ - ചണ്ഡീഗർ, ജമ്മു-കശ്മീർ, ലഡാക്ക്, ഹരിയാന, ഹിമാചൽ പ്രദേശ്, പഞ്ചാബ് മേഖലകൾ ഉൾക്കൊള്ളുന്നു

വിലാസം: എസ്സിഒ 95-98, ഗ്രൗണ്ട് ,രണ്ടാം നില, സെക്ടർ 17- ബി, ചണ്ഡിഗന്ദ് 160017

§ മുംബൈ, മഹാരാഷ്ട്ര - മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ, ഡാമൻ-ഡിയു, ദാദ്ര-നഗർഹവേലി മേഖലകൾ ഉൾക്കൊള്ളുന്നു

വിലാസം: ഏഴാം നില, എംടിഎൻഎൽ എക്സ്ചേഞ്ച്, ജിഡി സോമാനി മാർഗ്, കഫ് പരേഡ്, കൊളാബ, മുംബൈ- 400 005

§ റാഞ്ചി, ജാർഖണ്ഡ് - ജാർഖണ്ഡ്, ബിഹാർ, പശ്ചിമ ബംഗാൾ മേഖലകൾ ഉൾക്കൊള്ളുന്നു

വിലാസം: ഒന്നാം നില, റിയാഡ സെൻട്രൽ ഓഫീസ് കെട്ടിടം, നംകം ഇൻഡസ്ട്രിയൽ ഏരിയ, എസ്ടിപിഐക്ക് സമീപം ,ലോവാഡി, റാഞ്ചി - 834 010

§ ഗോഹട്ടി, അസം - അസം, മേഘാലയം, നാഗാലാൻഡ്, മണിപ്പൂർ, മിസറം, അരുണാചൽ പ്രദേശ്, ത്രിപുര, സിക്കിം മേഖലകൾ ഉൾക്കൊള്ളുന്നു

വിലാസം: ബ്ലോക്ക്-5 , ഒന്നാം നില, ഹോസിഡ് കോംപ്ലക്സ്, ബെൽറ്റോള-ബാസിസ്ത റോഡ്, ഡിസ്പൂർ, ഗുവാഹത്തി - 781 006

§ ലക്നോ, ഉത്തർപ്രദേശ് - ഉത്തർപ്രദേശ് മേഖല മുഴുവൻ ഉൾക്കൊള്ളുന്നു

വിലാസം: മൂന്നാം നില, ഉത്തർപ്രദേശ് സമാജ് കല്യാൺ നിർമ്മൻ നിഗം ബിൽഡിംഗ്, ടിസി -46 / V, വിഭുതി ഖണ്ട്, ഗോംതി നഗർ, ലഖ്നൗ- 226 010

§ ഹൈദരാബാദ്, തെലങ്കാന - ആന്ധ്ര പ്രദേശ്, തെലങ്കാന, ഒഡിഷ, ഛത്തീസ്ഗഡ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നീ മേഖലകൾ ഉൾക്കൊള്ളുന്നു

വിലാസം: ആറാം നില, ഈസ്റ്റ് ബ്ലോക്ക്, സ്വർണ്ണ ജയന്തി കോംപ്ലക്സ്, മാട്രിവനം അരികെ ,അമീർപേട്ട് ഹൈദരാബാദ് -500 038, തെലങ്കാന സംസ്ഥാനം

മേഖലാ കാര്യാലയങ്ങളുടെ സമ്പർക്ക വിശദാംശങ്ങൾ ലഭിക്കാൻ സ്കാൻ ചെയ്യുക: https://uidai.gov.in/contact-support/contact-directory/ regional-offices.html

**11 ആധാർ നിയമം 2016**

2016, മാർച്ച് 26ലെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ആധാർ നിയമം, 2016ലെ (സാമ്പത്തിക-സാമ്പത്തികേതര സബ്സിഡികൾ, ആനുകൂല്യങ്ങൾ, സേവനങ്ങൾ എന്നിവയുടെ ലക്ഷ്യം വച്ചുള്ള വിതരണം) വ്യവസ്ഥകൾക്കു വിധേയമായി നിയമാനുസൃതം സ്ഥാപിച്ച ഒരു അതോറിറ്റിയാണ് യുഐഡിഎഐ.

2016, ജൂലൈ 12ന് ആണ് യുഐഡിഎഐയെ അതോറിറ്റിയായി വിജ്ഞാപനം ചെയ്തത്. യുഐഡിഎഐയുടെ പ്രഥമ സിഇഒ ആയി ഡോ. എബി. പാണ്ഡെ 2016, ജൂലൈ 21ന് നിയമിക്കപ്പെട്ടു. അദ്ധ്യക്ഷനെയും അതോറിറ്റി അംഗങ്ങളെയും അതേവർഷം സെപ്റ്റംബർ 12ന് നിയമിക്കുകയുണ്ടായി. ആധാർ നിയമത്തിലെ 21-ാാം വകുപ്പ് ഒഴികെയുള്ള എല്ലാ വകുപ്പുകളും അതേ ദിവസം തന്നെ വിജ്ഞാപനം ചെയ്യുകയുണ്ടായി.

2016 സെപ്റ്റംബർ 14ന് ഇനിപ്പറയുന്ന നിയമങ്ങൾ വിജ്ഞാപപനം ചെയ്തു:

§ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (അതോറിറ്റിയുടെ യോഗങ്ങളിലെ പ്രവൃത്തി ഇടപാട്) നിയമങ്ങൾ, 2016 (2016ലെ ഒന്നാമത്തേത്)

§ ആധാർ (പേരുചേർക്കലും പരിഷ്ക്കരണവും) നിയമങ്ങൾ, 2016 (2016ലെ രണ്ടാമത്തേത്)

§ ആധാർ ((പ്രമാണീകരണം) നിയമങ്ങൾ (2016ലെ മൂന്നാമത്തേത്)

§ ആധാർ (വിവരസുരക്ഷ)നിയമങ്ങൾ (2016ലെ നാലാമത്തേത്)

§ ആധാർ (വിവരങ്ങൾ പങ്കിടൽ) നിയമങ്ങൾ (2016ലെ അഞ്ചാമത്തേത്)

ഭാരത സർക്കാരിന്റെ കീഴിലുള്ള ഇലക്ട്രോണിക്സ്-വിവരസാങ്കേതികവിദ്യാ കാര്യാലയത്തിനു കീഴിൽ ഒരു നിയമാനുസൃത അതോറിറ്റിയായി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ പ്രവർത്തിച്ചു വരുന്നു.

**11.1 യുഐഡിഎഐയുടെ ചുമതലകൾ**

2016ലെ ആധാർ നിയമ പ്രകാരം ആധാറിൽ പേരുചേർക്കൽ, പ്രമാണീകരണം തുടങ്ങിയവയുടെ ചുമതല യുഐഡിഎഐക്കാണ്.

ചുമതലകളിൽ ഇനിപ്പറയുന്നവയും ഉൾപ്പെടുന്നു:

§ ആധാർ ജീവിത ചക്രത്തിലെ എല്ലാ ഘട്ടത്തിലുമുള്ള പ്രവർത്തനവും നിർവഹണവും

§ നയരൂപീകരണം

§ വ്യക്തികൾക്ക് ആധാർ നമ്പറുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങളും സംവിധാനവും

§ പ്രമാണീകരണ നിർവഹണം

**12 ആധാർ (പേരുചേർക്കലും പരിഷ്ക്കരണവും) നിയമങ്ങൾ, 2016**

2016ലെ ആധാർ (പേരുചേർക്കലും പരിഷ്ക്കരണവും) നിയമങ്ങളാണ് താങ്കളുടെ പേരുചേർക്കലിനെയും പരിഷ്ക്കരണത്തെയും നിയന്ത്രിക്കുന്നത്. താങ്കൾക്കു നേരിട്ടു പ്രാധാന്യമുള്ള നിയമങ്ങൾ താങ്കളുടെ അറിവിലേക്കായി താഴെ പുനരാവിഷ്ക്കരിക്കുന്നു:

**12.1 അദ്ധ്യായം II – സ്ഥിരവാസിയുടെ പേരുചേർക്കൽ പ്രക്രിയ**

**3. പേരുചേർക്കലിന് ആവശ്യമായ ബയോമെട്രിക്ക് വിവരങ്ങൾ -**

(1) പേരുചേർക്കൽ പ്രക്രിയയ്ക്കു വിധേയരാകുന്ന എല്ലാ വ്യക്തികളിൽ നിന്നും (അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികൾ ഒഴികെ) താഴെപ്പറയുന്ന ബയോമെട്രിക്ക് വിവരങ്ങൾ ശേഖരിക്കേണ്ടതാണ്:

i) മുഖത്തിന്റെ ചിത്രം

ii) പത്തുവിരലുകളുടെയും അടയാളങ്ങൾ

iii) രണ്ടു മിഴിപടലങ്ങളുടെയും സ്കാനുകൾ

(2) ബയോമെട്രിക്ക് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, ഈ ഉദ്ദേശ്യത്തിനായി അതോറിറ്റി നിർദേശിച്ചതു പോലെയായിരിക്കും.

**4. പേരുചേർക്കലിന് ആവശ്യമായ ഡെമോഗ്രഫിക്ക് വിവരങ്ങൾ -**

**1.. പേരുചേർക്കൽ പ്രക്രിയയ്ക്കു വിധേയരാകുന്ന എല്ലാ വ്യക്തികളിൽ നിന്നും താഴെപ്പറയുന്ന ഡെമോഗ്രഫിക്ക് വിവരങ്ങൾ ശേഖരിക്കേണ്ടതാണ്:**

i) പേര്

ii) ജനനത്തീയതി

iii) ലിംഗം

iv) വാസസ്ഥല മേൽവിലാസം

**2) പേരുചേർക്കൽ പ്രക്രിയയ്ക്കു വിധേയനാകുന്ന വ്യക്തിയുടെ ഇച്ഛാനുസരണം, പേരുചേർക്കൽ വേളയിൽ ഇനിപ്പറയുന്ന ഡെമോഗ്രഫിക്ക് വിവരങ്ങൾ കൂടി അധികമായി ശേഖരിക്കാവുന്നതാണ്:**

i) മൊബൈൽ നമ്പർ

ii) ഇമെയിൽ വിലാസം

**3. അവതാരകനിൽ/അവതാരകയിൽ അധിഷ്ഠിതമായ പേരു ചേർക്കൽ ആണെങ്കിൽ ഇനിപ്പറയുന്ന അധിക വിവരം ശേഖരിക്കേണ്ടതാണ്:**

i) അവതാരകന്റെ പേര്

ii) അവതാരകന്റെ ആധാർ നമ്പർ

**4. കുടുംബനാഥനിൽ/നാഥയിൽ അധിഷ്ഠിതമായ പേരുചേർക്കലാണെങ്കിൽ ഇനിപ്പറയുന്ന അധിക വിവരങ്ങൾ ശേഖരിക്കേണ്ടതാണ്:**

i) കുടുംബനാഥന്റെ/നാഥയുടെ പേര്

ii) ബന്ധം

iii) കുടുംബനാഥന്റെ/നാഥയുടെ ആധാർ നമ്പർ

iv)കുടുംബനാഥന്റെ/നാഥയുടെ ബയോമെട്രിക്ക് വിവരങ്ങളുടെ നടപടിക്രമം

5. മേൽപ്പറഞ്ഞ ഡെമോഗ്രഫിക്ക് വിവരങ്ങളുടെ മാനദണ്ഡങ്ങൾ ഇതേ ഉദ്ദേശ്യത്തിനായി അതോറിറ്റി നിർദേശിച്ചതു പോലെയായിരിക്കും.

6. വർഗം, ജാതി, ഗോത്രം, വംശീയത, ഭാഷ, അർഹതാരേഖ, സ്ഥിരവാസിയുടെ ആദായം അല്ലെങ്കിൽ ചികിത്സാപരമായ ചരിത്രം എന്നിവ സ്ഥിരവാസിയുടെ ഡെമോഗ്രഫിക്ക് വിവരങ്ങളിൽ ഉൾപ്പെടാൻ പാടില്ല.

**5. അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ പേരു ചേർക്കുന്നതിന് ആവശ്യമായ വിവരങ്ങൾ** -

(1) അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ കാര്യത്തിൽ, താഴെപ്പറയുന്ന ഡെമോഗ്രഫിക്കും ബയോമെട്രിക്കുമായ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്:

(എ) പേര്

(ബി) ജനനത്തീയതി

(സി) ലിംഗം

(ഡി) മാതാപിതാക്കളിലൊരാളുടെ അല്ലെങ്കിൽ രക്ഷാകർത്താവിന്റെ എൻറോൾമെന്റ് ഐഡി അല്ലെങ്കിൽ ആധാർ നമ്പർ. മാതാപിതാക്കൾ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ മാതാവിന്റേതിനു മുൻഗണന. പ്രസ്തുത മാതാവിന്റെ/പിതാവിന്റെ/രക്ഷാകർത്താവിന്റെ ആധാർ നമ്പറോ എൻ റോൾമെന്റ് ഐഡിയോ നിർബന്ധിതമാണ്. ബന്ധുത്വത്തിന്റെ ഒരു മണ്ഡലവും രേഖപ്പെടുത്തുന്നതാണ്.

(ഇ) ഈ കുട്ടിയുടെ മേൽവിലാസവും ബന്ധിക്കപ്പെട്ട (ലിങ്ക്) മാതാവിന്റെ/പിതാവിന്റെ/രക്ഷാകർത്താവിന്റെ മേൽവിലാസവും ഒന്നുതന്നെയായിരിക്കണം.

(എഫ്) കുട്ടിയുടെ മുഖത്തിന്റെ ചിത്രം രേഖപ്പെടുത്തുന്നതാണ്. മാതാപിതാക്കളിലൊരാളുടെ/രക്ഷാകർത്താവിന്റെ ബയോമെട്രിക്ക് വിവരങ്ങൾ രേഖപ്പെടുത്തുകയോ പേരുചേർക്കുന്ന വേളയിൽ പ്രമാണീകരിക്കുകയോ ചെയ്യുന്നതാണ്.

1. കുട്ടിയുമായി ബന്ധിക്കപ്പെട്ട മാതാപിതാക്കളിലൊരാളും/രക്ഷാകർത്താവും കുട്ടിയും തമ്മിലുള്ള ബന്ധം സ്ഥാപിക്കാനായി പട്ടിക IIൽ ഉൾപ്പെടുത്തിയിട്ടുള്ള ബന്ധുത്വത്തെളിവു രേഖ, പേരുചേർക്കുന്ന വേളയിൽ ശേഖരിക്കേണ്ടതാണ്. ബന്ധുത്വ രേഖയിൽ പേരു രേഖപ്പെടുത്തിയിട്ടുള്ള കുട്ടികൾക്ക് അതിന്റെ അടിസ്ഥാനത്തിൽ പേരു ചേർക്കാവുന്നതാണ്.

**6.. ബയോമെട്രിക്ക് അസാധാരണത്വങ്ങളുള്ള സ്ഥിരവാസികളുടെ പേരുചേർക്കൽ** -

1. മുറിവ്, വൈകല്യങ്ങൾ, വിരലുകൾ/കൈകൾ നീക്കം ചെയ്യൽ എന്നീ കാരണങ്ങളാലോ, പ്രസക്തമായ മറ്റേതെങ്കിലും കാരണത്താലോ തങ്ങളുടെ വിരലടയാളങ്ങൾ നൽകുവാൻ സ്ഥിരവാസികൾക്കു കഴിയുന്നില്ലെങ്കിൽ, അവരുടെ മിഴിപടല സ്കാനുകൾ മാത്രമേ ശേഖരിക്കുകയുള്ളൂ.

2. ഈ നിയമങ്ങൾ മുഖേന വിഭാവനം ചെയ്ത ഏതെങ്കിലും ബയോമെട്രിക്ക് വിവരങ്ങൾ നൽകാൻ സ്ഥിരവാസിക്കു കഴിയില്ലെങ്കിൽ പേരുചേർക്കലിനും പരിഷ്ക്കരിക്കലിനുമുള്ള സോഫ്റ്റ്വെയറിൽ ഇത്തരം അസാധാരണത്വം കൈകാര്യം ചെയ്യുന്നതിന് അതോറിറ്റി വ്യവസ്ഥ ചെയ്യുന്നതാണ്. ഈ

ഉദ്ദേശ്യത്തിനായി അതോറിറ്റി നിർദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരം ഇത്തരം പേരുചേർക്കൽ നടത്തേണ്ടതാണ്.

**12.2 അദ്ധ്യായം IV – സ്ഥിരവാസിയെ സംബന്ധിച്ച വിവര പരിഷ്ക്കരണം**

**16. തിരിച്ചറിയൽ-വിവര പരിഷ്ക്കരണത്തിനുള്ള അപേക്ഷ**

നിയമത്തിലെ 31-ാം വകുപ്പിനു കീഴിൽ പറഞ്ഞിരിക്കുന്ന സന്ദർഭങ്ങളിൽ, ഈ അദ്ധ്യായത്തിൽ നിർദേശിച്ചിട്ടുള്ള പരിഷ്ക്കരണ നടപടിക്രമങ്ങൾക്ക് അനുസൃതമായി ആധാർ ഉടമയ്ക്ക് തന്റെ ഡെമോഗ്രഫിക്ക്/ബയോമെട്രിക്ക് വിവരങ്ങളിൽ മാറ്റം ആവശ്യപ്പെടാവുന്നതാണ്.

**17. കുട്ടികൾക്കുള്ള നിർബന്ധിത പരിഷ്ക്കരണം**

അതോറിറ്റി നിർദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരം, 5 വയസ്സും 15 വയസ്സും പൂർത്തിയായ കുട്ടികളുടെ ബയോമെട്രിക്ക് വിവരങ്ങൾ പരിഷ് ക്കരിക്കണമെന്ന് അതോറിറ്റി ആവശ്യപ്പെടേണ്ടതാണ്.

**19. സ്ഥിരവാസികളുടെ വിവരങ്ങളുടെ പരിഷ്ക്കരണ രീതി -**

കേന്ദ്ര തിരിച്ചറിയൽ വിവര സംഭരണിയിലുള്ള, സ്ഥിരവാസികളുടെ വിവരങ്ങൾ പരിഷ്ക്കരിക്കുന്ന പ്രക്രിയ താഴെപ്പറയുന്ന രീതികളിൽ നടത്താവുന്നതാണ്:

(എ) ഓപ്പറേറ്ററുടെയും സൂപ്പർവൈസറുടെയും അല്ലെങ്കിൽ ഇവരിലൊരാളുടെ സഹായത്തോടെ ഏതെങ്കിലും പേരുചേർക്കൽ കേന്ദ്രത്തിൽ വച്ച്. സ്ഥിരവാസിയെ ബയോമെട്രിക്കലായി പ്രമാണീകരിക്കുന്നതും പരിഷ് ക്കരിക്കാനുള്ള തിരിച്ചറിയൽ വിവരങ്ങൾക്കൊപ്പം ആധാർ നമ്പറും നൽകണമെന്ന് അയാളോട് ആവശ്യപ്പെടേണ്ടതുമാണ്.

(ബി) ഓൺലൈൻ രീതി: ആധാർ നമ്പറും രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറും നൽകുമ്പോൾ നിർദിഷ്ട പോർട്ടലിലൂടെ ഓൺലൈനായി ഡെമോഗ്രഫിക്ക് വിവരങ്ങൾ പരിഷ്ക്കരിക്കാവുന്നതാണ്. രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയയ്ക്കുന്ന ഒറ്റത്തവണ പാസ്‌വേഡ് മുഖേന പ്രമാണീകരണം നടത്തുന്നതാണ്.

പരിഷ്ക്കരണനില അറിയാനായി ഒരു പരിഷ്ക്കരണ ഐഡി സ്ഥിരവാസിക്കു നൽകുന്നതും ഈ ഉദ്ദേശ്യത്തിനായി അതോറിറ്റി നിർദേശിച്ചിട്ടുള്ള നടപടിക്രമ പ്രകാരം പുതുക്കിയ ആധാർ കത്ത് നേരിട്ടോ ഇലക്ട്രോണിക്ക് രൂപത്തിലോ സ്ഥിരവാസിക്ക് നൽകുന്നതുമാണ്. പരിഷ്ക്കരണത്തിനുള്ള നടപടിക്രമങ്ങൾ, മാതൃകകൾക്കൊപ്പം പാലിക്കേണ്ട മാനദണ്ഡങ്ങളും മാർഗനിർദേശങ്ങളും, ടെംപ്ലേറ്റുകൾ, പരിഷ്ക്കരണം നടത്തുന്നതിന് ഉപയോഗിക്കേണ്ട ഒത്തുനോക്കൽ

പട്ടിക എന്നിവയൊക്കെ ഈ ഉദ്ദേശ്യത്തിനായി അതോറിറ്റി നിർദേശിച്ചിട്ടുള്ള പ്രകാരമായിരിക്കും.

**20. സേവന നികുതി -**

ഡെമോഗ്രഫിക്കും ബയോമെട്രിക്കുമായ വിവരങ്ങൾ പരിഷ്ക്കരിക്കുന്നതിന് അതോറിറ്റി നിർദേശിച്ചതിൽ കവിയാത്ത ഒരുതുക സേവന നികുതിയായി സ്ഥിരവാസികളിൽ നിന്ന് ഈടാക്കാൻ അതോറിറ്റിക്ക് രജിസ്ട്രാർമാരെ അധികാരപ്പെടുത്താവുന്നതാണ്.

**12.3 അദ്ധ്യായം VI - ആധാർ നമ്പറിന്റെയും തിരിച്ചറിയൽ വിവരങ്ങളുടെയും ഒഴിവാക്കൽ അല്ലെങ്കിൽ നിഷ്ക്രിയമാക്കൽ**

**27. ആധാർ നമ്പർ ഒഴിവാക്കേണ്ടത് ആവശ്യമായ സന്ദർഭങ്ങൾ -**

(1) ഒരു ആധാർ നമ്പർ ഉടമയുടെ ആധാർ നമ്പർ റദ്ദ് ചെയ്യുന്നത് ഇനിപ്പറയുന്ന സാഹചര്യങ്ങളിലാണ്:

(എ) ഒരേ വ്യക്തിക്ക് ഒന്നിലേറെ ആധാർ നമ്പറുകൾ നൽകിയതായി തെളിഞ്ഞാൽ, ആദ്യം പേരുചേർക്കലിനു ലഭിച്ച നമ്പർ നിലനിർത്തി, ബാക്കിയുള്ള നമ്പറുകൾ റദ്ദുചെയ്യുന്നതാണ്.

(ബി) നിർദേശിക്കപ്പെട്ട മാർഗനിർദേശങ്ങൾ ലംഘിച്ച് ആധാർ നമ്പർ നിർമിച്ചാൽ -

(i) പ്രധാന ബയോമെട്രിക്ക് വിവരങ്ങൾ ലഭ്യമല്ലാത്ത 'ഫോട്ടോയ്ക്കു മേൽ ഫോട്ടോ' എന്ന അവസ്ഥയാണിത്. പേരുചേർക്കൽ കേന്ദ്രത്തിൽ പുതിയ ഫോട്ടോ എടുക്കുന്നതിനു പകരം, നിലവിലുള്ള ഫോട്ടോ പേരുചേർക്കലിന് ഉപയോഗിക്കുകയും പ്രധാന ബയോമെട്രിക്ക് വിവരങ്ങൾ പേരുചേർക്കൽ വേളയിൽ രേഖപ്പെടുത്താതെയിരിക്കുകയും ചെയ്താൽ സ്ഥിരവാസിയുടെ ആധാർ നമ്പർ റദ്ദാക്കപ്പെടുന്നതാണ്.

(ii) 'വ്യാജ ബയോമെട്രിക്ക് അസാധാരണത്വ സന്ദർഭങ്ങൾ': വ്യാജ ബയോമെട്രിക്ക് അസാധാരണത്വമെന്ന പേരിൽ തെറ്റായി പേരു ചേർത്താൽ, ആധാർ നമ്പർ റദ്ദാക്കുന്നതാണ്.

(iii) ബയോമെട്രിക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്നത് ഒഴിവാക്കാനായി 5 വയസ്സിൽ താഴെയുള്ള കുട്ടിയെന്ന വ്യാജേന മുതിർന്ന ഒരാൾ പേരുചേർത്താൽ, ആധാർ നമ്പർ റദ്ദാക്കുന്നതാണ്.

(iv) പേരു ചേർത്തതിൽ കൃത്രിമമുണ്ടെന്ന് അതോറിറ്റിക്കു തോന്നിയതിന്റെ ഫലമായുണ്ടായ റദ്ദാക്കൽ ആവശ്യമായ മറ്റേതെങ്കിലും സംഭവം.

(2) റദ്ദാക്കിയാൽ, ആധാർ ഉടമയ്ക്ക് അതോറിറ്റി നൽകിയിരുന്ന സേവനങ്ങൾ എന്നെന്നേക്കുമായി ഇല്ലാതാകും.

**28. ആധാർ നമ്പർ നിഷ്ക്രിയമാക്കൽ ആവശ്യമായ സാഹചര്യങ്ങൾ -**

1. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഒരു ആധാർ ഉടമയുടെ ആധാർ നമ്പർ നിഷ്ക്രിയമാകുന്നതാണ്:

(എ) ഫോട്ടോയ്ക്കു മേൽ ഫോട്ടോയും പ്രധാന ബയോമെട്രിക്ക് വിവരങ്ങളും ലഭ്യമാണ്: പേരു ചേർക്കുന്ന കേന്ദ്രത്തിൽ പുതിയ ഫോട്ടോ എടുക്കുന്നതിനു പകരം നിലവിലുള്ള ഫോട്ടോ ഉപയോഗിക്കുകയും സ്ഥിരവാസിയുടെ പ്രധാന ബയോമെട്രിക്ക് വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എങ്കിൽ ആധാർ നമ്പർ നിഷ്ക്രിയമാക്കുന്നതും സ്ഥിരവാസിയോട് തന്റെ ഫോട്ടോ പരിഷ്കരിക്കാൻ ആവശ്യപ്പെടുന്നതുമാണ്. ഫോട്ടോ പുതുക്കിയ ശേഷം അയാളുടെ ആധാർ നമ്പർ വീണ്ടും സക്രിയമാക്കുന്നതാണ്.

(ബി) വ്യാജ ഭാഗിക ബയോമെട്രിക്ക് അസാധാരണത്വ സന്ദർഭങ്ങൾ:

ബയോമെട്രിക്ക് വിവരങ്ങൾക്ക് രൂപം നൽകുന്ന ചില സവിശേഷതകൾ നൽകാനുള്ള അവസ്ഥയിലാണ് സ്ഥിരവാസിയെങ്കിലും അവ രേഖപ്പെടുത്തിയിട്ടില്ല എങ്കിൽ ആധാർ നമ്പർ നിഷ്ക്രിയമാകുന്നതാണ്.

(സി) സാധുതയുള്ള ഉപോദ്ബലക രേഖകൾ ഇല്ലാതെയാണ് പേരു ചേർത്തതെന്ന് പിന്നീടു കണ്ടെത്തിയാൽ സാധുവായ ഉപോദ്ബലക രേഖകൾ ഹാജരാക്കിയ ശേഷം ആധാർ നമ്പർ പരിഷ്ക്കരിക്കുന്നതുവരെ അതു നിഷ്ക്രിയമായിരിക്കും.

(ഡി) രേഖപ്പെടുത്തിയ വിവരങ്ങളിൽ നിലവാരമില്ലാത്ത വിവരങ്ങളായതിനാൽ (ഇടകലർന്നത്/അസാധാരണമായ ബയോമെട്രിക്ക് വിവരങ്ങൾ, സ്ഥിരവാസിയുടെ ഡെമോഗ്രഫിക്ക് വിവരങ്ങളിൽ മര്യാദകെട്ട/ശാപവാക്കുകൾ, സഭ്യേതര ഭാഷ, യുആർഎഫ് അല്ലെങ്കിൽ ഉപനാമം ഉപയോഗിക്കുന്ന ഒറ്റപ്പേരിൽ ഒന്നിലേറെപ്പേരുകൾ) പരിഷ്ക്കരണം ആവശ്യമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ആധാർ ഉടമ ആധാർ നമ്പർ പരിഷ്ക്കരിക്കുന്നതു വരെ അതു നിഷ്ക്രിയമായിരിക്കും.

(ഇ) അഞ്ചുവയസ്സോ 15 വയസ്സോ പൂർത്തീകരിച്ച ഒരു കുട്ടി ആ പ്രായം ആയി 2 വർഷത്തിനകം തന്റെ ബയോമെട്രിക്ക് വിവരങ്ങൾ പരിഷ്ക്കരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആ കുട്ടിയുടെ ആധാർ നമ്പർ നിഷ്ക്രിയമാക്കുന്നതാണ്. നിഷ്ക്രിയമാക്കി ഒരു വർഷത്തിനുശേഷം പരിഷ്ക്കരണം നടത്തിയില്ലെങ്കിൽ ആധാർ നമ്പർ ഒഴിവാക്കുന്നതായിരിക്കും.

(എഫ്) അതോറിറ്റി ഉചിതമെന്നു കരുതുന്ന, നിഷ്ക്രിയമാക്കൽ ആവശ്യമായ മറ്റേതെങ്കിലും സംഭവം.

2. നിഷ്ക്രിയമാക്കപ്പെടുമ്പോൾ ആധാർ നമ്പർ ഉടമയ്ക്ക് നൽകി വന്നിരുന്ന സേവനങ്ങൾ, ആധാർ നമ്പർ ഉടമ വിവരങ്ങൾ പുതുക്കുകയോ പരിഹരിക്കുകയോ ചെയ്യുന്നതു വരെ, താൽക്കാലികമായി നിർത്തിവയ്ക്കുന്നതാണ.്

**29. ഒഴിവാക്കലും നിഷ്ക്രിയമാക്കലും ആവശ്യമായ സന്ദർഭങ്ങളിലെ അന്വേഷണം -**

1. ഒഴിവാക്കലും നിഷ്ക്രിയമാക്കലും ആവശ്യമായതും സാദ്ധ്യതയുള്ളത് എന്ന് അറിയിച്ചതോ കണ്ടെത്തിയതോ ആയ ഏതെങ്കിലും സംഭവത്തിന് ആവശ്യമായ ഫീൽഡ്തല അന്വേഷണത്തിൽ, ഒഴിവാക്കാനോ നിഷ് ക്രിയമാക്കാനോ ആവശ്യപ്പെട്ടിട്ടുള്ള ആധാർ നമ്പർ ഉടമകളുടെ വാദം കേൾക്കൽ ഉൾപ്പെടുത്താവുന്നതാണ്.

2. ഈ ഉദ്ദേശ്യത്തിനായി അതോറിറ്റി നിർദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരം, അതോറിറ്റി നാമനിർദേശം ചെയ്ത ഒരു ഏജൻസി പരിശോധിക്കുന്നതും/അന്വേഷിക്കുന്നതും അതോറിറ്റിക്കു റിപ്പോർട്ട് സമർപ്പിക്കുന്നതുമാണ്.

3. റിപ്പോർട്ട് ലഭിച്ചാൽ, അതോറിറ്റി ആവശ്യമായ നടപടി ആരംഭിക്കുന്നതാണ്. ഒരു ആധാർ നമ്പർ ഒഴിവാക്കണോ നിഷ്ക്രിയമാക്കണോ എന്നതു സംബന്ധിച്ച തീരുമാനം അതോറിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

**30. ആധാർ നമ്പർ ഉടമയുമായുള്ള ആശയവിനിമയം** -

1. ഒരാളുടെ ആധാർ നമ്പർ ഒഴിവാക്കിയതും അല്ലെങ്കിൽ നിഷ് ക്രിയമാക്കിയതും അതിന്റെ കാരണങ്ങളും എസ്എംഎസ്, രജിസ്റ്റർ ചെയ്ത ഇമെയിൽ ഐഡി, ഫോൺ, കത്ത് അല്ലെങ്കിൽ അതോറിറ്റി ഉചിതമെന്നു കരുതുന്ന മറ്റു മാർഗങ്ങൾ മുഖേന ആധാർ നമ്പർ ഉടമയെ അറിയിക്കേണ്ടതാണ്.

2. ഒഴിവാക്കൽ അല്ലെങ്കിൽ നിഷ്ക്രിയമാക്കൽ സംബന്ധിച്ച് ആധാർ നമ്പർ ഉടമയ്ക്ക് പരാതിയുണ്ടെങ്കിൽ അത് അതോറിറ്റി സജ്ജമാക്കിയ പരാതി പരിഹാര സംവിധാനം മുഖേന കൈകാര്യം ചെയ്യേണ്ടതാണ്.

**31. തിരുത്തൽ നടപടി -**

1. ഒന്നിലേറെ ആധാർ നമ്പറുകൾ നൽകി എന്നതൊഴികെയുള്ള കാരണങ്ങളാൽ ആധാർ ആധാർ നമ്പർ ഒഴിവാക്കിയതാണെങ്കിൽ സ്ഥിരവാസികൾ വീണ്ടും പേരുചേർക്കേണ്ടതാണ്.

2. നിഷ്ക്രിയമാക്കപ്പെട്ടതാണെങ്കിൽ, അതോറിറ്റി നിർദേശിച്ചിട്ടുള്ള മാർഗനിർദേശങ്ങളോ നയങ്ങളോ പ്രകാരം സ്ഥിരവാസി തന്റെ തിരിച്ചറിയൽ

വിവരങ്ങൾ, ആവശ്യാനുസരണം, ഭാഗികമോ പൂർണമോ ആയ രീതിയിൽ പരിഷ്ക്കരിക്കേണ്ടതാണ്.

**13. അനുബന്ധം**

**13.1 അനുബന്ധം I - സാധുതയുള്ള ഉപോദ്ബലക രേഖകളുടെ പട്ടിക**

**13.2 അനുബന്ധം II - ആധാറിൽ പേരുചേർക്കാനുള്ള/വിവര പരിഷ് ക്കരണത്തിനുള്ള സാക്ഷ്യപത്ര മാതൃക**

**13.3 അനുബന്ധം III- പേരുചേർക്കലിനുള്ള പത്രിക**

**13.4 ആധാർ വ്യക്തിഗത ബോധന വിഡിയോകൾ**

**13.5 ഓൺലൈനായുള്ള ആധാർ സേവനങ്ങൾ**

**13.6 ആധാർ സാമൂഹിക മാദ്ധ്യമങ്ങളിൽ**

അഭിപ്രായങ്ങൾക്ക്/പ്രതികരണങ്ങൾക്ക് ഞങ്ങൾക്ക് എഴുതുക:

resident.handbook@uidai.net.in

19.. ബദ്മാഷ കാർഡ് / രാജസ്ഥാൻ സർക്കാർ നൽകിയ ജൻ -ആധാർ കാർഡ്.

11 ബദ്മാഷ കാർഡ് / രാജസ്ഥാൻ സർക്കാർ നൽകിയ ജൻ -ആധാർ കാർഡ്.

## 13.5 Aadhaar Tutorial Videos

ആധാർ പരിശോധിക്കുക

സ്കാൻ

ആധാർ ഡൗൺലോഡ് ചെയ്യുക

സ്കാൻ

ആധാർ എൻറോൾമെന്റ് കേന്ദ്രം കണ്ടെത്തുക

സ്കാൻ

വിലാസം ഓൺലൈനായി അപ്ഡേറ്റുചെയ്യുക

സ്കാൻ

പ്രമാണങ്ങൾ കൂടാതെ വിലാസം അപ്ഡേറ്റുചെയ്യുക

സ്കാൻ

നിങ്ങളുടെ ഓൺലൈൻ അപ്ഡേറ്റ് അഭ്യർത്ഥനയുടെ നില പരിശോധിക്കുക

സ്കാൻ

ആധാർ വീണ്ടും അച്ചടിക്കാൻ ഓർഡർ ചെയ്യുക

സ്കാൻ

നിങ്ങളുടെ ആധാർ അപ്ഡേറ്റ് ചരിത്രം പരിശോധിക്കുക

സ്കാൻ

നിങ്ങളുടെ ആധാർ പ്രാമാണീകരണ ചരിത്രം പരിശോധിക്കുക

സ്കാൻ

നിങ്ങളുടെ നഷ്ടപ്പെട്ട ആധാർ നമ്പർ അല്ലെങ്കിൽ എൻറോൾമെന്റ് ഐഡി തിരികെ നേടുക

സ്കാൻ

ബയോമെട്രിക്സ് ലോക്ക് / അൺലോക്ക് ചെയ്യുക

സ്കാൻ

ആധാർ ലോക്ക് / അൺലോക്ക് ചെയ്യുക

സ്കാൻ

വിഐഡി സൃഷ്ടിക്കുക / വീണ്ടെടുക്കുക

സ്കാൻ

ഡിജിറ്റൽ സിഗ്നേച്ചർ പരിശോധിക്കുക

സ്കാൻ

എന്താണ് ഇ ഐ ഡി

സ്കാൻ

സുരക്ഷിത QR കോഡ്

സ്കാൻ

ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗ്

സ്കാൻ

എം ആധാർ  അപ്ലിക്കേഷൻ

സ്കാൻ

ആധാർ ചാറ്റ്ബോട്ട്

സ്കാൻ

## 13.6 Aadhaar Online Services

എൻറോൾമെന്റ് സെന്റർ കണ്ടെത്തുക

സ്കാൻ

ഒരു കൂടിക്കാഴ്ച ബുക്ക് ചെയ്യുക

സ്കാൻ

ആധാർ നില പരിശോധിക്കുക

സ്കാൻ

ആധാർ ഡൗൺലോഡ് ചെയ്യുക

സ്കാൻ

നഷ്ടപ്പെട്ട / മറന്നവ വീണ്ടെടുക്കുക

യുഐഡി / ഇഐഡി

സ്കാൻ

ആധാർ വീണ്ടും അച്ചടിക്കാൻ ഓർഡർ ചെയ്യുക

സ്കാൻ

റീപ്രിന്റ് നില പരിശോധിക്കുക

സ്കാൻ

വിലാസം ഓൺലൈനായി അപ്ഡേറ്റുചെയ്യുക

സ്കാൻ

മൂല്യനിർണ്ണയ കത്തിനായുള്ള അഭ്യർത്ഥന

സ്കാൻ

ആധാർ അപ്ഡേറ്റ് ചരിത്രം

സ്കാൻ

ഒരു ആധാർ പരിശോധിക്കുക

സ്കാൻ

ഇമെയിൽ / മൊബൈൽ നമ്പർ പരിശോധിക്കുക

സ്കാൻ

വെർച്വൽ ഐഡി (വിഐഡി) ജനറേറ്റർ

സ്കാൻ

ആധാർ പ്രാമാണീകരണ ചരിത്രം

സ്കാൻ

ആധാർ ബാങ്ക് ലിങ്കിംഗ് നില

സ്കാൻ

ആധാർ ബാങ്ക് ലിങ്കിംഗ് നില

സ്കാൻ

ബയോമെട്രിക് ലോക്ക് / അൺലോക്ക്

സ്കാൻ

ആധാർ ലോക്ക് / അൺലോക്ക്

സ്കാൻ

ഓഫ്‌ലൈൻ ഇ കെ വൈ സി സേവനം

സ്കാൻ

ആൻഡ്രോയ്ഡ് എം ആധാർ ഡൗൺലോഡുചെയ്യാൻ

സ്കാൻ

ഐ ഒ എസ് എം ആധാർ ഡൗൺലോഡുചെയ്യാൻ

സ്കാൻ

## 13.7 Aadhaar on Social Media

@ Aadhaar_Care പിന്തുടരുക

ഔദ്യോഗിക ആധാർ കെയർ കസ്റ്റമർ ഹാൻഡിൽ

സ്കാൻ

@UIDAI പിന്തുടരുക

ആധാറുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും / അറിയിപ്പുകളും നേടുക

സ്കാൻ

@Ceo_uidai പിന്തുടരുക

യുഐഡിഐഐ സിഇഒയുടെ ഔദ്യോഗിക പ്രൊഫൈൽ

സ്കാൻ

@AadhaarOfficial പിന്തുടരുക

നിർദ്ദിഷ്ട ചോദ്യങ്ങൾക്കായി, അവർക്ക് സ്വകാര്യ സന്ദേശം അല്ലെങ്കിൽ അഭിപ്രായം ഞങ്ങൾക്ക് അയയ്ക്കാൻ കഴിയും

സ്കാൻ

@AadhaarUID പിന്തുടരുക

ആധാറുമായി ബന്ധപ്പെട്ട ട്യൂട്ടോറിയൽ വീഡിയോകൾക്കായി, ഞങ്ങളുടെ എല്ലാ ടിവി പരസ്യങ്ങളും പ്രത്യേക സന്ദേശങ്ങളും വാർത്താ റിപ്പോർട്ടുകളും മത്സര വീഡിയോകളും

സ്കാൻ

@Aadhaar_official പിന്തുടരുക

ഏതെങ്കിലും നിർദ്ദിഷ്ട ചോദ്യങ്ങൾക്ക്, അവർക്ക് ഞങ്ങൾക്ക് ഒരു നേരിട്ടുള്ള സന്ദേശം അയയ്ക്കാൻ കഴിയും, ഞങ്ങളുടെ ടീം സഹായിക്കും

സ്കാൻ

യൂണിക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ പിന്തുടരുക

(യുഐഡിഎ ഐ പേജ്)

ഈ പ്രൊഫൈലിൽ ഞങ്ങൾ ആധാറുമായി ബന്ധപ്പെട്ട വിവരങ്ങളും വാർത്തകളും പങ്കിടുന്നു

സ്കാൻ

ആധാർ ചാറ്റ് പിന്തുണ

ചോദ്യങ്ങൾക്ക് ആധാർ ചാറ്റ്ബോട്ട് ഉത്തരം നൽകി

സ്കാൻ

@UIDAIDelhi പിന്തുടരുക

മധ്യപ്രദേശ്, രാജസ്ഥാൻ അല്ലെങ്കിൽ

ഉത്തരാഖണ്ഡ്,ന്യൂഡൽഹിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക്,

സ്കാൻ

@UIDAIMumbai പിന്തുടരുക

മഹാരാഷ്ട്ര ,ഗുജറാത്ത്, ഗോവ, ദാമൻ & ഡിയു, ദാദ്ര

& നഗർ ഹവേലിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക്,

സ്കാൻ

@UIDAIBengaluru പിന്തുടരുക

കർണാടക, കേരളം, തമിഴ്നാട്, പുതുച്ചേരി ,.

ലക്ഷദ്വീപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക്,

സ്കാൻ

@UIDAI ഹൈദരാബാദ് പിന്തുടരുക

ആന്ധ്ര,തെലങ്കാന, ഒഡീഷ, ഛത്തീസ്ഗർഹ് ,.

ആൻഡമാൻ നിക്കോബാർ ദ്വീപുകൾയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക്,

സ്കാൻ

@ UIDAIRanchi പിന്തുടരുക

ജാർഖണ്ഡ് ,ബീഹാർ & പശ്ചിമ ബംഗാളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക്,

സ്കാൻ

@UIDAILucknow പിന്തുടരുക

ഉത്തർപ്രദേശുയി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക്

സ്കാൻ

@UIDAIGuwahati പിന്തുടരുക

ആസാം,മേഘാലയ, നാഗാലാൻഡ്, മണിപ്പൂർ,

മിസോറം, അരുണാചൽ പ്രദേശ്, ത്രിപുര

& സിക്കിമുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക്,

സ്കാൻ

@UIDAIChandigarh പിന്തുടരുക

ചണ്ഡിഗർഹ്, ജമ്മു കശ്മീർ ലഡാക്ക്, ഹരിയാന, എച്ച്പി & പഞ്ചാബുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക്

സ്കാൻ

ഏതെങ്കിലും അഭിപ്രായങ്ങൾക്ക് / ഫീഡ്ബാക്കിന്,

ഇവിടെ ഞങ്ങൾക്ക് എഴുതുക: residence.handbook@uidai.net.in

ഈ പുസ്തകത്തിന്റെ സോഫ്റ്റ് കോപ്പി ലഭിക്കാൻ:

സ്കാൻ

ആധാർ

യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ

ബംഗ്ലാ സാഹിബ് റോഡ്, കാളി മന്ദിറിന് പിന്നിൽ, ഗോൾ മാർക്കറ്റ്, ന്യൂഡൽഹി - 110001

www.uidai.gov.in